# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 നവംബർ, വോള്യം: 11 ലക്കം: 3

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 ഗവർണർ നാല്പത്തിഏഴിന് മുമ്പുള്ള **നീലാണ്ടൻ മുതലാളിയാകരുത്** ആനത്തലവട്ടം ആനന്ദൻ

10 സിഐടിയു 17-ാം അഖിലേന്ത്യാ സമ്മേളനം

13 കോടതിവിധിയും പെൻഷനും - എ.കെ. പത്മനാഭൻ

15 അരക്ഷിത തൊഴിൽ കമ്പോളം: മൂലധന ശക്തിയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ - കെ.എൻ.ഗോപിനാഥ്

19 ചൈന: സോഷ്യലിസ്റ്റ് ആധുനികവൽക്കരണത്തിന്റെ പാതയിൽ - വിജയ് പ്രഷാദ്, ടിങ്സ് ഷാക്

24 തീവ്ര ദാരിദ്ര്യം : ഇന്ത്യൻ അവസ്ഥ ദയനീയം

26 ചങ്ങാത്ത മുതലാളിയുടെ ഉദയം : അദാനിയുടെ ശതകോടി ബിസിനസ്

28 പ്രായമേറുന്ന മനുഷ്യസമൂഹവും പ്രത്യാഘാതങ്ങളും - ജോസ് ടി. എബ്രഹാം

31 റബ്ബർ പ്രതിസന്ധി : കേന്ദ്രം കൈ കഴുകരുത് - എസ്. ജയമോഹൻ

34 ലോക ട്രേഡ് യൂണിയൻ രൂപീകരണം - എൻ. പത്മലോചനൻ

37 ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കൽ: എൽഡിഎഫ് സർക്കാരിന്റെ തിളക്കമാർന്ന നേട്ടം - എളമരം കരീം

42 സംഘടനാ വാർത്തകൾ

വാർഷിക വരിസംഖ്യ : 200 രൂപ.

# സ്വകാര്യവൽക്കരണം രാഷ്ട്രത്തെ തകർക്കുന്നു

മുഖപ്രസംഗം

1969 ജൂലൈ 19- നാണ്, രാജ്യത്തെ 14 പ്രമുഖ സ്വകാര്യ ബാങ്കുകളുടെ ദേശസാൽക്കരണം, അന്നത്തെ സർക്കാർ പ്രഖ്യാപിച്ചത്. എന്നാൽ 2021-2022 വർഷത്തേക്കുള്ള ബജറ്റവതരിപ്പിച്ചു കൊണ്ട്, കേന്ദ്രധനകാര്യവകുപ്പ് നടത്തിയ പ്രഖ്യാപനത്തോടെ, രാജ്യം നേരെ എതിർദിശയിലെത്തി. ഐ.ഡി.ബി.ഐ ബാങ്കും, രണ്ട് ദേശസാൽകൃത ബാങ്കുകളും, ജനറൽ ഇൻഷുറൻസ് കോർപറേഷനും സ്വകാര്യവൽക്കരിക്കുമെന്നായിരുന്നു ധനകാര്യമന്ത്രിയുടെ പ്രഖ്യാപനം. ഐ.ഡി.ബി.ഐ ബാങ്ക് ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവരിൽ നിന്നും സർക്കാർ "താൽപ്പര്യപത്രം" ക്ഷണിച്ചു.

തന്ത്രപരമായ ഓഹരിവില്പന എന്ന പേരിലാണ്, കേന്ദ്രസർക്കാർ പൊതുമേഖലാസ്ഥാപനങ്ങൾ കയ്യൊഴിക്കുന്നത് . 1993-ൽ ഓഹരി വിറ്റഴിക്കൽ സംബന്ധിച്ച 'സി.രംഗരാജൻ' കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയനുസരിച്ചാണ്, പിന്നീടുള്ള സ്വകാര്യവൽക്കരണ നടപടികൾ. ഏതാനും കമ്പനികൾ, പൂർണമായും വിറ്റഴിക്കുകയാണ് ചെയ്തത്.

രാജ്യത്ത് സാമ്പത്തിക ഉദാരവൽക്കരണം ആരംഭിച്ചത് പി.വി.നരസിംഹറാവു നേതൃത്വം നൽകിയ കേന്ദ്രസർക്കാർ ആയിരുന്നുവെങ്കിലും, 'ദേശീയത' മുദ്രാവാക്യമാക്കിയ ബി.ജെ.പി സർക്കാരുകളാണ്, സ്വകാര്യവൽക്കരണ നടപടി വേഗതയിലാക്കിയത്. വാജ്പേയ് സർക്കാരിന്റെ കാലത്ത്, പൊതുമേഖലാ ഓഹരിവില്പനക്ക് മന്ത്രിസഭയിൽ പ്രത്യേകവകുപ്പും, മന്ത്രിയുമുണ്ടായിരുന്നു. നിയമഭേദഗതിയിലൂടെ, വൈദ്യുതി മേഖലയിൽ സ്വകാര്യവൽക്കരണത്തിന് തുടക്കം കുറിച്ചത് വാജ്പെയ് സർക്കാരാണ്. എന്നാൽ യു.പി.എ സർക്കാരിന്റെ കാലത്ത് സ്വകാര്യവൽക്കരണം, ഇടതുപക്ഷം അനുവദിച്ചില്ല. 2014-ൽ മോഡി സർക്കാർ നിലവിൽ വന്ന ശേഷം, എല്ലാനിയന്ത്രണങ്ങളും ഉപേക്ഷിച്ച് പൊതുമേഖലാ സ്വകാര്യവൽക്കരണം വേഗത്തിലായി.

മോഡി സർക്കാരിന്റെ ഒന്നാംഘട്ടം, സ്വകാര്യവൽക്കരണം അല്പം മന്ദഗതിയിലായിരുന്നു. 2019 ൽ വീണ്ടും അധികാരത്തിൽ വന്ന ശേഷം, സ്വകാര്യവൽക്കരണം തീവ്രഗതിയിലായി. 'മഹാരത്ന'പദവിയിലുള്ള ബി.പി.സി.എൽ എന്ന എണ്ണ കമ്പനി, പൂർണമായി വില്പന നടത്താൻ തീരുമാനിച്ചു. 2019 നവംബറിലായിരുന്നു ഈ തീരുമാനം. തൊഴിലാളികളുടെ ശക്തമായ ചെറുത്തുനില്പ് കാരണം, നടപടികൾ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ബി.പി.സി.എൽ നഷ്ടമുണ്ടാക്കുന്ന കമ്പനിയായിരുന്നില്ല. 'ഫോർച്യൂൺ 500' ലിസ്റ്റിൽപെട്ട മികച്ച കമ്പനിയാണിത്.

ഷിപ്പിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ, മിനറൽസ് & മെറ്റൽസ് ട്രേഡിംഗ് കോർപറേഷൻ, നാഷണൽ മിനറൽ ഡവലപ്മെന്റ് കോർപറേഷൻ, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നീ പ്രമുഖ പൊതുമേഖലാ കമ്പനികളും സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആണവ ഊർജ്ജം, പെട്രോളിയം, ധാതുക്കൾ, ബാങ്കിംഗ്, ഇൻഷുറൻസ് എന്നീ തന്ത്ര പ്രധാന മേഖലകളിൽ, സർക്കാർ സാന്നിദ്ധ്യം പരിമിതപ്പെടുത്തുമെന്നാണ്, ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചത്. തന്ത്രപ്രധാനമല്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വില്പന നടത്തുകയോ അടച്ചുപൂട്ടുകയോ ചെയ്യുമെന്നാണ്, ധനകാര്യമന്ത്രി നിർമലാസീതാരാമൻ പറഞ്ഞത്. ഇൻഷുറൻസ് മേഖലയിൽ വിദേശ കമ്പനികളെ അനുവദിക്കുന്നതിന് പുറമെ, ഇന്ത്യൻ സംരംഭങ്ങളിൽ വിദേശ പ്രത്യക്ഷ നിക്ഷേപ അനുപാതം (FDI) 49 ശതമാനത്തിൽ നിന്ന്, 74 ശതമാനമാക്കും എന്നും സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യയിലെ ഇൻഷുറൻസ് മേഖലയിൽ വിദേശനിക്ഷേപവും സ്വകാര്യനിക്ഷേപവും, നേരത്തെ വാജ്പെയ് സർക്കാർ അനുവദിച്ചിരുന്നു. 43 സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഇതിനകം രാജ്യത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സ്വകാര്യവൽക്കരണ നടപടികൾക്കെതിരെ രാജ്യത്തെ ട്രേഡ് യൂണിയനുകളും, ഇടതു

പക്ഷ രാഷ്ട്രീയപാർട്ടികളും ശക്തമായ എതിർപ്പുയർത്തുന്നുണ്ട്. ആർ.എസ്സ്.എസ്സ് നേതൃത്വം നൽകുന്ന സ്വദേശി ജാഗരൺ മഞ്ചും, തീവ്രമായ സ്വകാര്യവൽക്കരണ നയത്തിനെതിരായി പ്രതികരിച്ചിട്ടുണ്ട്. ട്രേഡ് യൂണിയൻ സംയുക്തസമിതിയും, കർഷക സംഘടനകളും നടത്തിവരുന്ന പ്രക്ഷോഭങ്ങളുടെ അനന്തരഫലമാണ്, സ്വദേശിജാഗരൺ മഞ്ച് പേരിനെങ്കിലും പ്രതിഷേധിക്കാൻ നിർബന്ധിതമായത്.

രാജ്യം സ്വാതന്ത്ര്യം നേടുന്ന കാലത്ത്, മുൻകോളനി രാജ്യങ്ങളുടെ വികസനത്തിന് പൊതുമേഖലക്ക് മുഖ്യ പങ്ക് വഹിക്കാനാകുമെന്ന ചിന്ത ശക്തമായിരുന്നു. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയുടെ മുന്നേറ്റവും, ലോകത്തെ സ്വാധീനിച്ചിരുന്നു. കൊളോണിയൽ കാലത്ത്, ദാരിദ്ര്യത്തിന്റെ പട് കുഴിയിലായ ദരിദ്രജനകോടികളെ സംരക്ഷിക്കാനും, സമ്പത്ത് ഏതാനും കുത്തകകളുടെ കയ്യിൽ കേന്ദ്രീകരിക്കുന്നത് തടയാനും ലക്ഷ്യം വെച്ചായിരുന്നു, അക്കാലത്തെ രാഷ്ട്രനയം. ഇന്ത്യൻ ഭരണഘടനയും ഈ ലക്ഷ്യം പ്രഖ്യാപിച്ചിരുന്നു. ഈ നയത്തിന്റെ അടിസ്ഥാനത്തിലാണ്, എയർലൈൻസ്, ബാങ്കുകൾ, ഇൻഷൂറൻസ്, കൽക്കരി, എണ്ണ മേഖല തുടങ്ങിയവയെല്ലാം ദേശവൽക്കരിച്ചത്. ലോകത്തെ മറ്റ് വികസ്വര രാജ്യങ്ങളിലും ഈ പ്രവണതകൾ ദൃശ്യമായിരുന്നു.

1951-ൽ പൊതുമേഖലാ കമ്പനികൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ, 2019- ൽ അവയുടെ എണ്ണം 249 ആയിരുന്നു. കേന്ദ്രപൊതുമേഖലയ്ക്ക് പുറമേ, വിവിധ സംസ്ഥാനങ്ങളിൽ, സംസ്ഥാനപൊതുമേഖലാ സ്ഥാപനങ്ങളുമുണ്ടായിരുന്നു. 2019 -ൽ മികച്ച 10 കമ്പനികൾ നേടിയ ലാഭം 1,07947 കോടി രൂപയായിരുന്നു. പൊതുമേഖല ആകെ നേടിയ ലാഭത്തിന്റെ 61.83 ശതമാനം. എന്നാൽ, സർക്കാരിന്റെ കെടുകാര്യസ്ഥതയും, അഴിമതിയും കാരണം, ഏതാനും കമ്പനികൾ നഷ്ടത്തിലായി. കുത്തക മുതലാളി വർഗ്ഗ താല്പര്യങ്ങൾ സംരക്ഷിക്കുന്ന, കോൺഗ്രസ്സ് സർക്കാരുകളുടെ നയങ്ങളാണ്, ചില പൊതുമേഖലാ കമ്പനികളെ നഷ്ടത്തിലാക്കിയത്. 2019 ൽ മൊത്തം പൊതുമേഖലാ കമ്പനികൾ നേടിയ ലാഭം 142952 കോടി രൂപയായിരുന്നു.

1980 -കളിലാണ്, ലോകത്ത് സ്വകാര്യവൽക്കരണത്തിന് മുൻതൂക്കം ലഭിച്ചത്. സാമ്രാജ്യത്വ ആഗോളവൽക്കരണനയം, ലോകത്തിനുമേൽ അടിച്ചേൽപ്പിക്കാൻ ലോകബാങ്ക് , ഐ.എം.എഫ്, ലോകവ്യാപാരസംഘടന തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ ആവേശത്തോടെ രംഗത്ത് വന്നു. ഗോർബച്ചേവിന്റെ ഭരണ കാലത്ത് സോവിയറ്റ് യൂണിയന്റെ നയങ്ങളിലും മാറ്റം വന്നു തുടങ്ങി. അമേരിക്കയോടൊപ്പം, ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന മാർഗരറ്റ് താച്ചറും, സ്വകാര്യവൽക്കരണത്തിന്റെ വക്താവായി രംഗത്തുവന്നു. വ്യവസായം നടത്തലല്ല സർക്കാരിന്റെ കർത്തവ്യമെന്നായിരുന്നു താച്ചറുടെ കുപ്രസിദ്ധമായ പ്രസംഗം. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ആഗോളവൽക്കരണനയത്തിന് ലോകത്ത് പ്രാമുഖ്യം ലഭിച്ചു. സ്വകാര്യവൽക്കരണത്തിനായുള്ള മുറവിളി മുഴങ്ങി. സമ്പദ്ഘടനയെ ശക്തിപ്പെടുത്താനും, സാമ്പത്തിക വളർച്ചക്കും സ്വകാര്യവൽക്കരണം അനിവാര്യമാണെന്ന്, മുതലാളിത്ത വക്താക്കൾ വിളിച്ചുകൂവി. സാമ്പത്തിക നടപടികൾക്കപ്പുറം, ഇതൊരു രാഷ്ട്രീയ നയമായിരുന്നു. സമ്പത്ത് വാരി കൂട്ടാൻ വെമ്പുന്ന മുതലാളിത്തത്തിന്റെ ദുര മൂത്ത നയം. ഈ നയത്തിന്റ അടിസ്ഥാനത്തിലാണ്, ഇന്ത്യയിലും പൊതുമേഖല തകർക്കുന്ന നടപടികൾ കോൺഗ്രസ് -ബി.ജെ.പി സർക്കാരുകൾ നടപ്പാക്കിയത്.

കേന്ദ്രസർക്കാരിന്റെ ഈ നയത്തിന്റെ പ്രഖ്യാപനമായിരുന്നു 2019-20 ലെ സർക്കാരിന്റെ “സാമ്പത്തിക സർവ്വേ” റിപ്പോർട്ടിൽ കണ്ടത്. സർവ്വേ ആരംഭിക്കുന്നത് മാർഗരറ്റ് താച്ചറുടെ ഉദ്ധരണിയോടെയാണ്. “സ്വാതന്ത്ര്യ”ത്തിന്റെ അവിഭാജ്യഘടകമാണ് “സ്വതന്ത്ര വ്യവസായ സ്ഥാപനങ്ങൾ” എന്നായിരുന്നു താച്ചറുടെ പ്രഖ്യാപനം. ഇന്ത്യയിൽ സ്വകാര്യവൽക്കരിക്കപ്പെട്ട “പഴയ പൊതുമേഖലാകമ്പനികൾ, മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു എന്നതായിരുന്നു” സാമ്പത്തിക സർവ്വേ” റിപ്പോർട്ടിലെ അവകാശവാദം.

അനിയന്ത്രിതമായ സ്വകാര്യവൽക്കരണം, വൻതോതിലുള്ള സ്വകാര്യവൽക്കരണത്തിന് വഴി തുറക്കുന്നു. ഒരു പിടി കുത്തകകൾ, ലോകസമ്പത്തിന്റെ ഗണ്യമായ ഭാഗം കൈവശപ്പെടുത്തുന്നു. ഫ്രഞ്ച് സാമ്പത്തിക വിദഗ്ധൻ, തോമസ് പിക്കറ്റി, ലോകത്ത് വളർന്ന് വരുന്ന സാമ്പത്തിക അസമത്വത്തെക്കുറിച്ച് നടത്തിയ പഠനങ്ങൾ ശ്രദ്ധേയമാണ്. മുതലാളിത്തത്തിന്റെ സ്വാഭാവിക രീതിയാണ്. 'അസമത്വം' എന്നും, ഇത് തടയാൻ സമ്പദ്ഘടനയിൽ "ഭരണകൂട ഇടപെടൽ" അനിവാര്യമാണെന്നുമാണ് പിക്കറ്റി പറയുന്നത്. "1980-കൾ മുതൽ ലോകത്ത് സാമ്പത്തിക അസമത്വം വർദ്ധിച്ചു വരികയാണ്. 1950-നും 1980-നുമിടയിൽ, സാമാന്യമായി സാമ്പത്തിക സമത്വം അനുഭവിച്ചിരുന്ന മേഖലകളിൽ പലതും, സാമ്പത്തിക അസമത്വത്തിന്റെ പിടിയിലായി എന്നാണ് തോമസ് പിക്കറ്റിയുടെ പഠന റിപ്പോർട്ടിൽ പറയുന്നത്.

ഇന്ത്യൻ അവസ്ഥ, പിക്കറ്റി വിശദീകരിച്ച കാര്യങ്ങൾ ശരി വെക്കുന്നു. രാജ്യത്ത് സാമ്പത്തിക അസമത്വം വർദ്ധിക്കുകയാണ്. കോവിഡ് കാലത്ത് സമ്പത്തിന്റെ കേന്ദ്രീകരണത്തിന് ശക്തി കൂടി. ജനസംഖ്യയുടെ മുകൾ തട്ടിലുള്ള 10 ശതമാനം സമ്പന്നർ, രാജ്യത്തെ സമ്പത്തിന്റെ 72 ശതമാനം കൈവശപ്പെടുത്തി. "ഹുറൂൺ ഗ്ലോബൽ റിച്ച് ലിസ്റ്റ്" പ്രകാരം, 2020-2021 കാലത്ത് ഇന്ത്യയിൽ (കോവിഡ് കാലം) 40 ശതമാനം കോടീശ്വരന്മാർ കൂടി വളർന്നു വന്നു. രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 2022 ആദ്യം 142 ആയി ഉയർന്നു. ഗൗതം അദാനിയുടെ സമ്പത്ത് ഈ കാലത്ത് ഇരട്ടിച്ചു; റിലയൻസ് കമ്പനിയുടെ സമ്പത്തിൽ 24 ശതമാനം വർദ്ധനവുണ്ടായി. നിയന്ത്രണമില്ലാത്ത സ്വകാര്യവൽക്കരണം, ഗുണം ചെയ്യുന്നത് ജനങ്ങൾക്കല്ല, മറിച്ച് ഒരുപിടി കുത്തകകൾക്ക് മാത്രമാണ്.

ദേശസാൽകൃത ബാങ്കുകളും, എൽ.ഐ.സിയും കേവലം പൊതുമേഖലാ സ്ഥാപനങ്ങൾ എന്ന് മാത്രം കണ്ടാൽ പോര. ജനക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന ഒട്ടേറെ പദ്ധതികളുടെ നടത്തിപ്പുകാർ കൂടിയാണ് ഇവ. ബാങ്കുകൾ ദേശവൽക്കരിച്ചശേഷം "മുൻഗണനാവായ്പകൾ" എന്ന നയം ഉണ്ടായിരുന്നു. ദരിദ്രർക്കും, കർഷകർക്കും ചെറിയ പലിശക്ക് വായ്പ ലഭ്യമായി. ഗ്രാമപ്രദേശങ്ങളിൽ ധാരാളം ബാങ്ക് ബ്രാഞ്ചുകൾ വന്നു. ഇന്ത്യയിൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിലും, ചെറുകിടവ്യവസായ വളർച്ചയിലും, പൊതുമേഖലാബാങ്കുകൾ നിർണായക പങ്ക് വഹിച്ചു. ഈ മേഖലകളൊന്നും, സ്വകാര്യ ബാങ്കുകൾ പരിഗണിക്കുന്നവയല്ല. സാമൂഹ്യ സുരക്ഷാമേഖലയിൽ നിന്ന് സർക്കാർ പിൻവാങ്ങലാണ്, സ്വകാര്യവൽക്കരണം. ഇത്ഫലത്തിൽ രാജ്യദ്രോഹമാണ്.

പൊതു ആസ്തികളുടെ വില്പനയാണ്, സ്വകാര്യവൽക്കരണം. ഉൽപ്പാദനമേഖലമാത്രമല്ല, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളും, സ്വകാര്യ മൂലധന ശക്തികൾക്കായി തുറന്ന് കൊടുക്കുന്നു. സർക്കാരാവട്ടെ, ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്കുള്ള ചെലവ് പടിപടിയായി കുറക്കുന്നു. ജനങ്ങളെ സ്വകാര്യമേഖലയിൽ നിന്നുള്ള 'സേവന'ങ്ങൾക്കായി എറിഞ്ഞു കൊടുക്കുന്നു. ലാഭം മാത്രം ലക്ഷ്യം വെക്കുന്ന സ്വകാര്യ മൂലധനം, പാവപ്പെട്ട ജനങ്ങളെ നിർദ്ദയം കൊള്ളയടിക്കുന്നു. കോവിഡ് മഹാമാരിക്കാലത്ത് നാം ഇത് ദർശിച്ചു. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിൽ പൊതു ആരോഗ്യമേഖല ദുർബലമായതിനാൽ, കോവിഡ് ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടി വന്നു. പണമില്ലാത്തവർ മരണത്തിന് കീഴടങ്ങി. എല്ലാം സ്വകാര്യവൽക്കരിച്ചാൽ പാവപ്പെട്ടവരുടെ ഗതിയെന്താവുമെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തിയ അനുഭവമാണിത്.

മോഡി സർക്കാരിന്റെ ഉദാരവൽക്കരണനയത്തിന്റെ ഫലമായി ജനജീവിതം ദുരിതത്തിലായി. 2020-ൽ 7 കോടി ജനങ്ങൾ കൊടും പട്ടിണിയിലേക്ക് തള്ളപ്പെട്ടു. അതിൽ 5.6 കോടിപേർ ഇന്ത്യാക്കാരാണ്. ലോകപട്ടിണി സൂചികയിൽ 2022- ൽ ഇന്ത്യയുടെ സ്ഥാനം 107 ആയി. കഴിഞ്ഞവർഷം 101 ആയിരുന്നു. തെക്കൻ ഏഷ്യയിൽ, അഫ്ഗാനിസ്ഥാൻ ഒഴികെയുള്ള എല്ലാ രാജ്യങ്ങളും, ഇന്ത്യയുടെ മുന്നിലാണ്.

“നാഷണൽ ഹെൽത്ത് അക്കൗണ്ട്സ് എസ്റ്റിമേറ്റ് 2018-2019” പ്രകാരം, ആരോഗ്യമേഖലയിൽ രാജ്യം ചെലവഴിക്കുന്നത് ജി.ഡി.പിയുടെ 3.2 ശതമാനം മാത്രമാണ്. 2013-14 ഇത് 3.9 ശതമാനമായിരുന്നു. ആരോഗ്യ സംരക്ഷണ ചെലവിൽ, ജനങ്ങൾ ചെലവഴിക്കുന്നത് ഒരു വർഷം 3,24,717 കോടി രൂപയാണ്. കേന്ദ്രസർക്കാർ ചെലവഴിച്ചത് 63256 കോടി രൂപയും സംസ്ഥാന സർക്കാരുകൾ 1,06,056 കോടി രൂപയുമാണ്. ദേശീയ വിദ്യാഭ്യാസനയം പറയുന്നത്, വിദ്യാഭ്യാസ മേഖലയിൽ ജി.ഡി.പിയുടെ 6 ശതമാനം ചെലവഴിക്കുമെന്നാണ്. എന്നാൽ 2019-20ന് ചെലവഴിച്ചത് 2.8 ശതമാനവും 2020-21, 2021-22 വർഷങ്ങളിൽ 3.1 ശതമാനം വീതവുമാണ്.

ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ നയം രാജ്യത്തെ തൊഴിലില്ലായ്മയും രൂക്ഷമായി. കഴിഞ്ഞ കുറെ വർഷങ്ങളായി, സർക്കാർ ജോലികളിലേക്ക് റിക്രൂട്ട്മെന്റ് കുറക്കുകയും വലിയൊരു ഭാഗം സ്വകാര്യകമ്പനികൾക്ക് ‘പുറംകരാർ’ നൽകുകയും ചെയ്യുന്നു. കരാർ തൊഴിലാളികൾക്ക് ലഭിക്കുന്നത് തുച്ഛമായ വേതനമാണ്. അത് തന്നെ യഥാസമയം ലഭിക്കില്ല. യാതൊരു ജോലി സുരക്ഷിതത്വവും കരാർ തൊഴിലാളികൾക്കില്ല. 1998-99 വർഷത്തിൽ റെയിൽവേയിൽ 1.51 ദശലക്ഷം, നേരിട്ടുള്ള തൊഴിലാളികളുണ്ടായിരുന്നു. 2021-22 -ൽ അത് 1.27 ദശലക്ഷമായി കുറഞ്ഞു. 2.65 ലക്ഷം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നാണ്, റെയിൽവെ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ഈ അടുത്ത ദിവസം പറഞ്ഞത്. “സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ എക്കോണമി” (CMIE) നടത്തിയ പഠനത്തിൽ വ്യക്തമായത് കേന്ദ്ര പൊതുഭരണ സർവീസിൽ 2016-17 ൽ 9.8 ദശലക്ഷം ജീവനക്കാരുണ്ടായിരുന്നത്, 2020-21 -ൽ 7.9 ദശലക്ഷമായി കുറഞ്ഞു. (19 ശതമാനം കുറഞ്ഞു.) പ്രതിരോധ സർവീസിൽ ഇതേകാലയളവിൽ, ജീവനക്കാരുടെ എണ്ണം 1.864 ദശലക്ഷത്തിൽ നിന്ന് 0.709 ദശലക്ഷമായി കുറഞ്ഞു.

ഏത് പ്രതിസന്ധികാലത്തും, പാവപ്പെട്ട ജനങ്ങളാണ്, ദുരിതം പേറുന്നത്. പുതിയ ”സാമ്പത്തിക സർവ്വേ റിപ്പോർട്ട്” പറയുന്നത്, 2019-20 ൽ ”സ്വയം തൊഴിൽ’ എന്ന നിലയിൽ തൊഴിലുകളിൽ ചേർന്ന, സ്ത്രീ തൊഴിലാളികളുടെ 75 ശതമാനവും യാതൊരു വേതനവും ലഭിക്കാത്ത ”കുടുംബ ജോലി”കളിലാണ്. 2019-ൽ 9.52 ദശലക്ഷം സ്ത്രീകൾ തൊഴിൽ അന്വേഷകരായി ഉണ്ടായിരുന്നു. 2020-ൽ തൊഴിൽ അന്വേഷിക്കുന്ന സ്ത്രീകളുടെ എണ്ണം 8.32 ദശലക്ഷമായും, 2021 -ൽ 6.52 ദശലക്ഷമായും കുറഞ്ഞു. രണ്ട് വർഷത്തിനിടയിൽ, 3 ദശലക്ഷം സ്ത്രീകൾ തൊഴിലന്വേഷണം നിർത്തി. യാതൊരു തൊഴിലും കിട്ടുമെന്ന് പ്രതീക്ഷിക്കാത്തത് കൊണ്ടാണ് ഇത് സംഭവിച്ചത്. തൊഴിലും വിദ്യാഭ്യാസവും, ആരോഗ്യപരിരക്ഷയും നൽകൽ സർക്കാരുകളുടെ പ്രാഥമിക ചുമതലയാണ്. എന്നാൽ മോഡി സർക്കാർ ഈ “ചുമതല” സ്വകാര്യമേഖലയ്ക്ക് കൈമാറിയിരിക്കുകയാണ്. പരമാവധി ലാഭം നേടൽ മാത്രമാണ്, സ്വകാര്യമൂലധനത്തിന്റെ ലക്ഷ്യം.

സ്വകാര്യവൽക്കരണം, പലപ്പോഴും തെരഞ്ഞെടുപ്പ് വിഷയമാവുന്നില്ല; തെരഞ്ഞെടുപ്പ് വിഷയമായാൽ, ഏത് ശക്തമായ സർക്കാരും പതറും. വൈദ്യുതി മേഖലയിൽ, ഇപ്പോൾ കേന്ദ്ര സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സ്വകാര്യവൽക്കരണത്തിന്റെ പ്രത്യാഘാതം ജനങ്ങളെ ബോദ്ധ്യപ്പെടുത്താനായാൽ, മോഡിസർക്കാരിനെ തകർക്കാൻ അത് മാത്രം മതിയാവും.

കാർഷികമേഖല സ്വകാര്യകോർപറേറ്റുകൾക്ക് തീറെഴുതാനുള്ള മോഡി സർക്കാരിന്റെ നിയമങ്ങൾക്കെതിരെ, രാജ്യത്തെ ലക്ഷക്കണക്കായ കർഷകർ നടത്തിയ ഐതിഹാസിക സമരത്തിന് മുമ്പിൽ ’കരുത്തനെന്ന് അഹങ്കരിക്കുന്ന ’മോഡി’ ക്ക് കീഴടങ്ങേണ്ടി വന്നത്, മറക്കാതിരിക്കുക!



# ഗവർണർ നാല്പത്തേഴിനുമുമ്പുള്ള നീലാണ്ടൻ മുതലാളി ആകരുത്



സ്വാതന്ത്ര്യത്തിനു മുമ്പുള്ള മുരടിച്ച മുതലാളിമാരുടെ, തൊഴിലാളികളോടുള്ള മനോഭാവ പ്രകടനമാണ് കേരളഗവർണർ ആരിഫ് മുഹമ്മദ്ഖാൻ കുറെനാളുകളായി നടത്തുന്ന പ്രസ്താവനകളും ജനങ്ങളോടുള്ള ആക്രോശങ്ങളും.

അദ്ദേഹം സ്വതന്ത്രഭാരതത്തിൽ സ്ഥാപിതമായ ഭരണഘടനാസ്ഥാപനമായ ഗവർണർ പദവിയിലിരിക്കുന്ന വ്യക്തിയാണെന്ന കാര്യം വല്ലപ്പോഴുമെങ്കിലും ഓർക്കുന്നത് നന്ന്. ജനങ്ങൾ ഭരണഘടനയേയും അത് ഉറപ്പ് നൽകുന്ന ജനാധിപത്യം  മതേതരത്വം , സ്വാതന്ത്ര്യം, സോഷ്യലിസം എന്നിവ മുറുകെ പിടിക്കാൻ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി കാത്തിരിക്കുന്നവരുമാണ്. അതിനെ ചവിട്ടിമെതിക്കാൻ ഏത് പദവി വഹിക്കുന്നവർ ശ്രമിച്ചാലും ജനങ്ങൾ അതിന് വഴങ്ങില്ലെന്ന് മാത്രമല്ല, കീഴ്പ്പെടുത്തുകയും ചെയ്യും.

രാജ്ഭവൻ, ഗവർണറുടെ കുടുംബസ്വത്തല്ല. കേരളത്തിലെ ജനങ്ങളുടെ പൊതുസ്വത്താണ്. അവരുടെ നികുതിപണം കൊണ്ടാണ് ഗവർണറും പരിവാരങ്ങളും രാജകീയ ജീവിതം നയിക്കുന്നത്. അദ്ദേഹത്തിന്റെ നിയോഗവും കേന്ദ്രം ഭരിക്കുന്നവരുടെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റാനുള്ള പുറംവാതിൽ നിയമനമാണ്.

ഈ അടുത്ത ദിവസം അദ്ദേഹത്തെ തീറ്റിപോറ്റുന്ന

**സംസ്ഥാനഗവൺമെന്റിന്റെ തലവനായ ഗവർണർ ദിവസവും ഗവൺമെന്റിനേയും മന്ത്രിസഭയെ നയിക്കുന്ന മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ആക്ഷേപിക്കുന്നത് മലർന്ന് കിടന്ന് തുപ്പലാണ്. മന്ത്രിസഭ തീരുമാനപ്രകാരം നടപ്പാക്കുന്ന ഭരണനടപടികളെ വിമർശിക്കുകയും തടസ്സം നിൽക്കുകയും അനുമതി നൽകേണ്ടതിന് നൽകാതിരിക്കുകയും ചെയ്യുന്നത് ഗവർണറുടെ ഭരണഘടനാപ്രകാരമായ കടമ നിർവഹിക്കാതിരിക്കലാണ്. ഭരണഘടനാലംഘനമാണ്.**



**ആനത്തലവട്ടം ആനന്ദൻ**

കേരളത്തിലെ ജനങ്ങളെ അദ്ദേഹം വെല്ലുവിളിക്കുകയുണ്ടായി “ധൈര്യമുണ്ടെങ്കിൽ രാജ്ഭവൻ കോമ്പൗണ്ടിലൊന്നു കയറിനോക്കൂ, അപ്പോൾ അറിയാം ഗവർണറുടെ ശക്തിയെന്തെന്ന്”. രാജ്ഭവന്റെ മുന്നിൽ പ്രകടനവും സമരവും പുത്തരിയല്ല. കേന്ദ്രഗവൺമെന്റിന്റെ ജനദ്രോഹനയങ്ങളിൽ പ്രതിഷേധിക്കാൻ കേന്ദ്രത്തിന്റെ പ്രതിപുരുഷനായിരിക്കുന്ന ഗവർണറുടെ ആസ്ഥാനത്തേക്ക് ജനങ്ങളുടെ മാർച്ചും പ്രതിഷേധവും സംഘടിപ്പിക്കുന്നത്, മി.ആരിഫ് മുഹമ്മദ്ഖാൻ ഗവർണറായ ശേഷമല്ല. ഏത് വ്യക്തി ഗവർണറായാലും ജനങ്ങളുടെ പ്രതിഷേധം രാജ്ഭവന്റെ മുന്നിലുണ്ടാകും. രാജ്ഭവനെയോ അവിടെയുള്ളവരെയോ ആക്രമിക്കാനല്ല. ആരിഫ്ഖാനല്ലാതെ ഇതുവരെ കേരളത്തിൽ ഗവർണറായി ചുമതല വഹിച്ചിരുന്ന ഒരു ഗവർണറും ധൈര്യമുണ്ടെങ്കിൽ രാജ്ഭവനകത്തേക്കു കയറി നോക്കൂവെന്ന് വെല്ലുവിളിച്ചിട്ടില്ല. കേരളത്തിലെന്നല്ല, ഇന്ത്യയിൽ ഒരിടത്തും അങ്ങനെയൊരു ശബ്ദം കേട്ടിട്ടില്ല. മൂന്നാംകിടരാഷ്ട്രീയക്കാരന്റെ തരംതാണവെല്ലുവിളിയായി പോയെന്ന് പറയാതെ വയ്യ. ഗവർണറു

ടെ വെല്ലുവിളി കേട്ടപ്പോൾ അൻപത്താറ്-അൻപത്തേഴ് കാലത്ത് കയർ തൊഴിലാളികൾ കൂലി കൂടുതൽ ആവശ്യപ്പെട്ടു പണിമുടക്കിയപ്പോൾ, സമരം പൊളിക്കാൻ അക്ഷരാഭ്യാസമില്ലാത്ത മുട്ടാളനായ ഒരു മുതലാളി പണിമുടക്ക് പൊളിക്കാൻ പാവപ്പെട്ട തൊഴിലാളികളെ ഭീഷണിപ്പെടുത്തി നിർബന്ധിച്ചു പണിയെടുപ്പിച്ചു.

വിവരം അറിഞ്ഞു പണി നിർത്തിവെപ്പിക്കാൻ ചെന്നപ്പോൾ മുതലാളി ഗേറ്റിൽ വെട്ടുകത്തിയുമായി നില്പുണ്ട്. അദ്ദേഹത്തിന്റെ വാദം "ഇത് എന്റെ കോമ്പോണ്ടാണ്, ഇതിനകത്ത് കാല് കുത്തിയാൽ നട്ടെല്ല് വെട്ടിയൊടിക്കും, ധൈര്യമുണ്ടെങ്കിൽ കയറൂ." മുതലാളിയുമായുള്ള വാഗ്വാദത്തിനിടയിൽ തങ്ങൾ പണിചെയ്താൽ കൊലപാതകം നടക്കുമെന്ന് ഭയന്ന് പണി ഉപേക്ഷിച്ച് തൊഴിലാളികൾ സ്ഥലം വിട്ടു. ഞങ്ങൾ മുതലാളിയെ ആക്രമിക്കാനോ മുതലാളിയുടെ സ്വകാര്യ സ്വത്ത് കയ്യേറാനോ അല്ല പോയത്. പണിമുടക്ക് ദിവസം നിർബന്ധിച്ച് പണിയെടുപ്പിക്കുന്നത് ശരിയല്ലെന്ന് പറയാനാണ്. ലക്ഷ്യം വിജയിച്ചപ്പോൾ മുതലാളിയോടു പറഞ്ഞു. ഒന്നു തിരിഞ്ഞു നോക്കൂ. പണി നടക്കുന്നുവോ എന്ന് ഇളിഭ്യനായ മുതലാളി തൊഴിലാളികളെ പൂരപ്പാട്ട് ചൊരിഞ്ഞുകൊണ്ട് വീട്ടിനകത്തേക്കു കയറി.

ഗവർണറുടെ വെല്ലുവിളി കേട്ടപ്പോൾ എനിക്ക് നീലകണ്ഠൻ മുതലാളിയുടെ വെട്ടുകത്തിയുമായി നില്ക്കുന്ന രൂപമാണ് ഓർമ വന്നത്. വിദ്യാസമ്പന്നനായ ആരിഫ് മുഹമ്മദ് ഖാൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നിരക്ഷരനായ നീലകണ്ഠൻ മുതലാളിയുടെ നിലവാരത്തിൽ തരംതാഴാൻ പാടില്ലായിരുന്നു.

ഭരണഘടന വ്യവസ്ഥയനുസരിച്ച് എല്ലാസംസ്ഥാനങ്ങളിലും ഗവർണർമാർ നിയോഗിക്കപ്പെടാറുണ്ട്. കേരളത്തിലും മന്ത്രിസഭ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും ഗവർണർമാർ ഉണ്ടായിട്ടുണ്ട്. ഒരു ഗവർണറും ആരിഫ് മുഹമ്മദ് ഖാനെപ്പോലെ, ദിവസേന സംസ്ഥാനസർക്കാരിനും മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കുമെതിരെ ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കുന്ന മറ്റൊരു ഗവർണർ ഉണ്ടായിട്ടില്ല.

ഭരണഘടനാപരമായുള്ള കടമയല്ല അദ്ദേഹം നിർവഹിക്കുന്നത്, മറിച്ച് ഭരണഘടന ചട്ടങ്ങളെ ലംഘിക്കലാണ്. ഗവർണർ രാഷ്ട്രീയത്തിൽ ഇടപെടുകയോ അഭിപ്രായ പ്രകടനം നടത്തുകയോ പാടില്ലാത്തതാണ്. എന്നാൽ അദ്ദേഹം, തന്നെ നിയോഗിച്ച ആർഎസ്എസ് സംഘപരിവാർ കക്ഷിയുടെ രാഷ്ട്രീയ പ്രചാരകനായി പ്രവർത്തിക്കുകയാണ്.

വർഷാരംഭത്തിൽ ചേരുന്ന ഈ നിയമസഭ സമ്മേളനത്തിൽ സർക്കാരിന്റെ നയപ്രഖ്യാപനം നടത്തിക്കൊണ്ട് "എന്റെ ഗവൺമെന്റ്" എന്നു പ്രസംഗിക്കുന്നത് ആചാരമോ ആഢംബരമോ ആയിട്ടല്ല. ഭരണഘടനപ്രകാരം ഗവർണറിൽ നിക്ഷിപ്തമായ അവകാശവും അധികാരവുമാണ്.

അങ്ങിനെ സംസ്ഥാനഗവൺമെന്റിന്റെ തലവനായ ഗവർണർ ദിവസവും ഗവൺമെന്റിനേയും മന്ത്രിസഭയെ നയിക്കുന്ന മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ആക്ഷേപിക്കുന്നത് മലർന്ന് കിടന്ന് തുപ്പലാണ്. മന്ത്രിസഭ തീരുമാനപ്രകാരം നടപ്പാക്കുന്ന ഭരണനടപടികളെ വിമർശിക്കുകയും തടസ്സം നിൽക്കുകയും അനുമതി നൽകേണ്ടതിന് നൽകാതിരിക്കുകയും ചെയ്യുന്നത് ഗവർണറുടെ ഭരണഘടനാപ്രകാരമായ കടമ നിർവഹിക്കാതിരിക്കലാണ്. ഭരണഘടനാലംഘനമാണ്. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷപാർട്ടികളുടെ മെഗാഫോണാകുകയാണ്. അത് സംസ്ഥാനഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനു പകരം തടസ്സങ്ങൾ സൃഷ്ടിക്കലാണ്. ഈ നിലപാടിൽ നിന്ന് അദ്ദേഹം പിന്മാറണം. നിയമപണ്ഡിതന്മാർക്കിടയിലും ജനാധിപത്യവിശ്വാസികളിലും ബ്രിട്ടീഷ് കോളനിവാഴ്ചയുടെ അവശിഷ്ടമായ ഈ ഗവർണർ സ്ഥാനം അവസാനിപ്പിക്കണമെന്ന ഗൗരവമായ ചർച്ചയ്ക്കു ജനങ്ങളും പങ്കുചേരാൻ നിർബന്ധിതമാകും.•

> “ രാജ്ഭവൻ, ഗവർണറുടെ കുടുംബസ്വത്തല്ല. കേരളത്തിലെ ജനങ്ങളുടെ പൊതുസ്വത്താണ്. അവരുടെ നികുതിപണം കൊണ്ടാണ് ഗവർണറും പരിവാരങ്ങളും രാജകീയ ജീവിതം നയിക്കുന്നത്. അതദ്ദേഹത്തിന്റെ നിയോഗവും കേന്ദ്രം ഭരിക്കുന്നവരുടെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റാനുള്ള പുറംവാതിൽ നിയമനമാണ്. ”

17th CITU
ALL INDIA
CONFERENCE
BENGALURU | 18-22 JAN 2023
Unite and Fight for Pro People Policies

# സിഐടിയു പതിനേഴാം അഖിലേന്ത്യാ സമ്മേളനത്തിന്റെ പശ്ചാത്തലം

**നവലിബറൽ മുതലാളിത്തക്രമത്തിന്റെ ദൗർബല്യവും കോവിഡ് 19 മഹാമാരിയെ ശാസ്ത്രീയമായി നേരിടാനുള്ള വിമുഖതയും വെളിപ്പെട്ട കാലമാണിത്. പ്രതിസന്ധി രൂക്ഷമാകുമ്പോഴും ചുരുക്കം ചില മുതലാളിമാർ ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ടുകൊണ്ട് തങ്ങളുടെ ലാഭം കുന്നുകൂട്ടുന്ന കാഴ്ചയിൽ അസമത്വത്തിന്റെ തീവ്രത ഇരട്ടിക്കുകയാണ്. ഒരു പതിറ്റാണ്ടിലേറെ നീണ്ട മുതലാളിത്ത പ്രതിസന്ധിയും മാന്ദ്യവും മറ്റും ഉപഭോഗ ചെലവ് വർധിപ്പിക്കുന്നതിന്റെ പ്രകടമായ ഉദാഹരണമാണിത്. മോഡി സർക്കാരിന്റെ നിലപാടുകൾ ആഗോളമായി തന്നെ വലതുപക്ഷത്തിന്റെ ഏകാധിപത്യ /ഫാസിസ്റ്റ് നീക്കങ്ങൾക്ക് ശക്തിപകരാനും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാനും കാരണമാകുന്നുണ്ട്.**



**തപൻ സെൻ**

സിഐടിയുവിന്റെ പതിനേഴാം അഖിലേന്ത്യാ സമ്മേളനം ജനുവരി 18 മുതൽ 22 വരെ ബംഗളൂരുവിൽ നടക്കാൻ പോവുകയാണ്. അഭൂതപൂർവമായ ദുരിതങ്ങൾ സൃഷ്ടിച്ച കോവിഡ് മഹാമാരിയുടെയും അതിനോടുള്ള കേന്ദ്ര സർക്കാരിന്റെ മനുഷ്യത്വ വിരുദ്ധമായ സമീപനത്തിന്റെയും ഓർമകളിലാണ് സമ്മേളനം ചേരുന്നത്. കടുത്ത നിയന്ത്രണങ്ങൾ കൂടാതെ ജനങ്ങളുടെ ജീവനും ഉപജീവന മാർഗങ്ങൾക്കും അടിസ്ഥാന അവകാശങ്ങൾക്കും നേരെ ക്രൂരവും സംഘടിതവുമായ കടന്നാക്രമണം ആണ് മഹാമാരിക്കാലത്ത് കേന്ദ്ര സർക്കാർ അഴിച്ചുവിട്ടത്. മറുവശത്ത് ഇത്തരം കടന്നാക്രമണങ്ങൾക്കെതിരെ സ്വമേധയാ ഉള്ള ചെറുത്തുനിൽപ്പ് പല ഘട്ടങ്ങളിലും ഉയർന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തി

ന്റെ അടിസ്ഥാനത്തിൽ ചുമത്തിയ നിയന്ത്രണങ്ങളുടെ മറവിൽ കേന്ദ്ര സർക്കാർ ജനവിരുദ്ധമായ നിയമ നിർമാണങ്ങളുടെ ഒരു പരമ്പര തന്നെ സൃഷ്ടിച്ചു. കൽക്കരിയുടെ വാണിജ്യ അടിസ്ഥാനത്തിൽ ഉള്ള ഖനനം, പ്രതിരോധ മേഖലയിലെ നിർമാണം അടക്കമുള്ള എല്ലാ മേഖലയിലും FDI, FII എന്നിവയുടെ അനിയന്ത്രിത ഉദാരവൽക്കരണം, ആപൽക്കരമായ കർഷക നിയമങ്ങളും വൈദ്യുതി നിയമവും ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ ഓർഡിനൻസ് വഴി ലേബർകോഡ് നടപ്പിലാക്കൽ, ഡിഫൻസ് സർവീസസ് ആക്ട് രൂപീകരണം എന്നിവയാണവ. ഇവയിൽ പലതിനും മഹാമാരിയിൽ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്ന നടപടികളുമായി പുലബന്ധം പോലും ഇല്ലെന്നതാണ് വസ്തുത.

ഈ നിയമ ഭേദഗതികൾ തങ്ങളുടെ കോർപറേറ്റ് യജമാനന്മാരെ അനധികൃതമായി സേവിച്ച് അവർക്ക് വൻ സാമ്പത്തിക ലാഭം ഉണ്ടാക്കി കൊടുക്കാൻ വേണ്ടിയാണ്. അവരുടെ ഉൽപ്പാദനത്തിനും ബിസിനസ്സിലും വൻ ഇടിവുണ്ടായ സമയത്താണ് ഈ ഭേദഗതികൾ എന്നോർക്കണം. കോവിഡ് കാലത്ത് പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുകയും സജീവമാക്കുകയും ചെയ്യുക എന്ന അടിയന്തിര ദൗത്യം മാറ്റിവച്ചുകൊണ്ട് കോർപറേറ്റുകൾ നയിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് കോടികൾ ലാഭമുണ്ടാക്കാൻ വേണ്ടിയുള്ള ദൗത്യമാണ് സർക്കാർ ഏറ്റെടുത്തത്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പൊതുജനാരോഗ്യ സംവിധാനത്തെ സജീവമാക്കി നിർത്താൻ സർക്കാർ ശ്രമിച്ചില്ല. തങ്ങളുടെ രാഷ്ട്രീയ ഏജന്റുമാരെ ഉപയോഗിച്ച് ലാഭം കൊയ്യുന്ന നവലിബറൽ ക്രമത്തിന്റെ ഏറ്റവും ജീർണമായ മുഖം ഇതുപോലെ വെളിപ്പെട്ട സന്ദർഭം മുമ്പെങ്ങും ഉണ്ടായിട്ടില്ല.

നവലിബറൽ ക്രമത്തിന്റെ ഇത്തരം ക്രൂരമായ കടന്നാക്രമണം നടക്കുന്ന സന്ദർഭത്തിലാണ്, 2020 ഏപ്രിലിൽ അതായത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച് ഒരു മാസത്തിനുള്ളിൽ നിഷേധത്തിന്റെ ചെറുത്തു നിൽപ്പിന്റെയും




**2020 ഏപ്രിലിൽ നിഷേധത്തിന്റെ ചെറുത്തു നിൽപ്പിന്റെയും ഒരിക്കലും സഞ്ചരിക്കാത്ത പാതയിൽ സഞ്ചരിച്ചുകൊണ്ട് സിഐടിയു വീടുകളിൽ തന്നെ നിന്നുകൊണ്ട് സമരം പ്രഖ്യാപിച്ചത് തൊഴിലാളികളുടെയും ജനങ്ങളുടെയും താൽപര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നു പ്രതിഷേധ സമരം. ഭാഷൺ നഹി റേഷൻ ചാഹിയെ (പ്രസംഗമല്ല ഭക്ഷണവും റേഷനുമാണ് വേണ്ടത്) എന്ന മുദ്രാവാക്യം ഉയർത്തി വീടുകളിൽ പ്രതിഷേധം നടന്നു. വർഗപരമായ ആക്രമണങ്ങൾക്കെതിരെ സ്റ്റെപ്പ് ഔട്ട്, സ്റ്റെപ്പ് അപ് എന്ന പേരിൽ കൂടുതൽ സംഘടിത പോരാട്ടങ്ങൾക്ക് സംഘടിപ്പിച്ചതോടെ നിഷേധത്തിന്റെ സമരരൂപങ്ങൾക്ക് കൂടുതൽ ദൃശ്യത കൈവന്നു.**

ഒരിക്കലും സഞ്ചരിക്കാത്ത പാതയിൽ സഞ്ചരിച്ചുകൊണ്ട് സിഐടിയു വീടുകളിൽ തന്നെ നിന്നുകൊണ്ട് സമരം പ്രഖ്യാപിച്ചത്. തൊഴിലാളികളുടെയും ജനങ്ങളുടെയും താൽപര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നു പ്രതിഷേധ സമരം. ഭാഷൺ നഹി റേഷൻ ചാഹിയെ (പ്രസംഗമല്ല ഭക്ഷണവും റേഷനുമാണ് വേണ്ടത്) എന്ന മുദ്രാവാക്യം ഉയർത്തി വീടുകളിൽ പ്രതിഷേധം നടന്നു. അതിനു ശേഷം വർഗപരമായ ആക്രമണങ്ങൾക്കെതിരെ സ്റ്റെപ്പ് ഔട്ട്, സ്റ്റെപ്പ് അപ് എന്ന പേരിൽ കൂടുതൽ സംഘടിതവും വിശാലവുമായ പോരാട്ടങ്ങൾക്ക് സംഘടിപ്പിച്ചതോടെ നിഷേധത്തിന്റെ സമരരൂപങ്ങൾക്ക് കൂടുതൽ ദൃശ്യത കൈവന്നു. മിക്കവാറും എല്ലാ ട്രേഡ് യൂണിയനുകളെയും ഒരു സംയുക്ത വേദിയിൽ എത്തിക്കാനും ലോക്ഡൗണിനിടയിലും 2020 നവംബറിൽ ഒരു പൊതുപണിമുടക്കും അനുബന്ധമായി നിരവധി സെക്ടർതല സമരങ്ങളും സംഘടിപ്പിക്കാനും സാധിച്ചു. രാജ്യതലസ്ഥാനത്തിന്റെ അതിർത്തികളെ സ്തംഭിപ്പിച്ചുകൊണ്ട് ഒരു വർഷം നീണ്ടുനിന്ന കർഷകരുടെ ഐതിഹാസികമായ സമരത്തിന്റെ ആരംഭം ഈ പൊതുപണിമുടക്കുനാളിലായിരുന്നു. കാർഷിക നിയമങ്ങളും വൈദ്യുതി ബില്ലും പിൻവലിക്കണമെന്നതടക്കമുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകർ നടത്തിയ പോരാട്ടത്തെ രാജ്യമെമ്പാടുമുള്ള തൊഴിലാളിവർഗം ശക്തമായി പിന്തുണച്ചു.

പൊലീസ് അതിക്രമങ്ങളെ അതിജീവിച്ചും കുടിയേറ്റ തൊഴിലാളികൾ രാജ്യത്തിന്റെ ഒരു കോണിൽനിന്ന് മറ്റൊരു കോണിലേക്ക് കുടുംബവും കുട്ടികളുമായി ലോക്ക്ഡൗൺ കാലത്ത് നടത്തിയ പലായനം ഒരേ

സമയം നിശബ്ദമായ ഒരു വിപ്ലവവും ഒരു വെല്ലുവിളിക്കും കീഴടങ്ങില്ലെന്ന നിശ്ചയദാർഢ്യത്തിന്റെ പ്രകടനവുമായിരുന്നു. ദുരിതത്തിലായ തൊഴിലാളികൾക്കും അസംഘടിതരായ കുടിയേറ്റ തൊഴിലാളികൾക്കും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പ്രത്യേകിച്ച് വിവിധതലങ്ങളിലുള്ള സിഐടിയു കമ്മിറ്റികളുടെ നേതൃത്വത്തിൽ ആശ്വാസപ്രവർത്തനങ്ങൾ നടത്തി. തങ്ങളുടെ പരിമിതികൾക്കപ്പുറത്തു നിന്നു കൊണ്ടു നടത്തിയ പ്രവർത്തനം ഈ കാലയളവിൽ ലഭിച്ച അമൂല്യമായ അനുഭവമായി മാറി.

നവലിബറൽ മുതലാളിത്തക്രമത്തിന്റെ ദൗർബല്യവും കോവിഡ് 19 മഹാമാരിയെ ശാസ്ത്രീയമായി നേരിടാനുള്ള അതിന്റെ വിമുഖതയും വെളിപ്പെട്ട കാലമാണിത്. അടിമുടി ഉലച്ചുകൊണ്ട് പ്രതിസന്ധി രൂക്ഷമാകുമ്പോഴും ചുരുക്കം ചില മുതലാളിമാർ ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ടുകൊണ്ട് തങ്ങളുടെ ലാഭം കുന്നുകൂട്ടുന്ന അശ്ലീല കാഴ്ചയിൽ അസമത്വത്തിന്റെ തീവ്രത ഇരട്ടിക്കുകയാണ്. ഒരു പതിറ്റാണ്ടിലേറെ നീണ്ട മുതലാളിത്ത പ്രതിസന്ധിയും മാന്ദ്യവും മറ്റും ഉപഭോഗ ചെലവ് വർധിപ്പിക്കുന്നതിന്റെ പ്രകടമായ ഉദാഹരണമാണിത്.

സിഐടിയുവിന്റെ പതിനാറാം സമ്മേളനത്തിനുള്ള ശേഷമുള്ള കാലയളവിൽ ഈ സാമ്പത്തിക പ്രതിസന്ധിക്കൊപ്പം ഏകാധിപത്യ സ്വഭാവവും വർഗീയതയുമുള്ള തീവ്രവലതുപക്ഷത്തിന്റെ അധികാരപ്രയോഗങ്ങൾക്ക് വേഗം കൂടുന്നതിനാണ് നാം സാക്ഷ്യം വഹിക്കുന്നത്. സാമ്രാജ്യത്വവുമായി നിർലജ്ജം സന്ധി ചേരുന്ന നരേന്ദ്ര മോഡി സർക്കാരിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ഈ കാലയളവിൽ സാമ്രാജ്യത്വ അധിനിവേശശ്രമങ്ങളുടെ പ്രധാന കേന്ദ്രമായി ഇന്ത്യയും ഏഷ്യാ-പസഫിക് മേഖലയും മാറിയിരിക്കുന്നു. ആർഎസ്എസ്സിന്റെ യഥാർഥ ഫാസിസ്റ്റ് സത്തയെ തീവ്രമായി പിന്തുടരുക എന്നത് നയങ്ങളുടെ അവിഭാജ്യഘടകമായി കരുതുന്നു മോഡി സർക്കാരിന്റെ നിലപാടുകൾ ആഗോളമായി തന്നെവലതുപക്ഷത്തിന്റെ ഏകാധിപത്യ /ഫാസിസ്റ്റ് നീക്കങ്ങൾക്ക് ശക്തിപകരാനും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാനും കാരണമാകുന്നുണ്ട്.

മാത്രവുമല്ല, കോർപറേറ്റ് ലോബിയുടെയും അതിന്റെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെയും സഹായത്തോടെ മോഡി സർക്കാർ നടത്തുന്ന വർഗീയ ധ്രുവീകരണ പദ്ധതികൾ കൂടുതൽ ശക്തമായി തുടരുകയും ചെയ്യുന്നു. അധികാര കേന്ദ്രങ്ങളുടെ സഹായത്തോടെ ദളിതർക്കും ന്യൂനപക്ഷത്തിനും സ്ത്രീകൾക്കും അടിച്ചമർത്തപ്പെട്ടവർക്കും എതിരെ നടക്കുന്ന കടന്നാക്രമണങ്ങളിൽ ഇത് പ്രതിഫലിക്കുന്നു. തൊഴിലെടുക്കുന്ന ജനങ്ങളിൽ വലിയൊരു വിഭാഗം ഈ പ്രക്രിയയിൽ സ്വാധീനിക്കപ്പെടുന്നുണ്ട്. നിലവിലുള്ള തൊഴിൽനിയമങ്ങൾ റദ്ദാക്കി ലേബർ കോഡുകൾ നടപ്പാക്കിയതിലൂടെ തൊഴിലാളി വർഗത്തെ അടിമസമാനമായ സാഹചര്യങ്ങളിലേക്ക് തള്ളിവിടുകയാണ്. കാർഷിക നിയമങ്ങൾ നടപ്പാക്കിയും അവശ്യസാധന നിയമങ്ങളിൽ ഭേദഗതി വരുത്തിയതും കർഷകരെ കാർഷികവൃത്തിയിൽനിന്ന് നിഷ്കാസിതമാക്കാനും കൃഷിയിടങ്ങളിൽ കോർപറേറ്റ് ആധിപത്യം ഉറപ്പുവരുത്താനുമായിരുന്നു. സർക്കാരിന്റെ ഏകാധിപത്യ നയങ്ങളുടെ ഉദാഹരണമായ കാർഷിക നിയമങ്ങൾ ഐതിഹാസികമായ കർഷക സമരത്തിനൊടുവിൽ മോഡി സർക്കാരിന് പിൻവലിക്കേണ്ടി വന്നു. എങ്കിലും ഈ നയങ്ങൾ പിൻവാതിലിലൂടെ നടപ്പാക്കാനാണ് കേന്ദ്രവും വിവിധ സംസ്ഥാന സർക്കാരുകളും ശ്രമിക്കുന്നത്. പതിനാറാം സമ്മേളനത്തിൽ കണ്ടെത്തിയപോലെ ഈ നയങ്ങൾ നടപ്പാക്കുന്ന പ്രവണത ശക്തമാകുന്നത് മോഡി സർക്കാർ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതോടെയാണ്. ജനങ്ങൾക്ക് അവകാശപ്പെട്ട ദേശീയ സ്വത്തുക്കളുടെ കൊള്ളയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിരന്തരമായ സ്വകാര്യവൽക്കരണം, ദേശീയ വിദ്യാഭ്യാസ നയം അടിച്ചേൽപ്പിക്കൽ, നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ വഴിയുള്ള കൊള്ള, നാഷണൽ ലാൻഡ് മോണിറ്റൈസേഷൻ കോർപറേഷൻ രൂപീകരണം എന്നിവയെല്ലാം രാജ്യത്തെയും വിദേശത്തെയും കോർപറേറ്റ് വർഗത്തിന്റെ താൽപര്യസംരക്ഷണത്തിനായുള്ള ജനവിരുദ്ധവും രാജ്യവിരുദ്ധവുമായ നടപടികളുടെ ഭാഗമാണ്. ഈ സാഹചര്യം തൊഴിലാളി വർഗത്തിനു വൻ വെല്ലുവിളികളാണ് മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ ശക്തി വിപുലമാക്കുകയും ജനവിരുദ്ധമായ ദുർഭരണത്തിനെതിരെയുള്ള ഐക്യത്തോടെയുള്ള വർഗ സമരങ്ങളിലൂടെ വർഗൈക്യം വളർത്തുകയും അതുവഴി കോർപറേറ്റ് വർഗീയ സഖ്യത്തെ ചെറുത്തു തോൽപ്പിക്കുകയും വേണം.

ഈ പശ്ചാത്തലത്തിലാണ് മൊത്തത്തിലുള്ള സ്ഥിതിഗതികളെക്കുറിച്ച് പ്രത്യേകിച്ച ആഗോളമായും ദേശീയമായും നവലിബറൽ ക്രമത്തെ അടിമുടി ഉലച്ച പ്രതിസന്ധി നമ്മുടെ സമ്പദ്ഘടനയിലും ജീവിതത്തിലും ഉപജീവനത്തിലും ജനങ്ങളുടെ അവകാശത്തിലും സൃഷ്ടിച്ച ആഘാതങ്ങളെക്കുറിച്ച് നമ്മുടെ സമ്മേളനം ശരിയായി വിലയിരുത്താൻ പോകുന്നത്. അക്രമാസക്തമായ അമിതാധികാരപ്രവണത ജനാധിപത്യത്തിനും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും സമ്പദ്ഘടനയ്ക്കും മേൽ സൃഷ്ടിച്ച പ്രതിഫലനങ്ങളും വിലയിരുത്തണം. ഈ കടന്നാക്രമണങ്ങൾക്കൊപ്പമാണ് സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ഗൂഢതന്ത്രങ്ങൾ. കോർപറേറ്റ് നിയന്ത്രിത സർക്കാരുകളുടെ പദ്ധതികൾ സുഗമമായി നടപ്പാക്കാനുള്ള അനിവാര്യമായ തന്ത്രമാണ് ഈ ഭിന്നിപ്പിക്കൽ നയം. ഇത്തരം സമഗ്രമായ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ നാം നമ്മുടെ പങ്കും ചുമതലയും പ്രസ്ഥാനത്തിന്റെ പ്രവർത്തനവും എല്ലാം വിലയിരുത്തുകയും സമരങ്ങളെ കൂടുതൽ തീവ്രമാക്കാനുള്ള മാർഗങ്ങൾ തേടുകയും വേണം. ജില്ല, സംസ്ഥാന, വ്യവസായ/ഫെഡറേഷൻ തലത്തിലുള്ള സമ്മേളനങ്ങൾക്കുശേഷം നടക്കുന്ന സിഐടിയുവിന്റെ പതിനേഴാം സമ്മേളനം എല്ലാ ഗൗരവത്തോടെയും നമ്മുടെ വർഗസമരം കൂടുതൽ തീവ്രമാക്കാനുള്ള ദൗത്യമാണ് ഏറ്റെടുക്കാൻ പോകുന്നത്.•




# കോടതിവിധിയും പെൻഷനും

**ഇന്ന് പെൻഷൻ വാങ്ങുന്നവരിലും ഇന്നത്തെ പ്രോവിഡന്റ്ഫണ്ട് മെമ്പർമാർ നാളെ പെൻഷൻകാരായി മാറുമ്പോഴും വലിയൊരു വിഭാഗത്തിന് ഏറ്റവും കുറഞ്ഞ പെൻഷൻ എന്താണോ അത് മാത്രമേ ലഭിക്കുകയുള്ളൂ.**



എ.കെ. പത്മനാഭൻ

ഉയർന്ന പെൻഷൻ എന്ന് നാം പറഞ്ഞുവരുന്ന പെൻഷൻ സംബന്ധിച്ച സുപ്രീം കോടതിവിധി, അവസാനം വന്നുചേർന്നു. കൊല്ലങ്ങളായുള്ള നിയമയുദ്ധമാണ് സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് വിധി വന്നപ്പോൾ അവസാനിച്ചുവെന്ന് നാം കരുതിയത്. പക്ഷെ കേന്ദ്ര സർക്കാരും പ്രൊവിഡന്റ് ഫണ്ട് സ്ഥാപനവും വീണ്ടും കോടതിയിൽ ചെന്ന്, ഇപ്പോൾ മൂന്നംഗ ബഞ്ചിന്റെ വിധി വന്നിരിക്കുന്നു. ചർച്ചകൾ തുടരുകയാണ് എന്ന് പറയേണ്ടിവരും. അത് അടുത്തൊന്നും അവസാനിക്കുമെന്നും തോന്നുന്നില്ല.

അതിലേക്ക് കടക്കുംമുമ്പ്, ഇ.പി.എസ് 95 എന്ന നമ്മുടെ പ്രോവിഡന്റ് ഫണ്ട് പെൻഷൻ സംബന്ധിച്ചഒരു അടിസ്ഥാനപരമായ പ്രശ്നത്തിലേക്ക് ശ്രദ്ധ ക്ഷണിക്കേണ്ടതുണ്ട്.

ഇന്ന് പെൻഷൻ വാങ്ങുന്നവരിലും ഇന്നത്തെ പ്രോവിഡന്റ്ഫണ്ട് മെമ്പർമാർ നാളെ പെൻഷൻകാരായി മാറുമ്പോഴും വലിയൊരു വിഭാഗത്തിന് ഏറ്റവും കുറഞ്ഞ പെൻഷൻ എന്താണോ അത് മാത്രമേ ലഭിക്കുകയുള്ളൂ. 2021-22ലെ കണക്ക് പ്രകാരം ആകെയുള്ള 72,73,895 പെൻഷൻകാരിൽ (ഇതിൽ 66 ശതമാനം മെമ്പർ പെൻഷൻകാരും ബാക്കി കുടുംബാംഗങ്ങൾ ആയ പെൻഷൻകാരുമാണ്) 20,44,136 പേർ മിനിമം പെൻഷനായ ആയിരമോ അതിൽ താഴെയോ വാങ്ങുന്നവരാണ്. മിനിമം പെൻഷൻ വർധനവ് എന്ന അടിസ്ഥാനപരമായ പ്രശ്നം കോടതിയിൽ ഇല്ല. കേന്ദ്ര സർക്കാർ തീരുമാനമെടുക്കേണ്ട പ്രശ്നമാണത്.

നാട്ടിലാകെ എത്രയോ പേർ വിഷമങ്ങൾ അനുഭവിക്കുന്നുണ്ട്. അതിന് ചിലവിടാനൊന്നും സർക്കാർ പണം ചെലവാക്കാൻ പറ്റില്ല എന്നതാണ് സർക്കാർ നയം. മിനിമം പെൻഷൻ 2000 രൂപയെങ്കിലും ആയി ഉയർത്തണമെന്ന് പ്രോവിഡന്റ് ഫണ്ട് മേധാവികൾ അയച്ച കത്തിനും കേന്ദ്ര ധനവകുപ്പ് മേൽപറഞ്ഞ രീതിയിലാണ് മറുപടി പറഞ്ഞിട്ടുള്ളതെന്ന് മാധ്യമവാർത്തകളും പുറത്തുവന്നിട്ടുണ്ട്.

എത്രയോ കാലത്തെ സമരങ്ങൾക്കു ശേഷം നടപ്പിലായ ആയിരം രൂപ എന്ന തീരുമാനം തന്നെ, വ്യാഖ്യാനങ്ങൾക്ക് ഉൾപ്പെടുത്തി, കുറഞ്ഞ തുക മാത്രമേ ലക്ഷക്കണക്കിന് പെൻഷൻകാർക്ക് കിട്ടുന്നുള്ളൂ എന്ന് നമുക്കറിയാം.

മിനിമം പെൻഷൻ എന്നത് രണ്ടുപേർക്ക് ജീവിതത്തിന് ആവശ്യമായ തുകയെങ്കിലും ആയിരിക്കണം എന്നത് നമ്മുടെ ശക്തമായ ആവശ്യമാണ്. അത് നേടിയെടുക്കാൻ സമരങ്ങളെ ശക്തിപ്പെടുത്തുക എന്നത് മാത്രമാണ് നമുക്ക് മുമ്പിലുള്ള പാത.

അതിനുള്ള തയാറെടുപ്പുകൾ പെൻഷൻകാരുടെ സംഘടനകളുടെ മാത്രം ചുമതലയല്ല. പ്രോവിഡന്റ് ഫണ്ട് അംഗങ്ങൾ ആകെ തന്നെ ഇതിന് വേണ്ടി രംഗത്തിറങ്ങണം. ട്രേഡ് യൂണിയനുകൾ നേതൃത്വപരമായ പങ്ക് വഹിക്കണം. അധ്വാനിക്കുന്ന എല്ലാവർക്കും സാർവത്രിക പെൻഷൻ നടപ്പിലാക്കി കിട്ടാനുള്ള സമരവുമായി നാം മുന്നോട്ട് പോകേണ്ടതുണ്ട്.

## കോടതിവിധി

സുപ്രീം കോടതിയുടെ ഇപ്പോഴത്തെ വിധി വിവിധ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പക്ഷേ, നമുക്ക് വ്യക്തമാവുന്ന എല്ലാവരും അംഗീകരിക്കുന്ന ചില കാര്യങ്ങളും ഉണ്ട്.

- 22/08/2014ന്റെ നോട്ടിഫിക്കേഷൻ 01/09/2014 മുതൽ നടപ്പിലാക്കിയത് കോടതി അംഗീകരിച്ചിട്ടുണ്ട്. 15000 രൂപയ്ക്ക് മേലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ, സംബന്ധപ്പെട്ടവർക്ക് പെൻഷൻ കിട്ടാൻ അർഹതയുണ്ട്. തൊഴിലുടമയോട് ചേർന്ന് ഓപ്ഷൻ കൊടുക്കാതെ 2014 സെപ്റ്റംബറിന് മുമ്പ് വിരമിച്ചവർക്ക് ഉയർന്ന പെൻഷൻ അവകാശമില്ല. അതല്ലാത്ത പെൻഷൻകാർക്കും, പ്രോവിഡന്റ് ഫണ്ട് അംഗങ്ങൾക്കും അവരുടെ ശമ്പളത്തിന് അനുസരിച്ച പെൻഷന് അവകാശമുണ്ട്.
- 2014 സെപ്റ്റംബറിന് ശേഷം വിരമിച്ചവർക്കും സർവീസിലുള്ളവർക്കും ഉയർന്ന പെൻഷന് തൊഴിലുടമയോടൊപ്പം ജോയിന്റ് ഓപ്ഷൻ നൽകാൻ നാലുമാസം കാലാവധി അനുവദിച്ചിട്ടുണ്ട്.
- 2014 സെപ്റ്റംബറിന് മുമ്പ് വിരമിച്ചിരുന്നാലും നേരത്തെ ജോയിന്റ് ഓപ്ഷൻ കൊടുത്തവർക്കും ഉയർന്ന പെൻഷന് അവകാശമുണ്ട്.
- പെൻഷന് അടിസ്ഥാനമായ ശമ്പളം എന്നുള്ളത് വിരമിക്കുന്നതിന് മുമ്പുള്ള അവസാനത്തെ 60 മാസം ശമ്പള ശരാശരിയെന്നത് കോടതി ശരിവെച്ചിരിക്കുകയാണ്.
- പ്രോവിഡന്റ് ഫണ്ട് സ്ഥാപനത്തിൽ നേരിട്ടല്ലാതെ, കമ്പനികളിലുള്ള ട്രസ്റ്റുകൾ മൂലം (Exempted Establishments) പെൻഷൻ ഫണ്ടിൽ ഉള്ളവർക്കും ഉയർന്ന പെൻഷന് അവകാശമുണ്ട് എന്നത് കോടതി അംഗീകരിച്ചു. ഈ അവകാശം പ്രോവിഡന്റ് ഫണ്ട് സ്ഥാപനം ഇതുവരെ നിഷേധിച്ചിരിക്കുകയാണ്.

15,000 രൂപയ്ക്ക് മേൽ ശമ്പളമുള്ള ഫണ്ട് അംഗങ്ങൾ 1.16 ശതമാനം നിർവഹണച്ചെലവ് അടയ്ക്കണം എന്നത് കോടതി റദ്ദ് ചെയ്തു. പക്ഷെ ഇതിനാവശ്യമായ നിയമപരമായ മാറ്റങ്ങൾക്ക് ആറുമാസക്കാലം അനുവദിച്ചു. ഈ ആറുമാസക്കാലം അംഗങ്ങൾ ഈ തുക അടക്കേണ്ടതുണ്ട്. ഈ തുക ജോലിയിലുള്ളവർക്ക് തൊഴിലുടമാ വിഹിതത്തിൽ നിന്ന് കണ്ടെത്തി അടയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കോടതി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇത്രയും കാര്യങ്ങൾ ഒഴിച്ചു മറ്റു പല കാര്യങ്ങളിലും വ്യക്തതയില്ലാത്ത നിലയാണ് ഈ വിധിന്യായത്തിൽ ഉള്ളത് എന്നാണ് പൊതുവെ അഭിപ്രായങ്ങൾ ഉയർന്നിരിക്കുന്നത്.

പെൻഷന് ആധാരമായ ശമ്പളം 60 മാസത്തിന്റെ ശരാശരിയാണ് എന്ന് തീർപ്പ് കല്പിച്ച നിലയിൽ, 2014ന് മുമ്പ് റിട്ടയർ ചെയ്ത്, നേരത്തെ ജോയിന്റെ ഓപ്ഷൻ നൽകിയിരുന്നവർക്ക് അവർ ഇപ്പോൾ പെൻഷൻ വാങ്ങുന്ന 12 മാസ ശരാശരിയുടെ അടിസ്ഥാനത്തിൽ തന്നെ കൂടുതൽ പെൻഷൻ ലഭിക്കുമോ, അതല്ല 60 മാസമാക്കി മാറ്റുമോ എന്നതും വ്യക്തമല്ല.

1952 പ്രോവിഡന്റ് ഫണ്ട് നിയമപ്രകാരം നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ മാറ്റങ്ങൾ വരുത്താൻ സാധ്യമാണെന്നും പാർലമെന്റിന്റെ ഇരുസഭകളും അത് അംഗീകരിച്ചാൽ നടപ്പിലാക്കാൻ പറ്റൂ എന്നും സുപ്രീം കോടതി പറയുന്നു. ഇതനുസരിച്ച് ഈ വിധിന്യായം ഉൾപ്പെടെ എന്തു മാറ്റവും സർക്കാരിന് മുൻകാല പ്രാബല്യത്തോടെയോ, അല്ലാതെയോ നടപ്പിലാക്കാൻ സാധിക്കും.

- പുതുതായി ജോലിയിൽ ചേരുന്നവരിൽ 15,000 രൂപയിൽ അധികം ശമ്പളം വാങ്ങുന്നവർക്ക് പെൻഷൻ ഫണ്ടിൽ അംഗമാകാനുള്ള സാധ്യതയും വ്യക്തമല്ല,.
- ഒരുഭാഗത്ത് അവ്യക്തതയുടെ പേരിലും മറ്റു കാര്യങ്ങളുമായി വീണ്ടും നിയമനടപടികളിലേക്ക് എത്തിക്കുമോ എന്ന ആശങ്ക ഉളവാകുന്നുണ്ട്.

ഇതെഴുതുന്നത് വരെ, പ്രോവിഡന്റ് ഫണ്ട് സ്ഥാപനമോ സർക്കാരോ ഈ കോടതിവിധിയെ കുറിച്ച് അഭിപ്രായങ്ങളൊന്നും പറഞ്ഞിട്ടില്ല.

ഭരണാധികാരികളുടെ നിലപാടുകൾ വ്യക്തമാകുമ്പോൾ മാത്രമേ, സുപ്രീം കോടതി വിധിക്കുശേഷം എന്ത് എന്ന ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കാൻ കഴിയുകയുള്ളൂ എന്നു മാത്രമേ ഇപ്പോൾ പറയാനാവുകയുള്ളൂ. അതുവരെ കാത്തിരിക്കുക തന്നെ.

(സിഐടിയു കേരള സംസ്ഥാന കമ്മിറ്റി അംഗം അഡ്വ. എസ്. കൃഷ്ണമൂർത്തിയുടെ സഹായത്തോടെ തയാറാക്കിയത്)




### അരക്ഷിത തൊഴിൽ കമ്പോളം

# മൂലധന ശക്തികളുടെ പുതിയ മേച്ചിൽപ്പുറങ്ങൾ

**ഐടി, ഐടി അനുബന്ധം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗിഗ്, പ്ലാറ്റ്ഫോം ഇക്കണോമികളെല്ലാം പ്രകടമായ അരക്ഷിത തൊഴിൽ കമ്പോളമായി തന്നെയാണ് വളരുന്നതും ചുരുങ്ങുന്നതും. 'തൊഴിൽ കമ്പോളം അരക്ഷിതമാക്കുക' എന്നത് ഒരു നവലിബറൽ മുദ്രാവാക്യമാണ്. ഇൻസ്റ്റഗ്രാം പോലുള്ള സ്ഥാപനങ്ങളെ 'മസ്ക്' പോലുള്ള ഭീമൻ കാർ കമ്പനികൾ കൈക്കലാക്കുന്നതും കേരളത്തിന്റേതായ ബൈജൂസ് ആപ്പിന്റെ പിരിച്ചുവിടലും പിൻവാങ്ങലും ഇത്തരം സ്ഥാപനങ്ങൾ നേരിടുന്ന വളർച്ചയുടെ പ്രതിസന്ധികളാണ്.**



കെ.എൻ. ഗോപിനാഥ്

'തൊഴിൽ കമ്പോളം അരക്ഷിതമാക്കുക' എന്നത് ഒരു നവലിബറൽ മുദ്രാവാക്യമാണ്. തൊഴിലുടമക്ക് യഥേഷ്ടം തൊഴിലാളികളെ കൊള്ളാനും തള്ളാനും നിയന്ത്രണമില്ലാത്ത അധികാരം കൈക്കലാക്കാനുമാകുന്ന സാഹചര്യം സൃഷ്ടിക്കലാണ്. ഈ സാഹചര്യമില്ലെങ്കിൽ അത് രാജ്യത്തെ തൊഴിൽ വളർച്ചയെ തടസപ്പെടുത്തുന്നു എന്നുപോലും ഇക്കൂട്ടർ വാദിക്കുന്നു. എന്നാൽ ഈ വാദത്തിന് അനുഭവസിദ്ധമായ ഒരു തെളിവും നിരത്താനില്ലെന്നത്, ഏതു സൂക്ഷ്മബുദ്ധിയായ നവലിബറൽവാദിയും അംഗീകരിക്കേണ്ടി വരുന്ന സാഹചര്യമാണ്, 1990-കൾക്ക് ശേഷം ലോകത്ത് തെളിഞ്ഞു വന്നുകൊണ്ടിരിക്കുന്നത്. ഐടി, ഐടി അനുബന്ധം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗിഗ്, പ്ലാറ്റ്ഫോം ഇക്കണോമികളെല്ലാം പ്രകടമായ അരക്ഷിത തൊഴിൽ കമ്പോളമായി തന്നെയാണ് വളരുന്നതും ചുരുങ്ങുന്നതും.

2021-ൽ ലോകത്തിലെ അഞ്ച് മേൽത്തരം ടെക്നോളജി കമ്പനികൾ ചേർന്ന് 588 ബില്യൻ ഡോളറിന്റെ സാങ്കേതിക കരുതൽ (ടെക് റിസർവ്) നേടിയിരിക്കുകയാണ് 'ആപ്പിൾ' 191 ബില്യൻ ഡോളറും ഫെസ് ബുക്ക് 56 ബില്യൻ ഡോളറും കൈവരിച്ചു. ഇൻസ്റ്റഗ്രാം പോലുള്ള സ്ഥാപനങ്ങ




**ഇന്ത്യൻ തൊഴിൽ കമ്പോളം അനുദിനം അരക്ഷിതമായി കൊണ്ടിരിക്കുകയുമാണ്. 40 കോടിയോളം വരുന്ന തൊഴിൽരഹിതരും കൂടുമാറി പോകുന്ന അസംഘടിത വിഭാഗവും മാറുന്ന തൊഴിൽ മേഖലയുടെയും ചൂഷണത്തിന്റെയും വിപണി ആയിത്തീരുകയാണ്. ട്രേഡ് യൂണിയനുകൾ പുത്തൻ സാമ്പത്തിക മേഖലയിലും ഗിഗ് ഇക്കണോമിയിലും ഐടി രംഗത്തും വളരാൻ പാടില്ല എന്ന് വാദിക്കുന്നവർ ഒന്നുമറിയാതെയല്ല നിലപാടുകൾ കടുപ്പിക്കുന്നത്. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന പ്രഖ്യാപനത്തിലൂടെ ബിജെപി സർക്കാരും ഇതേറ്റ് പിടിച്ചിരിക്കുകയാണ്.**

ളെ 'മസ്ക്' പോലുള്ള ഭീമൻ കാർ കമ്പനികൾ കൈക്കലാക്കുന്നതും കേരളത്തിന്റേതായ ബൈജൂസ് ആപ്പിന്റെ പിരിച്ചുവിടലും പിൻവാങ്ങലും ഇത്തരം സ്ഥാപനങ്ങൾ നേരിടുന്ന വളർച്ചയുടെ പ്രതിസന്ധികളാണ്. ഇതിന്റെ മറുവശം വിവര അടിസ്ഥാന സമ്പദ് ഘടനയും മൂലധനവൽക്കരണവും ലോകത്ത് തൊഴിലിന്റെ സ്വഭാവത്തിൽ തന്നെ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു എന്നതാണ്. യൂബറൈസേഷൻ, പ്ലാറ്റ്ഫോമൈസേഷൻ എന്നീ തൊഴിൽ രംഗങ്ങൾ, ഗിഗ് ഇക്കണോമി എന്ന അവസ്ഥ ആധുനിക കാലഘട്ടത്തിലെ തൊഴിൽ സേവനങ്ങളിൽ വരുന്ന മുൻകരുതലുകളെയാണ് സൂചിപ്പിക്കുന്നത്. ഓൺലൈൻ കമ്പനികൾ 'ലാഭകരം' എന്നതിന് പകരം മൂലധനത്തെ പുനരുജ്ജീവിപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണ് പറയുക. ആധുനിക ഡിജിറ്റൽ കാലത്തെ കുത്തകകൾ വിപണികളെ നിയന്ത്രിക്കുന്നതും അതിജീവിക്കുന്നതും മേൽതത്വ പ്രകാരമായിരിക്കും. കേരളത്തിൽ കാണുന്ന ഒല, യൂബർ, അർബൻ കമ്പനി, സ്വിഗ്ഗി, സൊമാറ്റോ, സെപ്റ്റോ, റാപ്പിഡോ, ഈറ്റ്സ്, മറ്റ് സേവന ആപ്പ് വാടകകമ്പനികൾ തുടങ്ങി ഈ രംഗത്ത് വിരാജിക്കുന്ന കുത്തക കമ്പനികൾ എല്ലാം തന്നെ പുത്തൻ ചൂഷണത്തിന്റെ രീതികളാണ് അവലംബിക്കുന്നത്.

കമ്പോളത്തിലെ ഡിമാൻഡില്ലുണ്ടാകുന്ന തകർച്ചയുടെ കാലത്തും തൊഴിലാളികളെ അതേപോലെ നിലനിർത്തുന്ന അവസ്ഥ കൂടുതൽ പ്രത്യാഘാതം സൃഷ്ടിക്കും എന്നതാണ് അരക്ഷിത തൊഴിൽ കമ്പോള സൃഷ്ടിയുടെ വക്താക്കൾ പുതിയ പ്രത്യയശാസ്ത്രമായി അവതരിപ്പിക്കുന്നത്. തൊഴിൽ കമ്പോളത്തെ തന്നിഷ്ടം പോലെ കൈകാര്യം ചെയ്യുന്ന അവസ്ഥയെ പ്രതിരോധിക്കുവാൻ ശേഷിയുള്ള 'സംഘടിത തൊഴിലാളി' മൊത്തം തൊഴിൽ ശക്തിയുടെ വളരെ ചെറിയ ശതമാനം മാത്രമാണ്. അതുകൊണ്ട് തന്നെ ഇന്ത്യൻ തൊഴിൽ കമ്പോളം അനുദിനം അരക്ഷിതമായി കൊണ്ടിരിക്കുകയുമാണ്. 40 കോടിയോളം വരുന്ന തൊഴിൽരഹിതരും കൂടുമാറി കൂടുമാറി പോകുന്ന അസംഘടതി വിഭാഗവും മാറുന്ന തൊഴിൽ മേഖലയുടെയും ചൂഷണത്തിന്റെയും വിപണി ആയിത്തീരുകയാണ്. ട്രേഡ് യൂണിയനുകൾ പുത്തൻ സാമ്പത്തിക മേഖലയിലും ഗിഗ് ഇക്കണോമിയിലും ഐടി രംഗത്തും വളരാൻ പാടില്ല എന്ന് വാദിക്കുന്നവർ ഒന്നുമറിയാതെയല്ല നിലപാടുകൾ കടുപ്പിക്കുന്നത്. തൊഴിലാളികളെ ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ (ഹയർ ആന്റ് ഫയർ) കഴിയാത്ത അവസ്ഥയിൽ തൊഴിൽ ശക്തിയുമായി ബന്ധപ്പെട്ട 'റിസ്ക്' വളരെ വലുതായിരിക്കുമെന്നും ഇവർ വാദിക്കുന്നു. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന പ്രഖ്യാപനത്തിലൂടെ ബിജെപി സർക്കാരും ഇതേറ്റ് പിടിച്ചിരിക്കുകയാണ്.

സംരക്ഷിത തൊഴിൽശക്തി നിലനിൽക്കുമ്പോൾ നിക്ഷേപം താരതമ്യേന കുറവായിരിക്കും എന്ന ന്യായത്തിന്മേലാണ് തൊഴിൽ നിയമ ഭേദഗതികൾ കൊണ്ടുവരുന്നത്. സംരക്ഷിത തൊഴിൽ ശക്തി ഉയർത്തുന്ന ഉയർന്ന നഷ്ടസാധ്യത ലാഭവിഹിത കണക്കിൽ കുറവ് വരുത്തുന്നതുകൊണ്ട്, മുതലാളിത്ത വീക്ഷണത്തിൽ നിക്ഷേപങ്ങൾ കുറയുകയും തൽഫലമായി തൊഴിൽവളർച്ച കുറഞ്ഞു വരികയും ചെയ്യും.

എന്നാൽ തൊഴിൽ ശക്തിയുടെ മേൽ അനിയന്ത്രിതമായ സ്വാതന്ത്ര്യം ലഭിക്കുന്ന സാഹചര്യത്തിൽ പൊതുവെ നിക്ഷേപ വർധനവ് ഉണ്ടാകുമെന്ന് മാത്രമല്ല തൊഴിലധിഷ്ഠിത സംരംഭങ്ങൾ കൂടുതൽ ഉയർന്ന് വരുമെന്നും അത് തൊഴിൽ ലഭ്യതയ്ക്ക് ആക്കം കൂട്ടുമെന്നുമാണ് മറ്റൊരു പ്രധാന വാദം. മറ്റ് സാങ്കേതിക വിദ്യയിൽ നിന്നും തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യയിലേക്ക് പ്രകടമായ ചായ്‌വിന് ഈ സാഹചര്യം വഴിയൊരുക്കുമെന്നുമാണ് വാദം. ഇന്ത്യ ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളെ 1990കൾ മുതൽ പുണർന്നതും, എന്നിട്ടും ഫലമില്ലാതെ വന്നപ്പോൾ പൊതുമേഖല സ്വകാര്യ മേഖലയ്ക്ക് വഴി മാറിക്കൊടുക്കണമെന്നും, ഗിഗ് ഇക്കണമോമിയിൽ ട്രേഡ് യൂണിയനുകളുടെ പ്രസക്തിയില്ലെ

ന്നും തൊഴിലില്ലായ്മക്ക് പരിഹാരം 'നിശ്ചിതകാല തൊഴിലാ'ണെന്നും മറ്റു ംവാദിക്കുന്ന ഭരണാധികാരികൾ അരക്ഷിത തൊഴിൽ കമ്പോളത്തിന്റെ 'ബ്രാന്റ് അംബാസിഡർ'മാരാവുകയും ചെയ്താൽ പിന്നെ വേറെന്തുവേണം.

ഇവിടെയും ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ഒരു പ്രത്യേക ഉൽപ്പന്നത്തിന്റെ ഉൽപ്പാദനത്തിന് ബഹുതല സാങ്കേതിക വിദ്യകൾ നിലനിൽക്കുന്നു എന്നത് പ്രായോഗികമായി ഒരു സങ്കല്പം മാത്രമാണ്. ഒരു ആധുനിക സ്റ്റീൽ പ്ലാന്റ് നിർമ്മിക്കുന്നതിന് നിലവിലുള്ള സാങ്കേതിക സംവിധാനത്തിനുള്ളിൽ തൊഴിൽ ജന്യ സാങ്കേതികതയുടെ വിപുലീകരണത്തിനുള്ള സാധ്യത വളരെ കുറവാണ്. കായിക ശേഷിയുടെ മാത്രം ശക്തിയിൽ നിർമ്മിക്കപ്പെടുന്ന ഇരുമ്പും, ആധുനിക പ്ലാന്റുകളിലൂടെ നിർമ്മിക്കപ്പെടുന്ന ഇരുമ്പും ഒരേ ഉൽപ്പന്നമാണ് എന്ന് പരിഗണിക്കാനാവില്ല. അതിന്റെ ഗുണമേന്മയിൽ തന്നെ പ്രകടമായ വ്യത്യാസം കാണും. അതുകൊണ്ടുതന്നെ ഒരു ഉൽപന്നത്തിന്റെ ഉൽപാദന പ്രക്രിയയിൽ 'തൊഴിൽ അധിഷ്ഠിത വിദ്യ' തൊഴിൽശക്തിയുടെ സ്വഭാവത്തിന് അനുസരിച്ച് വ്യത്യസ്തമായിരിക്കും എന്ന നിഗമനം യുക്തിക്ക് നിരക്കുന്നതല്ല. ഡിമാന്റ് വർധന സാങ്കേതിക വിദ്യ പ്രയോഗത്തിൽ മാറ്റമുണ്ടാക്കാമെങ്കിലും തൊഴിൽജന്യാവസ്ഥയ്ക്ക് എന്തെങ്കിലും വ്യത്യാസമുണ്ടാകുമെന്ന് കരുതാനാവില്ല.

അരക്ഷിത തൊഴിൽ കമ്പോളത്തിന്റെ ആവിർഭാവം തൊഴിലാളികളുടെ വിലപേശൽ ശേഷി തകർക്കാനിടയാക്കും. ട്രേഡ് യൂണിയനുകളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കും. സംഘടനയുണ്ടാക്കാൻ ശ്രമിക്കുന്ന ഏത് തൊഴിലാളിയേയും കയ്യോടെ പിരിച്ചുവിടാനാകും. 'ആപ്പ് ബ്ലോക്ക്' എന്നാൽ 'ഡിജിറ്റൽ ടെർമിനേഷൻ' എന്നാണ്. അതിൽ കുറഞ്ഞ സസ്പെൻഷൻ പ്രയാസമായിരിക്കും. രാജ്യത്തിന്റെ സാമ്പത്തിക ക്രമത്തിൽ കൂലിയുടെ വിഹിതത്തിൽ അരക്ഷിതാവസ്ഥ സാരമായ കുറവ് വരുത്തും. ലാഭമായി സമ്പാദിക്കപ്പെടുന്ന ഒരു രൂപയേക്കാൾ കൂലിയായി നൽകപ്പെടുന്ന ഒരു രൂപയാണ് കമ്പോളത്തിൽ കൂടുതൽ 'ഡിമാൻഡ്' ഉണ്ടാക്കുന്നത്. കൂലി കുറയുന്നതിനിടയാക്കുന്ന ഏതു സാഹചര്യവും ആഭ്യന്തര കമ്പോളത്തെ ചുരുക്കുകയും തദ്വാര തൊഴിൽ സാധ്യതയെ പിറകോട്ടടിപ്പിക്കുകയും ചെയ്യും. കോവിഡ് കാലത്ത് ആസൂത്രിതമായി ഈ സ്ഥിതി നേരിട്ടവരാണ് തൊഴിലാളിവർഗം. അരക്ഷിത തൊഴിൽ കമ്പോളം വാസ്തവത്തിൽ തൊഴിൽ വളർച്ചയെ തടസപ്പെടുത്തുകയാണ് ചെയ്യുക. സ്ത്രീതൊഴിലാളികൾക്കാണ് ഇത്തരം അവസ്ഥയിൽ സാധ്യതകൾ കൂടുതൽ ഇല്ലാതാവുക.

നവലിബറൽ വക്താക്കളുടെ വാദം സമ്മതിച്ചാൽ തന്നെ, വരുമാന വിതരണത്തിലെ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ അവർ അവകാശപ്പെടുന്ന നിക്ഷേപ വർധനയുടെ നേട്ടത്തെയാകെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഉയർന്ന ജിഡിപി വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുമ്പോഴും സമ്പദ് വിതരണ വ്യവസ്ഥ തൊഴിലാളികൾക്ക് എതിരായതിന്റെ ഫലമായുണ്ടായ ഡിമാന്റിലെയും ഉൽപാദനത്തിലെയും വ്യതിയാനം, തൊഴിൽ ശക്തിയുടെ വളർച്ചക്ക് പ്രതിബന്ധമായി മാറിയിരിക്കുന്നു.

അരക്ഷിത തൊഴിൽ കമ്പോളം ഉടമകൾക്ക് നൽകുന്ന സ്വാതന്ത്ര്യത്തെപ്പറ്റി പറയുമ്പോൾ മറന്നുപോകുന്ന ഒരു വസ്തുതയുണ്ട്. ഏത് വ്യവസ്ഥിതിയുടെ കീഴിലായാലും തൊഴിലാളികൾ ഒരേ ശേഷിയോടെ, ഒരേ തീവ്രതയോടെ പണിയെടുക്കും എന്ന കണക്കുകൂട്ടൽ അസ്ഥാനത്താകും. എന്നാൽ 'ആജീവാനാന്ത തൊഴിൽ' (Lifetime Employment) എന്നത് ലോകത്തെ വ്യാപകമായി സ്വീകരിക്കപ്പെട്ടു എന്നത് അധികമൊന്നും പഴയ കാര്യമല്ല'. കേരളത്തിൽ ഈയിടെ റിട്ടയർമെന്റ് പ്രായം 60 ആക്കിയത് സാമൂഹ്യ സമ്മർദത്തിന്റെ പുറത്ത് സർക്കാർ മരവിപ്പിച്ചപ്പോൾ പൊതുവിൽ തൊഴിലാളി കുടുംബങ്ങളിൽ മ്ലാനതയാണ് സൃഷ്ടിച്ചത്. തൊഴിലാളികളെ കുടുംബാംഗമായി കാണുന്ന, ആരോഗ്യവാനായി തൊഴിലാളിയെ നിലനിർത്തേണ്ടത്




**നവലിബറൽ സിദ്ധാന്തവും അരക്ഷിത തൊഴിൽ കമ്പോളവും മുതലാളിത്തത്തിന്റെ സമർഥമായ പുന: ശാക്തീകരണ സിദ്ധാന്തം തന്നെയാണ്. 'മാനുഷിക മുഖമുള്ള മുതലാളിത്തം', 'അച്ഛാ ദിൻ ആയേഗാ' തുടങ്ങിയ സങ്കലപങ്ങളുടെയെല്ലാം അർധശൂന്യതയാണ് ഇവിടെ വ്യക്തമാകുന്നത്. അരക്ഷിത കമ്പോളത്തിൽ ജോലിസമയം, ജോലിസ്ഥലം, ജോലി ചെയ്യാനുള്ള ഉപകരണങ്ങൾ എന്നതെല്ലാം ഇല്ലാതായി. തൊഴിലുടമ എല്ലാ ഉത്തരവാദിത്തിൽ നിന്നും മോചിതനാണ്. എല്ലാ ഉത്തരവാദിത്തവും തൊഴിലാളിയുടേതായി മാറി. ഉപഭോക്തൃ സന്തോഷമാണ് കൂലി നിശ്ചയിക്കുന്നത് എന്നാണ് പുതിയ കൂലിവ്യവസ്ഥ.**

**ഉൽപാദനോപാധികളുടെ ഉടമവകാശം കയ്യടക്കി വച്ച് പോന്നതിന് സമാനമാണ് തൊഴിലാളികളെ വെറും വസ്തു മാത്രമായി കണക്കാക്കുന്ന മുതലാളിത്തത്തിന്റെ പുതിയ നിലപാടും. തൊഴിലാളികൾ ട്രേഡ് യൂണിയൻ സംഘാടനത്തിലൂടെ ഇതിനെതിരെ രാഷ്ട്രീയ സമരങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. 'അരക്ഷിത തൊഴിൽ കമ്പോള'ത്തിനെതിരായ സമരം പൂർണവും വിട്ടുവീഴ്ചയില്ലാത്തതും ആകണം. ഭരണവർഗങ്ങളുടെ ഉറക്കം കെടുത്തുന്ന സമരങ്ങൾ വളർന്നുവരണം.**

മുതലാളിത്തത്തിന് ഒഴിവാക്കാൻ കഴിയാത്തതാണെന്ന കെയിൻസിയൻ ചിന്താഗതികളുടെ പ്രസക്തിയും, മുതലാളിത്ത ഉൽപ്പാദന പ്രക്രിയയിലും തൊഴിലാളികളുടെ മാനസിക ഉത്തേജനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. എന്നാൽ ഈ വസ്തുത അരക്ഷിത തൊഴിൽ കമ്പോളത്തിന്റെ വക്താക്കൾ അംഗീകരിക്കുന്നേയില്ല. 'തൊഴിലില്ലായ്മ കമ്പോളം' നിലനിർത്തുന്നത് തന്നെ അരക്ഷിത തൊഴിൽ കമ്പോളത്തെ പകരം വയ്ക്കാനാണെന്ന വസ്തുത പുതിയ തലമുറയും തിരിച്ചറിയുന്നില്ല. നിശ്ചിതകാല തൊഴിൽ എന്ന അഗ്നിപഥ് പദ്ധതിക്കെതിരായ സമരം കെട്ടടങ്ങിയതും ഇതുകൊണ്ടു തന്നെയാണ്.

### തൊഴിലാളി ഒരു വെറും വസ്തു

ഡിമാൻഡിൽ ഉണ്ടാക്കുന്ന കുറവ് ഉടമകളുടെ വരുമാനത്തിലുണ്ടാകുന്ന നഷ്ടസാധ്യത (Risk)യെപ്പറ്റി മാത്രം സംസാരിക്കുന്നവർ, തൊഴിലാളിയുടെ അന്യവൽക്കരണവും ദുരിതങ്ങളും സൃഷ്ടിക്കുന്ന തൊഴിൽ സംഘർഷങ്ങളും സമരങ്ങളും വഴിയുണ്ടാവുന്ന നഷ്ടസാധ്യതയെപ്പറ്റി മിണ്ടുന്നതേയില്ല. പണിമുടക്കിയാൽ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ ആവശ്യമായ ജനാധിപത്യപരമായ പരിഹാരം തേടുന്നതിന് പകരം തൊഴിലാളി പണിമുടക്കിയാൽ ഒരു ചുക്കും സംഭവിക്കില്ല എന്ന മനോഭാവം പ്രകടിപ്പിക്കുന്നത് എത്രയോ തവണ നാം കണ്ടു. ശക്തമായ പണിമുടക്ക് കഴിയുമ്പോൾ തൊഴിലാളിവർഗം ഉണ്ടാക്കിയ കോടികളുടെ നഷ്ടത്തിന്റെ കണക്ക് എഴുതി തൊഴിലാളിവർഗത്തെ ആകെ ആക്ഷേപിക്കാൻ പതിവ് പോലെ മുഖ്യധാര മാധ്യമങ്ങളുടെ വിലയിരുത്തലും, എഡിറ്റോറിയലും പതിവ് ജോലികൾ ചെയ്യുന്നു. രണ്ട് നഷ്ട സാധ്യതയേയും എവിടെയും താരതമ്യം ചെയ്യുന്നുമില്ല. മാനസികോത്തേജനമല്ല ഭയപ്പെടുത്തലാണ് പണിയെടുപ്പിക്കാനുള്ള നല്ല മാർഗമെന്നാണ് ഇക്കൂട്ടരുടെ നിലപാട്. പിരിച്ചുവിടൽ ഭീഷണിയും, പുറത്ത് നിൽക്കുന്ന തൊഴിലില്ലാപ്പടയുടെ സാന്നിധ്യവും തൊഴിലാളിയെക്കൊണ്ട് പൂർണതോതിൽ പണിയെടുപ്പി,ക്കാനുള്ള സമ്മർദം ഒരുക്കുമെന്ന് അവർ കരുതുന്നു. ഇതിലൂടെ അധ്വാനിക്കുന്ന തൊഴിലാളി യന്ത്രങ്ങളുടെ ഉപഘടകങ്ങളായ വെറും വസ്തുക്കളായി മാത്രം പരിഗണിക്കപ്പെടുന്നു.

കാറൽ മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ, തൊഴിലാളിയെ വെറും ചരക്കായി മാത്രം കാണുകയെന്നത് മുതലാളിത്തത്തിന്റെ ലക്ഷണവും ലക്ഷ്യവുമായിത്തീരുന്നു. തൊഴിലാളിയെ അവന്റെ കർതൃ നഷ്ടബോധ്യത്തിൽനിന്നും താഴെയിറക്കി വെറും കൂലിതൊഴിലാളിയും യന്ത്രത്തിന്റെ ഒരു അനുബന്ധവും മാത്രമാക്കി തീർക്കുക എന്നാണ് മുതലാളിത്തത്തിന്റെ അന്തസത്ത.

നവലിബറൽ സിദ്ധാന്തവും അരക്ഷിത തൊഴിൽ കമ്പോളവും മുതലാളിത്തത്തിന്റെ സമർഥമായ പുനഃശാക്തീകരണ സിദ്ധാന്തം തന്നെയാണ്. 'മാനുഷിക മുഖമുള്ള മുതലാളിത്തം', 'അച്ഛാ ദിൻ ആയേഗാ' തുടങ്ങിയ സങ്കലപങ്ങളുടെയെല്ലാം അർഥശൂന്യതയാണ് ഇവിടെ വ്യക്തമാകുന്നത്.

അരക്ഷിത കമ്പോളത്തിൽ ജോലിസമയം, ജോലിസ്ഥലം, ജോലി ചെയ്യാനുള്ള ഉപകരണങ്ങൾ എന്നതെല്ലാം ഇല്ലാതായി. തൊഴിലുടമ എല്ലാ ഉത്തരവാദിത്തിൽ നിന്നും മോചിതനാണ്. എല്ലാ ഉത്തരവാദിത്തവും തൊഴിലാളിയുടേതായി മാറി. ഉപഭോക്തൃ സന്തോഷമാണ് കൂലി നിശ്ചയിക്കുന്നത് എന്നാണ് പുതിയ കൂലിവ്യവസ്ഥ. ലേബർ മാനേജ്മെന്റിന്റെ ഫലപ്രദമായ നവീകരണം എന്നാണ് അനൗപചാരിക തൊഴിൽമേഖലയെ വിശേഷിപ്പിക്കുന്നത്. കൂടുതൽ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നത് തൊഴിലാളിയാണെങ്കിലും ഫലത്തിൽ 'ഫ്രീഡം' അനുഭവിക്കുന്നത് തൊഴിൽ ഉടമകളാണ്.

ചരിത്രത്തിലുടനീളം കണ്ടുവന്ന, ഉൽപാദനോപാധികളുടെ ഉടമവകാശം കയ്യടക്കി വച്ച് പോന്നതിന് സമാനമാണ് തൊഴിലാളികളെ വെറും വസ്തു മാത്രമായി കണക്കാക്കുന്ന മുതലാളിത്തത്തിന്റെ പുതിയ നിലപാടും. എന്നാൽ എക്കാലത്തും തൊഴിലാളികൾ അവരുടെ ട്രേഡ് യൂണിയൻ സംഘാടനത്തിലൂടെ ഇത്തരം നിലപാടുകൾക്കെതിരെ സ്വന്തം കടമകൾ സ്ഥാപിച്ചെടുക്കാനുള്ള രാഷ്ട്രീയ സമരങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതി ഇനിയും മുന്നോട്ട് കൊണ്ടു പോകേണ്ടിയിരിക്കുന്നു. ഭാവി തൊഴിലാളിവർഗത്തിന്റേതാകുമ്പോൾ തൊഴിലാളികളെ ചരക്കുവൽക്കരിക്കുന്ന, 'അരക്ഷിത തൊഴിൽ കമ്പോളം' എന്ന ആശയം നേടിയെടുക്കുക എന്നത് അസാധ്യമായ ഒന്നായിത്തീരും. 'അരക്ഷിത തൊഴിൽ കമ്പോള'ത്തിനെതിരായ സമരം പൂർണവും വിട്ടുവീഴ്ചയില്ലാത്തതും ആകണം. ഭരണവർഗങ്ങളുടെ ഉറക്കം കെടുത്തുന്ന സമരങ്ങൾ വളർന്നുവരണം. അല്ലാത്ത പക്ഷം സ്വാഭാവികമായി ഉയർന്നുവരുന്ന പ്രതിഷേധ രൂപങ്ങൾ അരാജകവും ദുരന്തപൂർണമായ രൂപങ്ങൾ കൈക്കൊള്ളുന്നതുമാകും.

തൊഴിലുടമാ ബന്ധങ്ങളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. സാമൂഹ്യമാറ്റം എന്നത് ഉൽപാദന ശക്തികളിന്മേലുള്ള ഉടമസ്ഥാവകാശത്തിലെ മാറ്റം എന്നതായിരിക്കണം. ആയതിനാൽ അരക്ഷിത തൊഴിൽ കമ്പോളത്തിന് പരിഹാരം തേടുക എന്നത് ബദൽ മാർഗങ്ങളിലൂടെ സോഷ്യലിസത്തിലേക്കുള്ള കുതിച്ചുചാട്ടത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ എന്ന യാഥാർഥ്യം ഏവരും തിരിച്ചറിയേണ്ടിവരും.●

# ചൈന :സോഷ്യലിസ്റ്റ് ആധുനികവൽക്കരണത്തിന്റെ പാതയിൽ



വിജയ് പ്രഷാദ്, ടിങ്സ് ഷാക്

**'ആധുനികവൽക്കരണത്തിലേക്കുള്ള ചൈനീസ് പാതയിലൂടെ' രാജ്യത്തിന്റെ 'പുനരുജ്ജീവനം' എന്നതായിരുന്നു ഈ വർഷത്തെ സിപിസി കോൺഗ്രസിന്റെ പ്രധാന പ്രമേയങ്ങളിലൊന്ന്. സിപിസി ജനറൽ സെക്രട്ടറി ഷി ജിൻപിംഗ് കോൺഗ്രസിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ, ചൈനയെ 'ഒരു ആധുനിക സോഷ്യലിസ്റ്റ് രാജ്യമായി' കെട്ടിപ്പടുക്കുന്നതിനുള്ള മാർഗങ്ങളാണ് വരച്ചുകാട്ടിയത്.**

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈന (സിപിസി)യുടെ 20-ാമത് ദേശീയ കോൺഗ്രസ് 2022 ഒക്ടോബർ 16 മുതൽ ഒക്ടോബർ 22 വരെ നടന്നു. സിപിസിയുടെ 96 ദശലക്ഷം അംഗങ്ങളെ പ്രതിനിധാനം ചെയ്താണ് പ്രതിനിധികൾ ഓരോ അഞ്ച് വർഷത്തിലും പാർടിയുടെ ഉന്നത നേതാക്കളെ തിരഞ്ഞെടുക്കുന്നതിനും പാർട്ടിയുടെ ഭാവി ദിശ നിശ്ച യിക്കുന്നതിനുമായി യോഗം ചേരുന്നത്. 'ആധുനികവൽക്കരണത്തി ലേക്കുള്ള ചൈനീസ് പാതയിലൂടെ' രാജ്യത്തിന്റെ 'പുനരുജ്ജീവനം' എന്നതായിരുന്നു ഈ വർഷത്തെ സിപിസി കോൺഗ്രസിന്റെ പ്രധാന പ്രമേയങ്ങളിലൊന്ന്. സിപിസി ജനറൽ സെക്രട്ടറി ഷി ജിൻപിംഗ് കോൺഗ്രസിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ, ചൈനയെ 'ഒരു ആധുനിക സോഷ്യലിസ്റ്റ് രാജ്യമായി' കെട്ടിപ്പടുക്കുന്നതിനുള്ള മാർഗങ്ങളാണ് വരച്ചുകാട്ടിയത്. കോൺഗ്രസിനെക്കുറിച്ചുള്ള മിക്ക പാശ്ചാത്യ മാധ്യ മങ്ങളും ബെയ്ജിംഗിൽ നടന്ന കോൺഗ്രസിൽ പറഞ്ഞ യഥാർത്ഥ വാക്കുകൾ അവഗണിച്ചു, പകരം പാർട്ടിയിലെ ചർച്ചകളെക്കുറി ച്ച് വന്യമായ ഊഹാപോഹങ്ങൾ പറത്തിവിട്ടു. സമ്മേളനത്തിന്റെ സമാപന ചടങ്ങിനിടെ മുൻ ചൈനീസ് പ്രസിഡന്റ് ഹു ജിൻതാവോ ഗ്രേറ്റ് ഹാളിൽനിന്ന് പൊടുന്നനെ ഇറങ്ങിപ്പോയതിനെ ചിത്രീകരിച്ചത് ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. വാസ്തവത്തിൽ അസുഖം കാരണമാണ് അദ്ദേഹം ഇറങ്ങിപ്പോയത്. തങ്ങളുടെ അഭി പ്രായങ്ങൾ മറ്റുള്ളവരുടെ വായിൽ കുത്തിത്തിരുകുന്നതിന് പകരം സമ്മേളനത്തിൽ പ്രതിനിധികൾ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നെ ങ്കിൽ കുറേക്കൂടി കാര്യങ്ങൾ മനസ്സിലാക്കാമായിരുന്നു.

## സോഷ്യലിസ്റ്റ് ആധുനികവൽക്കരണം

**1949-ൽ ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാ രത്തിൽ വരുമ്പോൾ ലോകത്തിലെ ഏറ്റവും ദരിദ്ര രാജ്യങ്ങളിൽ പതിനൊന്നാമത്തേതായിരുന്നു ചൈന.**

1839 മുതൽ ചൈനയ്ക്കെതിരായ ബ്രിട്ടീഷ് യുദ്ധങ്ങളോടെ ആരംഭിച്ച 'അപമാനത്തിന്റെ നൂറ്റാണ്ടിന്' ശേഷം ആദ്യമായി, 1949-ൽ ചൈനീസ് ജനതയുടെ സാമൂഹിക സാഹചര്യം വളരെയധികം മെച്ചപ്പെട്ടതോടെ ചൈന ഒരു വൻശക്തിയായി മാറി.



1949- ലെ ചൈനീസ് വിപ്ലവത്തി ന്റെ മഹത്തായ നേട്ടത്തെക്കുറിച്ചും ചൈനീസ് സമൂഹത്തിൽ അത് ചെ ലുത്തിയ സ്വാധീനത്തെക്കുറിച്ചും ലോകത്തെ നിരന്തരം ഓർമ്മിപ്പിക്കു ന്നതാണ് ചെയർമാൻ മാവോ മെ മ്മോറിയൽ ഹാൾ. 2012-ൽ നടന്ന 18 -ാം കോൺഗ്രസിലാണ് ഷി ജിൻപിംഗ് സിപിസിയുടെ ജനറൽ സെക്രട്ടറിയാ യി തെരഞ്ഞെടുക്കപ്പെട്ടത്. 2013 മാർ ച്ചിൽ അദ്ദേഹം പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.



**ഷി ജിൻപിംഗ് സിപിസിയു ടെ ജനറൽ സെക്രട്ടറിയായും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം രാജ്യം സുപ്രധാന മായ മാറ്റങ്ങളിലൂടെയാണ് കടന്നുപോയത്. സാമ്പത്തിക മായ പുരോഗതിയാണതിൽ പ്രധാനം. ജിഡിപി ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചതോടെ ചൈന ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറി. 2013-ൽ 58.8 ട്രില്യൺ യുവാൻ ആയിരുന്ന ജിഡിപി 2021-ൽ 114.37 ട്രില്യൺ യുവാനിലേക്ക് വളർന്നു. ഇക്കാലയളവിൽ പ്രതിവർഷം ജിഡിപിയിൽ 6.6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. അതേ സമയം, 2013-നും 2021-നും ഇടയിൽ രാജ്യത്തിന്റെ പ്രതിശീർഷ ജിഡിപി ഇരട്ടി യോളമായി വളർന്നു. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളുടെ പട്ടികയിലേക്ക് ചൈന നടന്നുകയറി.**



**ലോക സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ, ചൈനയുടെ ജിഡിപി 2021-ൽ ആഗോള ജിഡിപിയുടെ 18.5 ശതമാനമായിരുന്നു. അതേസമയം 2013 മുതൽ 2021 വരെയുള്ള കാലയളവിൽ ലോക സാമ്പത്തിക വളർച്ചയുടെ 30 ശതമാനത്തിനും ആ രാജ്യം അവകാശിയായി. 2021-ലെ കണക്കു പ്രകാരം ലോകത്തെ ചരക്കുകളുടെ 30 ശതമാനവും ചൈനയിൽ നിർമിക്കപ്പെട്ടവയാണ്. അതായത് ഇക്കാര്യത്തിൽ 2012ലെ കണക്കിൽനിന്ന് 20 ശതമാനത്തിലേറെ വർധനവാണ് ആ രാജ്യം നേടിയത്. സാമ്പത്തിക പരിഷ്കരണം ആരംഭിച്ച 1978 മുതൽ 2014 വരെയുള്ള പതിറ്റാണ്ടുകളുടെ ചരിത്രം നോക്കിയാൽ 9.8 ശതമാനമെന്ന അഭൂതപൂർവമായ വളർച്ചാനിരക്കാണ് ചൈന നേടിയത്.**

അതിനുശേഷം, രാജ്യം സുപ്രധാനമായ മാറ്റങ്ങളിലൂടെയാണ് കടന്നുപോയത്. സാമ്പത്തികമായ പുരോഗതിയാണതിൽ പ്രധാനം. ജിഡിപി ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചതോടെ ചൈന ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറി. 2013ൽ 58.8 ട്രില്യൺ യുവാൻ ആയിരുന്ന ജിഡിപി 2021-ൽ 114.37 ട്രില്യൺ യുവാനിലേക്ക് വളർന്നു. ഇക്കാലയളവിൽ പ്രതിവർഷം ജിഡിപിയിൽ 6.6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. അതേസമയം, 2013 നും 2021 നും ഇടയിൽ രാജ്യത്തിന്റെ പ്രതിശീർഷ ജിഡിപി ഇരട്ടിയോളമായി വളർന്നു. , ഉയർന്ന വരുമാനമുള്ള രാജ്യങ്ങളുടെ പട്ടികയിലേക്ക് ചൈന നടന്നുകയറി. ലോക സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ, ചൈനയുടെ ജിഡിപി 2021-ൽ ആഗോള ജിഡിപിയുടെ 18.5 ശതമാനമായിരുന്നു. അതേസമയം 2013 മുതൽ 2021 വരെയുള്ള കാലവളയവിൽ ലോക സാമ്പത്തിക വളർച്ചയുടെ 30 ശതമാനത്തിനും ആ രാജ്യം അവകാശിയായി. 2021-ലെ കണക്കു പ്രകാരം ലോകത്തെ ചരക്കുകളുടെ 30 ശതമാനവും ചൈനയിൽ നിർമിക്കപ്പെട്ടവയാണ്. അതായത് ഇക്കാര്യത്തിൽ 2012ലെ കണക്കിൽനിന്ന് 20 ശതമാനത്തിലേറെ വർധനവാണ് ആ രാജ്യം നേടിയത്. സാമ്പത്തിക പരിഷ്കരണം ആരംഭിച്ച 1978 മുതൽ 2014 വരെയുള്ള പതിറ്റാണ്ടുകളുടെ ചരിത്രം നോക്കിയാൽ 9.8 ശതമാനമെന്ന അഭൂതപൂർവമായ വളർച്ചാനിരക്കാണ് ചൈന നേടിയത്. ഈ സാമ്പത്തിക നേട്ടങ്ങൾ ചരിത്രപരമാണ്, ഒരു കൂട്ടം വെല്ലുവിളികളും അനന്തരഫലങ്ങളും നിശ്ചയിക്കാതെ ഈ നേട്ടം കൈവരിക്കാനാവില്ല.

## ചൈനീസ് ജനത ഒരു പതിറ്റാണ്ട് മുമ്പ് നേരിട്ട സാഹചര്യത്തെക്കുറിച്ച്

കോൺഗ്രസിന്റെ ഉദ്ഘാടന വേളയിൽ, ഷി ജിൻപിങ് ഇങ്ങനെ സംസാരിച്ചു: "പരിഷ്കരണത്തിലും സമ്പദ്ഘടനയുടെ തുറന്നിടലിലും സോഷ്യലിസ്റ്റ് ആധുനികവൽക്കരണത്തിലും ചൈന മഹത്തായ നേട്ടങ്ങൾ കൈവരിച്ചു... അതേസമയം, നിരവധി പ്രധാന പ്രശ്നങ്ങളിലും വിഷയങ്ങളിലും (അവയിൽ ചിലത് വർഷങ്ങളായി രൂപപ്പെട്ടവയും ചിലത് സമീപകാലത്ത് ഉയർന്നുവരുന്നവയുമാണ്) അടിയന്തര നടപടി ആവശ്യമായവയാണ്. '

'ദുർബലവും പൊള്ളയും വെള്ളം ചേർക്കപ്പെടുന്നതുമായ അവസ്ഥയിലേക്കുള്ള പാർട്ടി നേതൃത്വത്തിലേക്കുള്ള വഴുക്കലിനെക്കുറിച്ച് പരാമർശിച്ച അദ്ദേഹം 'ധനാരാധന, സുഖഭോഗം, അഹംഭാവം, ചരിത്രപരമായ ശൂന്യതാവാദം' എന്നിവ ഒരു വികസന പ്രക്രിയയിലെ ആഴത്തിലുള്ള പ്രശ്നങ്ങളാണെന്ന് ചൂണ്ടിക്കാട്ടി. രാജ്യത്തെ ഒരു പതിറ്റാണ്ടായി നയിക്കുന്ന നേതാവിന്റെ സ്വയംവിമർശനത്തിന്റെ ഏറ്റവും പ്രധാനഭാഗങ്ങളായിരുന്നു ഇതെല്ലാം.

## അഴിമതി

ഒരു ദശാബ്ദം മുമ്പ്, സിപിസിയുടെ പതിനെട്ടാം ദേശീയ കോൺഗ്രസിൽ നടത്തിയ പ്രസംഗത്തിൽ, സ്ഥാനമൊഴിയുന്ന സെക്രട്ടറി ജനറൽ ഹു ജിന്റാവോ 'അഴിമതി' എന്ന വാക്ക് ആവർത്തിച്ച് പരാമർ



**‘ഒരേ സമയം കടുവകളോടും ഈച്ചകളോടും ഒരേ സമയം പോരാടുന്നതിന്’ താൻ പ്രതിജ്ഞാബദ്ധനാണ്’ എന്നാണ് 2013-ൽ സിപിസി ജനറൽ സെക്രട്ടറി എന്ന നിലയിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ ഷി പറഞ്ഞത്. പാർട്ടിയിലും സർക്കാരിലും ഉയർന്ന തലം മുതൽ താഴെത്തട്ട് വരെ വ്യാപിച്ച അഴിമതിയെ പരാമർശിക്കവെയായിരുന്നു അദ്ദേഹം ഇങ്ങനെ പറഞ്ഞത്. 2012 നവംബർ മുതൽ 2022 ഏപ്രിൽ വരെ, അഴിമതിക്കെതിരെ ശക്തമായ പോരാട്ടമാണ് ചൈന നടത്തിയത്.**

ശിച്ചിരുന്നു. ‘ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെടുന്ന പക്ഷം അത് പാർടിയെ സംബന്ധിച്ച് അപകടകരമാകുമെന്ന് മുന്നറിയിപ്പ് നൽകിയ അദ്ദേഹം ഇക്കാര്യത്തിൽ വരുത്തുന്ന പരാജയം പാർടിയുടെയും രാജ്യത്തിന്റെയും തകർച്ചയ്ക്ക് ഇടയാക്കുമെന്നും പറഞ്ഞു. സിപിസി ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ശേഷം ഷി ജിൻപിങ്ങിന്റെ ആദ്യ ദൗത്യം ഈ പ്രശ്നം പരിഹരിക്കുക എന്നതായിരുന്നു. സിപിസി ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ശേഷം ഷി ജിൻപിങ് ഏറ്റെടുത്ത ആദ്യ ദൗത്യം. ‘ഒരേ സമയം കടുവകളോടും ഈച്ചകളോടും ഒരേ സമയം പോരാടുന്നതിന്’ താൻ പ്രതിജ്ഞാബദ്ധനാണ്’ എന്നാണ് 2013-ൽ സിപിസി ജനറൽ സെക്രട്ടറി എന്ന നിലയിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ ഷി പറഞ്ഞത്. പാർട്ടിയിലും സർക്കാരിലും ഉയർന്ന തലം മുതൽ താഴെത്തട്ട് വരെ വ്യാപിച്ച അഴിമതിയെ പരാമർശിക്കവെയായിരുന്നു അദ്ദേഹം ഇങ്ങനെ പറഞ്ഞത്. പാർട്ടി അംഗങ്ങൾക്കായി 2012 ഡിസംബറിൽ ‘എട്ടിന’ ചട്ടങ്ങൾ ആരംഭിച്ചു, അപ്രസക്തമായ മീറ്റിംഗുകൾ, ഔദ്യോഗിക സന്ദർശനങ്ങൾക്കുള്ള അതിരുകടന്ന സ്വീകരണങ്ങൾ എന്നിവ പരിമിതപ്പെടുത്തണമെന്നും ‘ശ്രദ്ധയും മിതവ്യയവും’ ശീലിക്കണമെന്നും ആവശ്യപ്പെട്ടു. അതേസമയം, 2013 ജൂണിൽ ഷിജിൻപിങ് ഗവൺമെന്റ് വൻ ജനകീയ ക്യാമ്പയിൻ ആരംഭിച്ച് ഒരു വർഷത്തിനകം പ്രചാരണത്തിന് മുമ്പുള്ള കാലയളവിനെ അപേക്ഷിച്ച് ഔദ്യോഗിക മീറ്റിംഗുകളുടെ എണ്ണത്തിൽ 25 ശതമാനം കുറവുവന്നു. 160,000 ‘ഫാന്റം സ്റ്റാഫുകളെ’ സർക്കാർ ശമ്പളപ്പട്ടികയിൽ നിന്ന് നീക്കം ചെയ്തു. 2,580 ’അനാവശ്യ’ ഔദ്യോഗിക കെട്ടിട പദ്ധതികളും നിർത്തലാക്കി. കഴിഞ്ഞ ദശകത്തിൽ, 2012 നവംബർ മുതൽ 2022 ഏപ്രിൽ വരെ, അഴിമതിക്കെതിരെ ശക്തമായ പോരാട്ടമാണ് ചൈന നടത്തിയത്. 4.7 ദശലക്ഷം ഉദ്യോഗസ്ഥർ ഉൾപ്പെട്ട 4.4 ദശലക്ഷത്തോളം കേസുകൾ ഇതിന്റെ ഭാഗമായി അന്വേഷിച്ചു. പാർട്ടി അംഗങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കി. ഈ വർഷത്തിന്റെ ആദ്യ പകുതിയിൽ മാത്രം 24 മുതിർന്ന ഉദ്യോഗസ്ഥരുൾപ്പെട്ട അഴിമതിക്കേസുകളിൽ അന്വേഷണം നടത്തി. മുൻ മന്ത്രിമാർ, പ്രവിശ്യാ ഗവർണർമാർ, സർക്കാർ ഉടമസ്ഥതയിലുള്ള വൻകിട ബാങ്കുകളുടെ പ്രസിഡന്റുമാർ എന്നിവരെ പാർട്ടിയിൽ നിന്ന് പുറത്താക്കുകയും ജീവപര്യന്തം ഉൾപ്പെടെയുള്ള കഠിനമായ ശിക്ഷകൾ നൽകുകയും ചെയ്തു. 1978- ന് ശേഷമുള്ള ഉയർന്ന വളർച്ചയുടെ കാലഘട്ടത്തിൽ, സിപിസി അംഗങ്ങൾ ജനങ്ങളിൽ നിന്ന് കൂടുതൽ അകന്നു എന്ന ആശങ്കയാണ് ഹു ജിന്റാവോയുടെ അഭിപ്രായങ്ങളിലും ഷി ജിൻപിങ്ങിന്റെ പ്രവർത്തനങ്ങളിലും പ്രതിഫലിക്കുന്നത്. ഷി ജിൻപിങ് പ്രസിഡന്റായതിന്റെ ആദ്യ മാസങ്ങളിൽതന്നെ, പാർട്ടിയെ താഴെത്തട്ടിലെ ജനങ്ങളുമായി അടുപ്പിക്കുന്നതിനായി ”മാസ് ലൈൻ കാമ്പെയ്ൻ” ആരംഭിച്ചു. 2014-ൽ ആരംഭിച്ച ’ ദാരിദ്ര്യ നിർമാർജന’ പദ്ധതിയുടെ ഭാഗമായി 800,000 പാർട്ടി കേഡർമാർ 128,000 ഗ്രാമങ്ങളിൽ സർവേ നടത്തി. 2020-ൽ, കോവിഡ് മഹാമാരിയെ കൂസാതെ തന്നെ തീവ്രദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ ചൈന വിജയിച്ചു. 2015 ഒക്ടോബർ വരെയുള്ള ആഗോള ദാരിദ്ര്യം കുറയ്ക്കുന്നതിന്റെ 76 ശതമാനത്തിനും ചൈനയുടെ സംഭാവനയായി മാറി. പാർടിയുടെ സ്വയം തിരുത്തലിനുമപ്പുറം, അഴിമതിക്കാരായ ‘ഈച്ചകൾക്കും കടുവകൾക്കും’ എതിരെയുള്ള ഷി ജിൻ പിങ്ങിന്റെ ശക്തമായ വാക്കുകളും പ്രവർത്തനങ്ങളും ചൈനീസ് ജനതയ്ക്ക് സർക്കാരിലുള്ള വിശ്വാസം വർധിക്കാൻ ഇടയാക്കി. 2016 -ൽ സർക്കാരിന്റെ പ്രകടനത്തിലെ മൊത്തത്തിലുള്ള സംതൃപ്തി 93.1 ശതമാനമായിരുന്നു എന്നാണ് ഹാർവാർഡ് കെന്നഡി സ്കൂളിന്റെ ആഷ് സെന്റർ ഫോർ ഡെമോക്രാറ്റിക് ഗവേണൻസ് ആൻഡ് ഇന്നൊവേഷന്റെ 2020-ലെ ഒരു ഗവേഷണ പ്രബന്ധത്തിലെ കണ്ടെത്തൽ. ഗ്രാമപ്രദേശങ്ങളിലെ കൂടുതൽ അവികസിത പ്രദേശങ്ങൾ

ഏറ്റവും വലിയ വളർച്ച നേടിയതായും ഈ ഗവേഷണത്തിൽ കണ്ടെത്തി. വർധിച്ച സാമൂഹിക സേവനങ്ങൾ, പ്രാദേശിക ഉദ്യോഗസ്ഥരിലുള്ള വിശ്വാസം, ദാരിദ്ര്യത്തിനെതിരായ പ്രചാരണം എന്നിവയെല്ലാമാണ് ഗ്രാമീണ മേഖലകളിലെ ഈ ആത്മവിശ്വാസം ഉയരുന്നതിലേക്ക് നയിച്ചത്.

## ചരിത്രത്തിന്റെ ശരിയായ വശം

അപമാനത്തിന്റെ നൂറ്റാണ്ട് ഉൾപ്പെടെ കൊളോണിയലിസത്തിന്റെ ചരിത്രവും ചൈന മുന്നേറുമ്പോഴുണ്ടാകുന്ന സൃഷ്ടിക്കാനിടയുള്ള പ്രഭാവങ്ങളെക്കുറിച്ചും ഇരുപതാം കോൺഗ്രസിൽ ഷി ജിൻ പിങ്ങിന്റെ പ്രസംഗത്തിൽ പ്രതിഫലിച്ചിരുന്നു. "ആധുനികവൽക്കരണം പിന്തുടരുമ്പോൾ, ചില രാജ്യങ്ങൾ കൈക്കൊള്ളുന്ന യുദ്ധത്തിന്റെയും കോളനിവൽക്കരണത്തിന്റെയും കൊള്ളയുടെയും പഴയ പാതയിൽ ചൈന സഞ്ചരിക്കില്ല" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മറ്റുള്ളവരെ ചൂഷണം ചെയ്ത് ക്രൂരവും രക്തം പുരണ്ടതുമായ പാതയിലൂടെ സമ്പന്നമാകാനുള്ള ശ്രമങ്ങൾ വികസ്വര രാജ്യങ്ങളിലെ ജനങ്ങൾക്ക് ദുരിതങ്ങളാണ് സമ്മാനിച്ചത്. ചരിത്രത്തിന്റെ ശരിയുടെ പക്ഷത്തും മനുഷ്യപുരോഗതിയുടെ പക്ഷത്തും നാം ഉറച്ചുനിൽക്കും. ലോകത്തിന്റെ ആധിപത്യം തേടാൻ തങ്ങളുടെ രാജ്യത്തിന് താൽപ്പര്യമില്ലെന്നാണ് ചൈനീസ് ഉദ്യോഗസ്ഥർ ഞങ്ങളോട് സ്ഥിരമായി പറയുന്നത്. മനുഷ്യരാശിയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മറ്റ് രാജ്യങ്ങളുമായി സഹകരിക്കുക ന്നതിലാണ് ചൈനയ്ക്ക് താൽപര്യം. 2013ൽ ആരംഭിച്ച ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് പദ്ധതി തന്നെ ഉദാഹരണം. എല്ലാവരുടെയും സഹകരണവും വികസനവും ലക്ഷ്യമിട്ട് 2013ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം, ഇതുവരെ 150 രാജ്യങ്ങളിലായി ഒരു ട്രില്യൺ ഡോളറിന്റെ നിക്ഷേപവും നിർമാണ കരാറുകളും വഴി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമിച്ചിട്ടുണ്ട്. കഴിഞ്ഞ ദശകത്തിൽ ലോകത്തിലെ പുതിയ വനങ്ങളുടെ നാലിലൊന്ന് നട്ടുപിടിപ്പിച്ചതും പുനരുപയോഗ ഊർജ നിക്ഷേപത്തിലും വൈദ്യുത വാഹന ഉൽപ്പാദനത്തിലും ലോക നേതാവായി മാറിയതും കാലാവസ്ഥാ ദുരന്തത്തെ നേരിടാനുള്ള ചൈനയുടെ താൽപ്പര്യത്തിന് തെളിവാണ്. പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ, കോവിഡ് 19 പടർന്നപ്പോൾ ലാഭത്തേക്കാൾ ജീവനുകൾക്ക് മുൻഗണന നൽകുന്ന നയം ചൈന സ്വീകരിച്ചപ്പോൾ 325 ദശലക്ഷം ഡോസ് വാക്സിനുകൾ സംഭാവന ചെയ്യാൻ സാധിച്ചു. ഇതിന്റെ ഫലമായി ദശലക്ഷക്കണക്കിന് ജീവൻ രക്ഷിക്കാനായി. പൊതുജനാരോഗ്യ മേഖലയിലെ ഇത്തരം ശ്രമങ്ങളുടെ ഫലമായി ചൈനീസ് ജനതയുടെ ശരാശരി ആയുർദൈർഘ്യം 2020ൽ 77.93 വർഷം ആയിരുന്നത് 2021-ൽ 78.2 ശതമാനമായി വർധിച്ചു. അങ്ങനെ ആദ്യമായി ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ അമേരിക്കയെ മറികടക്കാൻ ചൈനക്ക് സാധിച്ചു. അമേരിക്കയിൽ 2020ൽ 77 വർഷവും 2021ൽ 76.2 വർഷവുമാണ് ആയുർദൈർഘ്യം.

> **1997-ൽ, അന്നത്തെ പ്രസിഡന്റ് ജിയാങ് സെമിൻ രണ്ട് ശതാബ്ദി ലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. 1921-ൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചതിന്റെയും 1949- ലെ ചൈനീസ് വിപ്ലവത്തിന്റെയും 100 വർഷത്തെ കുറിക്കാനുള്ള അടയാളങ്ങൾ ചൈനയുടെ എല്ലാ ദീർഘകാല സാമ്പത്തിക ആസൂത്രണത്തിനും സമകാലിക സ്ഥൂല സാമ്പത്തികനയ അജണ്ടയ്ക്കും അടിവരയിടുന്നു. പ്രധാന സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കുക, ദാരിദ്ര്യം നിർമാർജനം ചെയ്യുക, ജനസംഖ്യ നിയന്ത്രിക്കുക എന്നിവയാണ് മൂന്ന് ലക്ഷ്യങ്ങൾ. ഈ മൂന്ന് കടുത്ത യുദ്ധങ്ങളിൽ നിന്ന് കൂടുതൽ മുന്നോട്ട് പോയ സിപിസി കോൺഗ്രസ്, ചൈനയുടെ പരമാധികാരം കാക്കുന്നതിലും ജനങ്ങളുടെ അന്തസ്സും മാന്യതയും ഉയർത്തുന്നതിനും ശ്രദ്ധ നൽകി.**

ഈ സംഭവങ്ങളെ രാജ്യം സാമൂഹിക വികസനം കൈവരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്ന ദീർഘമായ പ്രക്രിയയുടെ പശ്ചാത്തലത്തിലല്ലാതെ ചൈനയിലെ കമ്മ്യൂണിസ്റ്റുകാർക്ക് കാണാനാവില്ല. 27 വർഷത്തിനുള്ളിൽ ചൈന വിപ്ലവത്തിന്റെ ശതാബ്ദി ആഘോഷിക്കും. 1997 -ൽ, അന്നത്തെ പ്രസിഡന്റ് ജിയാങ് സെമിൻ രണ്ട് ശതാബ്ദി ലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. 1921-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചതിന്റെയും 1949- ലെ ചൈനീസ് വിപ്ലവത്തിന്റെയും 100 വർഷത്തെ കുറിക്കാനുള്ള അടയാളങ്ങൾ "ചൈനയുടെ എല്ലാ ദീർഘകാല സാമ്പത്തിക ആസൂത്രണത്തിനും സമകാലിക സ്ഥൂല സാമ്പത്തികനയ അജണ്ടയ്ക്കും അടിവരയിടുന്നു. അക്കാലത്ത് ശ്രദ്ധിച്ചത്. 2017-ൽ ഈ ശ്രദ്ധയും ഊന്നലുംമൂന്ന് കടുത്ത യുദ്ധത്തിലേക്ക് മാറി. പ്രധാന സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കുക, ദാരിദ്ര്യം നിർമാർജനം ചെയ്യുക, ജനസംഖ്യ നിയന്ത്രിക്കുക എന്നിവയാണ് മൂന്ന് ലക്ഷ്യങ്ങൾ. ഈ മൂന്ന് കടുത്ത യുദ്ധങ്ങളിൽ നിന്ന് കൂടുതൽ മുന്നോട്ട് പോയ സിപിസി കോൺഗ്രസ്, ചൈനയുടെ പരമാധികാരം കാക്കുന്നതിലും ജനങ്ങളുടെ അന്തസ്സും മാന്യതയുംഉയർത്തുന്നതിനുംശ്രദ്ധ നൽകി.●



## തീവ്രദാരിദ്ര്യം : ലോകബാങ്ക് റിപ്പോർട്ട്

# ഇന്ത്യൻ അവസ്ഥ ദയനീയം

**ലോകബാങ്കിന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ മനുഷ്യർ ദയനീയമായ ദരിദ്രാവസ്ഥയിൽ കഴിയുന്നത്. 2020ൽ ഇന്ത്യയിൽ ദരിദ്രരുടെ സംഖ്യ 5.6 കോടി കൂടി വർധിച്ചിരിക്കുന്നു. ലോകമെമ്പാടുമുള്ള 70 ദശലക്ഷം ദരിദ്രരിൽ 80 ശതമാനത്തോളവും ഇന്ത്യയിലാണെന്നർഥം. ലോകത്തെ പത്തു വ്യക്തികളിൽ കോവിഡ് കാലത്ത് ദാരിദ്ര്യത്തിലേക്ക് എടുത്തെറിയപ്പെട്ട എട്ടു വ്യക്തികളും ഇന്ത്യക്കാരാണെന്നർഥം.**

കോവിഡ് 19, ഉക്രൈൻ യുദ്ധം എന്നിവ സൃഷ്ടിച്ച സാമ്പത്തിക തിരിച്ചടികൾ ലോകമെങ്ങുമുള്ള ദാരിദ്ര്യ ലഘൂകരണ പദ്ധതികളെ ദോഷകരമായി ബാധിച്ചെന്ന് ആഗോള ദാരിദ്ര്യം സംബന്ധിച്ച ലോകബാങ്ക് റിപ്പോർട്ട് വെളിപ്പെടുത്തുന്നു. 2015 മുതൽ തന്നെ ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ വേഗം കുറഞ്ഞിരുന്നു. എന്നാൽ മഹാമാരിയും യുദ്ധവും പദ്ധതികൾക്ക് കനത്ത തിരിച്ചടി സൃഷ്ടിച്ചു.

### തീവ്രദാരിദ്ര്യം നിർവചിക്കപ്പെടുന്നു.

ഉപഭോഗ നിലയെ അടിസ്ഥാനമാക്കിയാണ് ലോകബാങ്ക് തീവ്രദാരിദ്ര്യത്തെ നിർവചിക്കുന്നത്. അതുപ്രകാരം 2.15 ഡോളറിൽ താഴെ വരുമാനമുള്ളവരാണ് ഈ ഗണത്തിൽപെടുന്നത്. 2019ൽ ഏതാണ്ട് 648 ദശലക്ഷം ജനങ്ങൾ ആഗോളമായി ഈ സാഹചര്യത്തിൽ നരകിക്കുകയാണ്. ക്രയശേഷിയിലെ തുല്യത അടിസ്ഥാനമാക്കിയാണ് 2.15 ഡോളർ നിശ്ചയിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇത് 46 രൂപയ്ക്ക് തുല്യമാണ്.(ഉൽപ്പന്നങ്ങളുടെ വിലവ്യത്യാസം പരിഗണിച്ചാണിത്) അന്താരാഷ്ട്ര ദാരിദ്ര്യരേഖ ഇടവേളകളിൽ പുതുക്കുന്നുണ്ട്.

പ്രഥമ അന്താരാഷ്ട്ര ദാരിദ്ര്യ രേഖ തയ്യാറാക്കിയത് 1990ൽ ആണ്. 1985ലെ വില കണക്കാക്കി പ്രതിദിനം ഒരു ഡോളറിൽ താഴെ വരുമാനമുള്ള വരെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കി. 1993ൽ അത് 1.08 ഡോളറും 2005ൽ 1.25 ഡോളറും 2011ൽ 1.90 ഡോളറുമായി കണക്കാക്കി. 2017 വിലനിലവാരം കണക്കാക്കിയാണ് 2.15 ഡോളർ എന്ന മാനദണ്ഡം നിശ്ചയിച്ചത്.

### ഇന്ത്യയുടെ ദാരിദ്ര്യത്തെക്കുറിച്ച് ലോകബാങ്ക്

ലോകബാങ്കിന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ മനുഷ്യർ ദയനീയമായ ദരിദ്രാവസ്ഥയിൽ കഴിയുന്നത്. 2020ൽ ഇന്ത്യയിൽ ദരിദ്രരുടെ സംഖ്യ 5.6 കോടി കൂടി വർധിച്ചിരിക്കുന്നു. ലോകമെമ്പാടുമുള്ള 70 ദശലക്ഷം ദരിദ്രരിൽ 80 ശതമാനത്തോളവും ഇന്ത്യയിലാണെന്നർഥം. ലോകത്തെ പത്തു വ്യക്തികളിൽ കോവിഡ് കാലത്ത് ദാരിദ്ര്യത്തിലേക്ക് എടുത്തെറിയപ്പെട്ട എട്ടു വ്യക്തികളും ഇന്ത്യക്കാരാണെന്നർഥം. CMIE യുടെ സ്ഥിതിവിവരക്കണക്കുകളാണ് ലോകബാങ്ക് ഉപയോഗിച്ചിട്ടുള്ളത്. 2011 മുതൽ ഇന്ത്യയിൽ ദാരിദ്ര്യം സംബന്ധിച്ച ഔദ്യോഗിക കണക്കുകളൊന്നും ലഭ്യമല്ല.

”നാഷണൽ സാംപിൾ സർവെ ഓർഗനൈസേഷന്റെ 2017/2018ലെ പൂർണസ്ഥിതി വിവരക്കണക്കുകൾ പുറത്തുവിടേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് . ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ ദയനീയത കോവിഡിനു മുമ്പ് തന്നെ വർധിച്ചിട്ടുണ്ട്. ഉക്രൈൻ യുദ്ധം ഇന്ത്യക്കാരെ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിട്ടു. ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യയുമായി താരമത്യം ചെയ്യാവുന്ന ഏക രാജ്യമായ ചൈന അഭൂതപൂർവമായ വേഗത്തിലും അളവിലും ദാരിദ്ര്യം നിർമാർജനം ചെയ്തതിന് ലോകത്തിന്റെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഇത് ഒരു ചരിത്രപരമായ നേട്ടമായാണ് വിലയിരുത്തപ്പെടുത്തുന്നത്.

# കേന്ദ്ര അവഗണനക്കിടയിലും കേരളത്തിന്റെ സമ്പദ് വളർച്ച ഉറപ്പാക്കി

ഇന്ത്യയും പല ലോകരാഷ്ട്രങ്ങളും സാമ്പത്തിക മുരടിപ്പിലായപ്പോൾ കേരളത്തിന്റെ മികച്ച വളർച്ച നിരക്ക് ശ്രദ്ധേയമാകുന്നു. പ്രളയവും കോവിഡും സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും സംസ്ഥാന സർക്കാർ സ്വീകരിച്ച ഹ്രസ്വകാല, ദീർഘകാല സാമ്പത്തിക നടപടികളാണ് മുന്നേറ്റത്തിന്റെ അടിസ്ഥാനം. കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ 12.01 ശതമാനം വളർച്ചയുണ്ടായി. മുൻവർഷങ്ങളിലെ തളർച്ചയിൽനിന്നാണ് (ന്യൂന വളർച്ച) വീണ്ടെടുപ്പ്. പ്രകൃതിദുരന്തങ്ങളും കേന്ദ്ര സർക്കാരിന്റെ നിസ്സഹകരണവും മറികടന്ന നേട്ടം. രണ്ട് കോവിഡ് ഉത്തേജക പാക്കേജും തുടർനടപടികളും സംസ്ഥാനത്തിന്റെ സാമ്പത്തിക ചലനാത്മകത വീണ്ടെടുത്തു.

2018ലും 2019ലും വെള്ളപ്പൊക്കത്തിൽ മുങ്ങിയ സമ്പദ്ഘടന, കോവിഡിൽ സുസ്ഥിരവികസനത്തിന് കനത്ത വെല്ലുവിളിയായി. തുടർന്നാണ് 2020 മാർച്ചിലും 2021 ജൂണിലും 20,000 കോടി രൂപവീതമുള്ള സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചത്. 2021 ജൂലൈയിൽ ചെറുകിട വ്യവസായങ്ങൾക്കായി 5650 കോടി രൂപയുടെ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചു. വാങ്ങൽശേഷി ഉയർത്തിയത് ഉൽപ്പാദന മേഖലകളുടെ മടങ്ങിവരവിൽ വലിയ പങ്കുവഹിച്ചു. അടച്ചുപൂട്ടലിൽ ഏഴുമാസത്തിൽ ക്ഷേമപെൻഷനായി 4406 കോടി രൂപ വിതരണം ചെയ്തു.

പ്രതിമാസം പെൻഷനും ഉറപ്പാക്കി. ക്ഷേമപെൻഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് 1000 രൂപവീതം 148 കോടി നൽകി. കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപവരെ വായ്പ നൽകി. പലിശ സർക്കാർ ഏറ്റെടുത്തു. ആവശ്യ ഭക്ഷ്യവസ്തുക്കൾ ഉറപ്പാക്കാൻ 1150 കോടി രൂപ നീക്കിവച്ചു. ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 1000 രൂപവീതം 356 കോടി നൽകി. റബർ കർഷകർക്കു മാത്രം 500 കോടി നൽകി. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടിയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് 8900 കോടിയും നീക്കിവച്ചു.

സാമ്പത്തിക പുനരുജ്ജീവനത്തിന് വായ്പകൾ, സബ്സിഡികൾ എന്നിവയിലൂടെ 8300 കോടി വിതരണംചെയ്തു. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി വിപുല വായ്പാ പദ്ധതി നടപ്പാക്കി. എല്ലാവർക്കും തൊഴിൽ ഉറപ്പാക്കാൻ ബൃഹദ് പദ്ധതി ഏറ്റെടുത്തു. തീരദേശ മേഖലയിൽ 11,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും തുടക്കമിട്ടു. ഇതെല്ലാം വളർച്ച നിരക്ക് ഉയർത്തി.




## ഒരു ചങ്ങാത്ത മുതലാളിയുടെ ഉദയം

# അദാനിയുടെ 137.4 ശതകോടി ഡോളറിന്റെ ബിസിനസ്

ടെസ്ല ഉടമ ഇലോൺ മസ്കിനെയും ആമസോൺ ഉടമ ജെഫ് ബസോസിനെയും പിന്തള്ളി 137.4 ശതകോടി ഡോളറിന്റെ ബിസിനസ് സാമ്രാജ്യത്തിന്റെ ഉടമ ഗൗതം അദാനി ലോകത്തെ മൂന്നാമത്തെ സമ്പന്നനായി. 1988-ന്റെ തുടക്കത്തിൽ ഉല്പന്നങ്ങളുടെ വിപണന ബിസിനസുമായാണ് അദാനി എന്റർപ്രൈസസ് രംഗത്തു വന്നത്. ഇന്ന് അദാനി എന്റർപ്രൈസസ് തുറമുഖങ്ങളും വിമാനത്താവളങ്ങളും റോഡുകളും വൈദ്യുതി പദ്ധതികളും പുനരുപയോഗ ഊർജ പദ്ധതികളും വൈദ്യുതി പ്രസരണ പദ്ധതികളും മാത്രമല്ല റിയൽ എസ്റ്റേറ്റ് പദ്ധതികളും എഫ്എംസിജിയും ഫിനാൻഷ്യൽ സേവന സ്ഥാപനങ്ങളും എല്ലാം നടത്തുന്ന വൻ സംരംഭമായി വളർന്നിരിക്കുന്നു. സമീപകാലത്ത് അദാനി ഗ്രൂപ്പ് മാധ്യമ ബിസിനസിലേക്കും കടന്നിരിക്കയാണ്.

കൽക്കരി, സോളാർ ഉൽപ്പാദനം പോലുള്ള പ്രകൃതി സമ്പത്തുകളുമായി ബന്ധപ്പെട്ട ബിസിനസ് കൂടാതെ പ്രതിരോധം, എറോസ്പേസ്, വിമാനത്താവളം, വെള്ളം, റോഡ്, റെയിൽ, ഡാറ്റ സെന്റർ എന്നീ മേഖലകളിലും അദാനിയുടെ ആധിപത്യമുണ്ട്.

1994-ലാണ് അദാനി എന്റർപ്രൈസസ് ആദ്യമായി ഗ്രൂപ്പിന്റെ ലിസ്റ്റഡ് സ്ഥാപനമായി മാറുന്നത്. ഇന്ന് ഈ ഗ്രൂപ്പിന് 19.29 ലക്ഷം കോടി രൂപയുടെ കമ്പോള മൂലധനമുള്ള ഏഴ് കമ്പനികൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. 1995ൽ മുന്ദ്ര തുറമുഖം പ്രവർത്തനം തുടങ്ങി. അതിനു ശേഷം ഈ ഗ്രൂപ്പ് തുറമുഖ ബിസിനസിൽ സ്ഥാനമുറപ്പിച്ചു കൊണ്ട് ഏഴു സംസ്ഥാനങ്ങളിലായി 13 ആഭ്യന്തര തുറമുഖങ്ങൾക്കുമേൽ ആധിപത്യം നേടി. അങ്ങനെ രാജ്യത്തെ ചരക്കു ഗതാഗതത്തിൽ മൂന്നാമതായി അദാനി ഗ്രൂപ്പ്.

1999-ൽ കൽക്കരി വ്യവസായത്തിൽ പ്രവേശിച്ചു. ഇന്ന് രാജ്യത്തെ ഏറ്റവും വലിയ കൽക്കരി വിതരണക്കാരായും ഏറ്റവും വലിയ കൽക്കരി ഇറക്കുമതിക്കാരായും അദാനി എന്റർപ്രൈസസ് മാറി. 2007ൽ അദാനി പോർട്സ് ആൻഡ് എസ്ഇഇസഡ്, അദാനി പവർ എന്നിവ ഓഹരിവിപണിയിൽ ലിസ്റ്റ് ചെയ്തു. 2017ൽ ഈ ഗ്രൂപ്പ് സോളാർ ഫോട്ടോവോൾട്ടൈക്(പിവി) പാനൽ നിർമാണത്തിൽ പ്രവേശിച്ചു. 2019ൽ എയർ പോർട് ബിസിനസിലേക്ക് കടന്ന അദാനി എയർ പോർട്സ് ഇന്ന് അഹമ്മദാബാദ്, ലക്നൗ, മംഗളൂരു, ജയ്പൂർ, പട്ന, ഗുവാഹതി, തിരുവനന്തപുരം എന്നീ എയർപോർട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

2020 ആഗസ്റ്റിൽ മുംബൈ എയർപോർടിന്റെ 74 ശതമാനം ഓഹരികൾ കൈവശപ്പെടുത്താൻ ആഗ്രഹം പ്രകടിപ്പിച്ച അദാനി ഗ്രൂപ്പ് ആഗസ്റ്റിൽ തന്നെ മുംബൈ വിമാനത്താവളം പൂർണമായി ഏറ്റെടുത്തു.

2020-ൽ ഗ്രൂപ്പ് കാർഷികോൽപ്പന്ന വിപണിയിൽ പ്രവേശിക്കുകയും കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും സൂക്ഷിപ്പിനും വിൽപ്പനയ്ക്കും കയറ്റുമതിക്കുമായി വിവിധ സംസ്ഥാനങ്ങളിൽ വെയർ ഹൗസുകൾ ആരംഭിച്ചു.

2021-ൽ ദേശീയ തലസ്ഥാന മേഖല (എൻസിആർ)യിലും മുംബൈയിലും ചെന്നൈയിലും ഹൈദരാബാദിലും സംയുക്ത സംരഭമായ അദാനി കണക്സ് എന്ന ഡാറ്റ സെന്റർ ആരംഭിച്ചു. ഗ്രൂപ്പിന്റെ പുതിയ സ്റ്റോക് എക്ചേഞ്ച് ആയ അദാനി വിൽമർ 2022 ജനുവരിയിൽ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തു. ഈ കമ്പനിക്ക് ഇപ്പോൾ 89,931 കോടി രൂപയുടെ കമ്പോള ശേഷിയുണ്ട്. മുഖ്യധാരാ മാധ്യമമേഖലയിൽ കണ്ണുള്ള അദാനി ഗ്രൂപ്പ് 2022 ഏപ്രിലിൽ എഎംജി മീഡിയ നെറ്റ് വർക്ക് എന്ന സ്ഥാപനം ആരംഭിച്ചു. ഡിജിറ്റൽ ന്യൂസ് പ്ലാറ്റ്ഫോമായ ബ്ലൂംബേർഗ് ക്വിന്റിൽ 49 ശതമാനം ഓഹരി കൈവശപ്പെടുത്തുമെന്ന് ഗ്രൂപ്പ് ഈ വർഷം മെയ് മാസത്തിൽ പ്രഖ്യാപിച്ചു. എൻഡിടിവിയിൽ 29.18% ഓഹരിയും അദാനി ഗ്രൂപ്പ് കൈവശപ്പെടുത്തി. ഇനി 26 ശതമാനം കൂടി കൈവശപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുമുണ്ട്. (അവലംബം: ഇന്ത്യൻ എക്സ്പ്രസ് 31.08.2022)

# കാക്കനാട്ടെ സെസ്സിലെ ട്രേഡ് യൂണിയൻ ഇടപെടലുകൾ

**എം എം നാസർ** (വൈസ് പ്രസിഡന്റ്, സെസ് വർക്കേഴ്സ് അസോസിയേഷൻ)

എറണാകുളം ജില്ലയിലെ കാക്കനാട് 34 വർഷം മുമ്പ് 108 ഏക്കറിലായി കൊച്ചിൻ എക്സ്പോർട്ട് പ്രോസസിംഗ് സോൺ പ്രവർത്തനം ആരംഭിക്കുമ്പോൾ യാതൊരു അടിസ്ഥാന സൗകര്യ വികസനവും ഇല്ലാത്ത പ്രദേശമായിരുന്നു. ഇപ്പോൾ സെസ്സിൽ 20000 ത്തിൽ അധികം ഡയറക്ട് എംപ്ലോയ്മെന്റും ഉണ്ട്. എറണാകുളം ജില്ലയിലെ ആകെ വ്യവസായ തൊഴിലാളികളുടെ എണ്ണത്തേക്കാൾ കൂടുതൽ സെസ്സിൽ ജോലി ചെയ്യുന്നു. സെസ് ന്റെ തന്നെ വിഭാഗമായ മുത്തൂറ്റ് ടെക്നോ പോളിസിൽ പതിനായിരത്തോളം ഐടി ജീവനക്കാരും ജോലിചെയ്യുന്നു. സെസ്സിനുള്ളിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ചില ജോലികൾ ഔട്ട്സോഴ്സ് ചെയ്ത് സമീപ ജില്ലയിലേക്ക് വർക്ക് ഫ്രം ഹോം നടക്കുന്നുണ്ട്.

മൂന്ന് പതിറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന സെസ്സിൽ പലതരത്തിലുള്ള വ്യവസായങ്ങൾ ഒന്നിച്ച് തുടങ്ങിയതിന്റ പ്രയാസങ്ങൾ വ്യവസായികളും ചില സമയത്ത് നാട്ടുകാരും അനുഭവിക്കുന്നുണ്ട്. മാലിന്യങ്ങൾ ഒന്നിച്ച് സംസ്കരിക്കാൻ ശ്രമിക്കുമ്പോൾ ആണ് അതിന്റെ ഏറ്റവും കൂടുതൽ പ്രയാസം നേരിടുന്നത്. തൊഴിലാളി യൂണിയനുകൾ പറയുന്നത് സെസിൽ മാത്രമായി പ്രത്യേക മിനിമം കൂലി കൊണ്ടുവരികയും കുറഞ്ഞ നിരക്കിൽ താമസസൗകര്യം ഉറപ്പാക്കുകയും മാനസികോല്ലാസത്തിനും ഉതകുന്ന രീതിയിൽ കളി ഇടങ്ങളും തിയേറ്ററുകളും ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഉള്ളതാണ്. ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്ന കാന്റീൻ കെട്ടിടത്തിലേക്ക് ഇ എസ് ഐ യുടെ ആശുപത്രി കെട്ടിടം മാറ്റി സ്ഥാപിക്കുന്നത് നന്നായിരിക്കും. കോൺട്രാക്ട് തൊഴിലാളികൾക്ക് പോലും ഗ്രാറ്റിവിറ്റി കൊടുപ്പിക്കുന്നതിനും മൂന്നു വർഷകാല ദീർഘകാല എഗ്രിമെന്റ് വഴി ഇവർക്ക് 8000 രൂപയുടെ ശമ്പള വർധനവും നേടി കൊടുക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ യൂണിയനുകൾ ഉള്ള കമ്പനികളിൽ എല്ലാം തന്നെ മാനേജ്മെന്റ്മായി ചർച്ച നടത്തി 20000 രൂപ ശമ്പള വർദ്ധനവ് നേടിയെടുക്കാൻ കഴിഞ്ഞു. യൂണിയനിൽ ചേർന്നതിന് പ്രതികാരമായി തൊഴിലാളിയെ പിരിച്ചു വിട്ടപ്പോൾ മിന്നൽ സമരം നടത്തിയതിനെ തുടർന്ന് എട്ടു ദിവസത്തെ ശമ്പളം കുറവ് ചെയ്യുകയും ചർച്ചകൾക്ക് ഒടുവിൽ തൊഴിലാളിയെ തിരിച്ചെടുക്കുകയും അവധി ദിവസങ്ങളിൽ ജോലിക്ക് കയറി ഉൽപാദന നഷ്ടം പരിഹരിച്ച് കൊടുക്കുകയും അങ്ങനെ എട്ടു ദിവസത്തെ ശമ്പളം തിരിച്ചുപിടിക്കുകയും ചെയ്തു. യൂണിയനിൽ ചേരാതെ ഇരിക്കുന്നതിന് വേണ്ടി മാനേജ്മെന്റ് കൾ തൊഴിലാളികൾക്ക് ഇപ്പോൾ വീടു പണിയുന്നതിന് 2 ലക്ഷം രൂപ വരെ സംഭാവന നൽകുന്നു. ആദ്യകാലത്ത് ചുമട്ടുതൊഴിലാളികളും ആയി നിരന്തരം സംഘർഷത്തിൽ ആയിരുന്നു മാനേജ്മെന്റ് ഇപ്പോൾ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വെച്ച്, ചുമട്ടു തൊഴിലാളികൾക്ക് പ്രത്യേക ഇരിപ്പിടങ്ങൾ കൊടുത്തു വളരെ സൗഹാർദ്ദപരമായി പോകുന്നു. സംസ്ഥാന സർക്കാരിന്റെ പുതിയ തൊഴിൽ സമീപനങ്ങൾ വഴി സെസിലെ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന ഉറച്ച വിശ്വാസത്തിലാണ് തൊഴിലാളികൾ.

## സാമൂഹ്യ സൂചികകളിൽ ഗുജറാത്ത് പിറകിൽ

ശിശുമരണ നിരക്ക് അടക്കമുള്ള സാമൂഹ്യസൂചികകളിൽ 15 വർഷക്കാലയളവിൽ ഗുജറാത്ത് പിറകോട്ടുപോയതായി റിപ്പോർട്ട്. ദേശീയ കുടുംബാരോഗ്യ സർവേ, കേന്ദ്ര സ്ഥിതിവിവര മന്ത്രാലയം, നിതി ആയോഗ് റിപ്പോർട്ടു പ്രകാരം ഗുജറാത്തിന്റെ പ്രകടനം മോശമായികൊണ്ടിരിക്കുന്നു. സംസ്ഥാനം 1998 മുതൽ ബിജെപിയാണ് ഭരിക്കുന്നത്.സ്കൂളിൽ പോകാൻ അവസരം ലഭിച്ച സ്ത്രീകളുടെ എണ്ണത്തിൽ ഗുജറാത്തിൽ വലിയ കുറവുണ്ടായി. ഈ രംഗത്ത് കേരളമാണ് ഒന്നാമത്. 2005-06ൽ പട്ടികയിൽ 15-ാമതായിരുന്ന ഗുജറാത്ത് 2020-21 ൽ 19-ാം സ്ഥാനത്തായി.

പ്രായപൂർത്തി എത്തുംമുമ്പേ വിവാഹിതരാകേണ്ടി വരുന്ന സ്ത്രീകളുടെ എണ്ണം ഗുജറാത്തിൽ കൂടി. ഏറ്റവും കുറവ് ഹിമാചലിലും കേരളത്തിലും. ശിശുമരണ നിരക്കിൽ ഗുജറാത്ത് 19ാം സ്ഥാനത്താണ്. ഏറ്റവും കുറവ് കേരളത്തിൽ. കുട്ടികളുടെ വളർച്ചമുരടിപ്പിൽ ഗുജറാത്ത് 26-ാമതും പോഷകാഹാരക്കുറവിൽ 29ാമതുമാണ്. ശുചിത്വ സൂചികയിൽ പതിനെട്ടാമതും. ഈ പട്ടികയിലും ഒന്നാമത് കേരളം തന്നെ. ഉന്നതവിദ്യാഭ്യാസ പ്രവേശന നിരക്കിൽ 23-ാം സ്ഥാനവും പ്രാഥമിക വിദ്യാഭ്യാസ പ്രവേശന നിരക്കിൽ 21ാമതും ഹയർസെക്കൻഡറി പ്രവേശന നിരക്കിൽ 24-ാം സ്ഥാനത്തുമാണ് ഗുജറാത്ത്. മനുഷ്യവികസന സൂചികയിൽ 16-ാമത് മാത്രം. ഒന്നാമത് കേരളം. ഏറ്റവും അപകടകരമായ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനവും ഗുജറാത്തുതന്നെ. പ്ലാസ്റ്റിക് മാലിന്യ ഉൽപ്പാദനത്തിൽ സംസ്ഥാനങ്ങളുടെ പട്ടികയിൽ 27-ാമതും മലിനജല ശുചീകരണ മാനദണ്ഡങ്ങൾ പിന്തുടരുന്ന വ്യവസായങ്ങളുടെ പട്ടികയിൽ 24ാമതുമാണ്.

# പ്രായമേറുന്ന മനുഷ്യ സമൂഹവും പ്രത്യാഘാതങ്ങളും



ജോസ് ടി
എബ്രഹാം

**ഇപ്പോൾ മിക്ക രാജ്യങ്ങളും പ്രത്യേകിച്ച് വികസിത രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധി പ്രായമായി കൊണ്ടിരിക്കുന്ന സമൂഹങ്ങളുടേതാണ്. കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മിക്കവാറും എല്ലാ രാജ്യങ്ങളിലും മനുഷ്യ സമൂഹം ഈ രൂപത്തിലുള്ള പുതിയ ഒരു ഘട്ടത്തിലേക്ക് കടക്കുന്നു എന്നാണ് കണക്കുകൾ. 2015-നും 2050-നും ഇടയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം 12 ശതമാനത്തിൽ നിന്നും 22 ശതമാനമായി ഉയരും എന്നാണ് കണക്കാക്കപ്പെടുന്നത്. ജനസംഖ്യാപരമായ ഈ വ്യതിയാനം വലിയ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കും.**

പ്രപഞ്ചവും അതിന്റെ ഭാഗമായ ഭൂമിയും നിരന്തരം മാറ്റങ്ങൾക്ക് വിധേയമായി ക്കൊണ്ടിരിക്കുകയാണ്. ഭൂമിയിൽ ജീവജാലങ്ങൾ ഉണ്ടായത് ഈ നിരന്തര മാറ്റത്തിന്റെ ഭാഗമായാണ്. ഉണ്ടായ ജീവജാലങ്ങൾ അങ്ങനെതന്നെ നിൽക്കുകയല്ല ചെയ്യുന്നത്. മാറിക്കൊണ്ടിരിക്കുകയാണ്. ചില ജീവികളും സസ്യങ്ങളും അന്യംനിന്നു പോകുന്നുമുണ്ട്. മനുഷ്യൻ ഉണ്ടായതും ഈ പ്രക്രിയയുടെ ഒരു ഘട്ടത്തിലാണ്. പ്രാചീന മനുഷ്യനിൽ നിന്ന് ഇന്നത്തെ ആധുനിക മനുഷ്യനിലേക്ക് എത്തുന്നതിന് ഏതാണ്ട് 3 ലക്ഷത്തോളം വർഷം എടുത്തു എന്നാണ് കണക്കാക്കപ്പെടുന്നത്. മനുഷ്യൻ കൃഷി ആരംഭിക്കുകയും സ്ഥിരമായി ഒരിടത്ത് താമസിക്കുകയും സമൂഹമായി ജീവിക്കുകയും ചെയ്യാൻ തുടങ്ങിയിട്ട് ഏതാണ്ട് പതിനായിരത്തോളം വർഷങ്ങളായി. അതിന് ശേഷം വ്യവസായങ്ങൾ ഉയർന്നുവന്നു. വൈദ്യശാസ്ത്രം വികസിച്ചു. മനുഷ്യന്റെ എണ്ണം അഭൂതപൂർവ്വമായ രീതിയിൽ പെരുകാൻ തുടങ്ങി. ഇന്നിപ്പോൾ ലോക ജനസംഖ്യ 780 കോടിയോളമാണ്. മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ നാം നേരിട്ടുകൊണ്ടിരുന്ന ഏറ്റവും വലിയ ഒരു പ്രശ്നം പെരുകിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെ എണ്ണം എങ്ങനെ കടിഞ്ഞാണിട്ടു നിർത്താം എന്നതായിരുന്നു. സമീപകാലം വരെ ഇതായിരുന്നു സ്ഥിതിയെങ്കിൽ ഇപ്പോൾ മിക്ക രാജ്യങ്ങളും പ്രത്യേകിച്ച് വികസിത രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധി പ്രായമായി കൊണ്ടിരിക്കുന്ന സമൂഹങ്ങളുടേതാണ്. കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മിക്കവാറും എല്ലാ രാജ്യങ്ങളിലും മനുഷ്യ സമൂഹം ഈ രൂപത്തിലുള്ള പുതിയ ഒരു ഘട്ടത്തിലേക്ക് കടക്കുന്നു എന്നാണ് കണക്കുകൾ എല്ലാം സൂചിപ്പിക്കുന്നത്.

ജനസംഖ്യാപരമായ ഈ വ്യതിയാനം വലിയ പ്രത്യാഘാത



ങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കും. സമൂഹത്തിന്റെ മുൻഗണനാ ക്രമങ്ങളിൽ തന്നെ മാറ്റം വരും. 2015 നും 2050 നും ഇടയിൽ 60 വയസ്സി നു മുകളിൽ പ്രായമുള്ളവരുടെ എണ്ണം 12ശതമാനത്തിൽ നിന്നും 22 ശതമാനമായി ഉയരും എന്നാണ് കണക്കാക്കപ്പെടുന്നത്. അതായത് ഏതാണ്ട് ഇരട്ടിയാകുമെന്ന്. ലോക ത്താകെ ജനങ്ങളുടെ ആയുർദൈർ ഘ്യം ഉയരുകയാണ് 1960- കളിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം ശരാശരി 50.7 വർഷമായിരുന്നത് 2020ൽ 19.9 വർഷം വളർന്ന് 70.6 ആയി. സ്ത്രീകളുടെ ആയുർദൈർ ഘ്യം 1960ൽ 54.6 ആയിരുന്നത് 20.5 വർഷം കൂടി ഉയർന്ന് 75.1 ആയി. 2030 ൽ ലോകത്തെ ആറിൽ ഒരാൾ 60 വയസ്സിന് മുകളിലുള്ള ആളായി രിക്കും. 2050-ഓടുകൂടി ലോകത്ത് 60 വയസ്സിനു മുകളിലുള്ള ജന ങ്ങളുടെ എണ്ണം 140 കോടിയായി ഉയരും. 2020നും 2050-നും ഇടയിൽ 80 വയസ്സുള്ള ജനങ്ങളുടെ എണ്ണം മൂന്നിരട്ടിയാകും.ഏതാണ്ട് 49 കോടി പേർ 2050-ൽ 80 വയസ്സിന് മുകളിലുള്ളവർ ആയിരിക്കും. വയ സ്സാകുന്ന ജനത്തിന്റെ വിഷയം ആദ്യം വികസിത രാജ്യങ്ങളിലാണ് തുടങ്ങിയതെങ്കിലും ഇപ്പോൾ അത് വികസ്വര രാജ്യങ്ങളിലും അനുഭവവേദ്യമാണ്. ജപ്പാനിലെ 30% ജനങ്ങളും 60 വയസ്സിന് മുക ളിലുള്ളവരാണ്. 1990 ൽ ജപ്പാനിൽ 65 വയസ്സിനു മുകളിലുള്ള പുരുഷ ന്മാർ 9.7 ശതമാനം ആയിരുന്നത് 2021 ആയപ്പോൾ 25.7 ശതമാനം ആയി ഉയർന്നു. അതേപോലെ സ്ത്രീകളിൽ 65 വയസ്സിനു മുകളിൽ ഉള്ളവരുടെ ശതമാനം 1990 ൽ 13.9% ആയിരുന്നത് 2021 ൽ 31.6 ശതമാനമായി. ജർമ്മനിയിലും ഫ്രാൻസിലും ഒക്കെ ഏതാണ്ട് സ്ഥിതി ഇതുതന്നെയാണ്. 2021 ൽ അമേരിക്കയിൽ 65 വയസ്സിന് മുകളിലുള്ള പുരുഷന്മാർ ജനസം ഖ്യയുടെ 17.6 ശതമാനവും സ്ത്രീകൾ 18.6 ശതമാനവുമാണ്.

ചൈനയിലെ ജനസംഖ്യ ഇപ്പോൾ ചുരുങ്ങി കൊണ്ടിരിക്കു കയാണ് ഷാങ്ഹായ് അക്കാദമി ഓഫ് സോഷ്യൽ സയൻസിന്റെ പഠനം പറയുന്നത് പ്രതീക്ഷിച്ച തിലും പത്തുവർഷം മുമ്പ് തന്നെ ചൈനയുടെ ജനസംഖ്യ ചുരു ങ്ങാൻ തുടങ്ങിയെന്നാണ്. 2016 ൽ ചൈന ഒറ്റക്കുട്ടി നയം ഉപേക്ഷിച്ചു കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകാൻ നികുതിയിളവുകൾ, ഗർഭിണി കൾക്ക് ആരോഗ്യ സംരക്ഷണം, മറ്റു പ്രോത്സാഹനങ്ങൾ എല്ലാം നൽകുന്നുവെങ്കിലും ദമ്പതി കൾ കൂടുതൽ കുഞ്ഞുങ്ങൾക്ക് വലിയ താല്പര്യം കാണിക്കുന്നില്ല. ചൈനയിൽ ഒരു സ്ത്രീക്ക് 1.15 കുഞ്ഞ് എന്ന ജനന നിരക്കാണ് ഇപ്പോൾ ഉള്ളത്. ഇത് അമേരിക്കയുടെ ഒരു സ്ത്രീക്ക് 1.6, ജപ്പാന്റെ 1.3 എന്ന നിരക്കിലും വളരെ താഴെയാണ്. ചൈന കഴിഞ്ഞ വർഷം മൂന്നു കുട്ടി നയം നടപ്പാക്കിയെങ്കിലും സ്ഥിതിഗതിയിൽ മാറ്റം ഒന്നും വന്നിട്ടില്ല. സൗത്ത് കൊറിയയുടെ ജനസംഖ്യയും ഇടിഞ്ഞു കൊണ്ടി രിക്കുകയാണ്. 2020-ൽ സൗത്ത് കൊറിയയുടെ ജനസംഖ്യ 21000 കുറഞ്ഞു. ഇതിന് കോവിഡും ഒരു കാരണമാണ് എങ്കിലും സൂചന കൾ കാണിക്കുന്നത് ജനസംഖ്യ താഴേക്കാണെന്നാണ്. സൗത്ത് കൊറിയയുടെ പ്രത്യുൽപാദന നിരക്ക് ലോകത്ത് തന്നെ ഏറ്റവും കുറവുള്ള 0.8 ആണ്. ശരാശരി ഒരു സ്ത്രീക്ക് ഒരു കുഞ്ഞു പോലും ജനിക്കുന്നില്ല.

ഇന്ത്യയുടെ ജനസംഖ്യ അടുത്ത രണ്ടു പതിറ്റാണ്ടിൽ ഉയർന്നുകൊ ണ്ടിരിക്കും എന്നാണ് അനുമാനം. 1951-ൽ ഇന്ത്യയുടെ ജനസംഖ്യ 36.1 കോടിയായിരുന്നത് ഇപ്പോൾ 139 കോടിയായി ഉയർന്നു. 2023 ൽ ഇന്ത്യ ചൈനയെ ജനസംഖ്യ വിഷ യത്തിൽ മറികടക്കും എന്നാണ് യു എൻ ന്റെ വേൾഡ് പോപ്പുലേഷൻ പ്രോസ്പെക്ടസ് 2022 പറയുന്നത്. ഒരു റിപ്പോർട്ട് പറയുന്നത് 2042 ഓടുകൂടി ഇന്ത്യയുടെ ജനസംഖ്യ 150 കോടിയിൽ എത്തും എന്നും പിന്നീട് കുത്തനെ കുറഞ്ഞ് 2100 ൽ 100 കോടി എത്തും എന്നാണ്. 2100 ൽ ചൈനയുടെ ജനസംഖ്യ 70 കോടിയിൽ എത്തും എന്നാണ് കണക്കാക്കപ്പെടുന്നത്.

തെക്കേ ഇന്ത്യയിൽ ജനസംഖ്യ കുറയുന്ന പ്രവണത ഇപ്പോൾ



**കേരളം നേരിടുന്നത് മറ്റൊരു തരത്തിലുള്ള പ്രതിസന്ധിയാണ്. 2021-ൽ കേരളത്തിലെ പ്രത്യുൽപാദന നിരക്ക് 1.8 ആണ്. ജനസം ഖ്യ അതേ നിലയിൽ നിൽക്കണമെങ്കിൽ പ്രത്യുൽപാദന നിരക്ക് 2.1 ആയിരിക്കണം. കേരളത്തിന്റെ ജനസംഖ്യ കുറഞ്ഞു കൊണ്ടിരി ക്കുന്ന സ്ഥിതിയാണ്. വികസിത രാജ്യങ്ങൾ ജനസംഖ്യ ഇടിയുന്നത് മൂലം അഭ്യസ്തവിദ്യരുടെയും വിദ്യാർഥികളുടെയും കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിൽ നിന്നാണ് പഠിക്കാനും ജോലി ക്കുമായി യൂറോപ്പ്, അമേരിക്ക, കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം, ഗൾഫ് കുടിയേറ്റം എന്നിവ കൂടുതലായുള്ളത്.**

തന്നെ ദൃശ്യമാണ്. 2050 ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 12% മാത്രമെ തെക്കെ ഇന്ത്യയിലുണ്ടാവൂ. ഇപ്പോഴത് 15% ആണ്. കേരളത്തിൽ പ്രത്യുൽപാദന നിരക്ക് കുറഞ്ഞു കൊണ്ടിരിക്കുകയാണ്. 2012 ൽ ഒരു ദിവസം 1087 കുട്ടികളാണ് കേരളത്തിൽ ഉണ്ടായി കൊണ്ടിരുന്നത്. 2021 -ൽ അത് 767 ആയി കുറഞ്ഞു.

യു എൻ.ന്റെ വേൾഡ് പോപ്പുലേഷൻ കോസ്റ്റെ ചെക്സ് 2022 പറയുന്നത് ലോകത്തെ 61 രാജ്യങ്ങളിൽ ജനസംഖ്യ 2050 നു മുൻപായി ഇടിയും എന്നാണ്. ബൾഗേറിയ, ലാത്വിയ, ലിത്വാനിയെ, സെർബിയ തുടങ്ങി പെറു യൂറോപ്യൻ രാജ്യങ്ങളിലെ ജനസംഖ്യ 20% വരെ ഇടിയുമെന്നും യു.എൻ റിപ്പോർട്ട് പറയുന്നു.

കഴിഞ്ഞ 70 വർഷമായി ആഗോള തലത്തിൽ തന്നെ സ്ത്രീകളുടെ പ്രത്യുൽപാദന നിരക്ക് ഇടിഞ്ഞു കൊണ്ടിരിക്കുകയാണെന്നും യു.എൻ റിപ്പോർട്ട് പറയുന്നു. പ്രത്യുൽപാദന പ്രായഗ്രൂപ്പിൽപെട്ട സ്ത്രീകൾക്കുണ്ടാവുന്ന കുട്ടികളുടെ എണ്ണം 50% ത്തോളം ഇടിഞ്ഞു. 1951- ൽ ഒരു സ്ത്രീക്ക് 5 കുട്ടികൾ എന്ന കണക്കായിരുന്നെങ്കിൽ 2020 ആയപ്പോൾ അത് 2.4 ആയി കുറഞ്ഞു.

ഒരു രാജ്യത്തിന്റെ ജനസംഖ്യ അതേ പോലെ നിൽക്കണമെങ്കിൽ തന്നെ പ്രത്യുൽപാദന നിരക്ക് 2.1 ആയിരിക്കണം. വികസിത രാജ്യങ്ങളിൽ പ്രത്യുൽപാദന നിരക്ക് കുറഞ്ഞത് വളരെ സാവധാനത്തിലായിരുന്നു. എന്നാൽ സൗത്ത് കൊറിയ പോലുള്ള വികസ്വര രാജ്യങ്ങളിലും പല അവികസിത രാജ്യങ്ങളിലും പ്രത്യുൽപാദന നിരക്ക് ഇടിഞ്ഞത് അതിവേഗത്തിലാണ്. ബ്രിട്ടനിൽ 5 കുട്ടികൾ എന്ന നിരക്കിലെത്താൻ 180 വർഷമെടുത്തെങ്കിൽ സൗത്ത് കൊറിയക്ക് ആ നിലവാരത്തിലെത്താൻ 20 വർഷം മാത്രമാണെടുത്തത്. ഇന്ത്യയിൽ പ്രത്യുൽപാദന നിരക്ക് 10% ഇടിയാൻ 8 വർഷം മാത്രമാണെടുത്തത്. ഇന്ത്യയിൽ ഇപ്പോൾ ബീഹാർ, മേഘാലയ, ഉത്തർ പ്രദേശ്, ജാർഘണ്ട്, മണിപ്പൂർ എന്നീ അഞ്ച് സംസ്ഥാനങ്ങളിൽ മാത്രമാണ് പ്രത്യുല്പാദന നിരക്ക് 2.1 ന് മുകളിലുള്ളത്.

ഇതൊക്കെ പറയുമ്പോഴും ലോക ജനസംഖ്യ ഇപ്പോഴും ഉയർന്നു കൊണ്ടിരിക്കുകയാണ്. ആഗോള പ്രത്യുൽപ്പാദന നിരക്ക് 1990 -ൽ 3 ആയിരുന്നത് 2021- ൽ 2.3 ആയി കുറഞ്ഞു. സബ് സഹാറൻ ആഫ്രിക്കൻ രാജ്യങ്ങളിലായിരിക്കും വരുംകാലത്തെ ലോക ജനസംഖ്യ വർദ്ധനവിന്റെ 50%. 2100 വരെ ഈ വർദ്ധനവ് തുടരും. 2022 നവംബറിൽ ലോക ജനസംഖ്യ 500 കോടി കടക്കും. 2030- ൽ 5050ൽ 940 കോടിയും 2100 ൽ 1040 കോടിയും ആകുമെന്ന് യു.എൻ പോപ്പുലേഷൻ റിപ്പോർട്ട് പറയുന്നു. പിന്നീടങ്ങോട്ട് വർദ്ധിക്കില്ല എന്നാണനുമാനം. ഏറ്റവും പിന്നോക്കം നിൽക്കുന്ന സൊമാലി പോലെയുള്ള രാജ്യങ്ങളിലായിരിക്കും ജനസംഖ്യ വർദ്ധിക്കുന്നത്. ഇത് ആ രാജ്യങ്ങളിലെ ദാരിദ്ര്യം കൂടുതൽ രൂക്ഷമാക്കും.

## പ്രത്യാഘാതങ്ങൾ

ജനസംഖ്യയിൽ ഉണ്ടാകുന്ന ഇടിവ് പലതരം പ്രത്യാഘാതങ്ങൾക്ക് കാരണമാകും. ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം വർദ്ധിക്കുമ്പോൾ തൊഴിലെടുക്കാൻ കഴിയുന്നവരുടെ എണ്ണം കുറയും. സാമ്പത്തിക വളർച്ചയെ മൊത്തത്തിൽ തന്നെ അത് ബാധിക്കും. കൂടുതൽ സ്ത്രീകൾ വിദ്യാഭ്യാസം നേടി തൊഴിൽ ശൃംഖലയിൽ പങ്കാളികളാകുന്നത് കുറെയൊക്കെ ഈ പ്രശ്നത്തിന് പരിഹാരമാകും. അതോടൊപ്പം ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിൽ നിന്നും കുറവുള്ള പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം വർദ്ധിക്കാനും ഈ സ്ഥിതി കാരണമാകും. ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, റോബോട്ടൈസേഷൻ തുടങ്ങിയ മാർഗ്ഗങ്ങളുപയോഗിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിച്ച് പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഒരു ചിന്താഗതി. എന്നാൽ ഉൽപാദിപ്പിക്കുന്ന ചരക്കുകൾ വാങ്ങാൻ ജനങ്ങളില്ലാത്ത സ്ഥിതി മറ്റു പ്രതിസന്ധികൾ സൃഷ്ടിക്കും. സമൂഹത്തിന്റ ആവശ്യങ്ങളും രീതികളും എല്ലാം ഒരു സമൂഹത്തിന്റെ പ്രായഘടന അനുസരിച്ച് മാറും. ചെറുപ്പക്കാരുടെ ആവശ്യങ്ങളും അഭിരുചികളുമല്ല പ്രായമായവരുടെത്. കാഴ്ചപ്പാടുകളിൽ തന്നെ മാറ്റം വരും. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി സാമ്പത്തിക ശാസ്ത്രജ്ഞൻ ചാൾസ് ജോൺസ് പറയുന്നത് ജനസംഖ്യയിൽ വരുന്ന ഈ മാറ്റം മനുഷ്യ കുലത്തിന്റെ സർഗ്ഗശക്തിയിൽ (creativity) കുറവു വരുത്തുമെന്നാണ്. മനുഷ്യന്റെ സർഗ്ഗാത്മഗതക്ക് പകരമാവില്ല കൃത്രിമ ബുദ്ധി എന്നും ചാൾസ് ജോൺസ് പറയുന്നു.

പ്രായം കൂടുന്നതോടെ അനേകം ആരോഗ്യപ്രശ്നങ്ങളും സ്വാഭാവികമായി ഉണ്ടാകും. മനുഷ്യ ശരീരത്തിലെ സെല്ലുകൾ മൾട്ടിപ്ലെ ചെയ്യുന്നത് നിൽക്കുകയും, സെല്ലുകൾ നശിക്കാൻ തുടങ്ങുകയും ചെയ്യും. ശാരീരികവും മാനസികവുമായ കഴിവുകൾ കുറയാൻ തുടങ്ങും. കേരളം ഈ ഘട്ടത്തിൽ നേരിടുന്ന് മറ്റൊരു തരത്തിലുള്ള പ്രതിസന്ധിയാണ്. 2021 -ൽ കേരളത്തിലെ പ്രത്യുൽപാദന നിരക്ക് 1.8 ആണ്. ജനസംഖ്യ അതെ നിലയിൽ നിൽക്കണമെങ്കിൽ പ്രത്യുൽപാദന നിരക്ക് 2.1 ആയിരിക്കണം. കേരളത്തിന്റെ ജനസംഖ്യ കുറഞ്ഞു കൊണ്ടിരിക്കുന്ന സ്ഥിതിയാണെന്ന് ചുരുക്കം. അതോടൊപ്പമാണ് വികസിത രാജ്യങ്ങൾ ജനസംഖ്യ ഇടിയുന്നത് മൂലം അഭ്യസ്ഥവിദ്യരുടെയും വിദ്യാർത്ഥികളുടെയും കുടിയേറ്റം അവർ പ്രോത്സാഹിപ്പിക്കുന്നത്. അതിനാൽ കേരളത്തിൽ നിന്നാണ് വലിയ രീതിയിൽ പഠിക്കാനും ജോലിക്കുമായി യൂറോപ്പ്, അമേരിക്ക, കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഗൾഫ് കുടിയേറ്റം പോലെയുള്ളത്. പോകുന്നവർ തിരിച്ചു വരില്ല അവിടെ തന്നെ സ്ഥിര താമസമാക്കുന്ന സ്ഥിതിയുണ്ട്.●



എസ്.ജയമോഹൻ

# റബ്ബർ പ്രതിസന്ധി
# കേന്ദ്രം കൈ കഴുകരുത്

മൂന്നര പതിറ്റാണ്ടു കാലത്തെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി കേരളത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന സമൂഹങ്ങളിൽ ഒന്ന് റബ്ബർ കർഷകരും ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും ആണ്. ചെറുകിടക്കാരടക്കം 10 ലക്ഷത്തിലേറെ കർഷകരും 3 ലക്ഷത്തോളം തൊഴിലാളികളും റബ്ബർ മേഖലയിൽ ഉണ്ടെന്നാണ് കണക്ക്. ഒരു ഭാഗത്ത് റബ്ബറിന്റെ വില നിരന്തരം കുറയുമ്പോൾ മറുഭാഗത്ത് കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധ സമീപനം കാരണം ഉൽപ്പാദന ചിലവ് കൂടുകയും ചെയ്യുന്നു. കോവിഡ് കാലത്തുണ്ടായ വലിയ വിലയിടിവിൽ നിന്നും ഇടക്കാലത്ത് മാറ്റമുണ്ടായെങ്കിലും വീണ്ടും റബറിന്റെ വില റബർ കൃഷി നടത്താൻ കഴിയാത്ത വിധം ആർ.എസ്.എസ് നാലിന് പോലും കിലോ 140 രൂപ എന്ന നിലയിലേക്ക് കൂപ്പു കുത്തിയിരിക്കുകയാണ്.

**റബ്ബർ കർഷകരുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റം തുടങ്ങിയത് 2010- ൽ ആസിയൻ കരാർ നിലവിൽ വന്നതിന്റെ ഭാഗമായി ഇന്ത്യൻ വിപണി വിദേശ രാജ്യങ്ങളിൽ നിന്നുള്ള റബ്ബറുകൾക്ക് ഇറക്കുമതിക്ക് തുറന്നുകൊടുത്തത് മുതലാണ്.**

### റബ്ബർ കൃഷിക്ക് സംഭവിച്ചത്

റബ്ബറിന്റെ ഉൽപ്പാദനവും ഉപഭോഗവും വിലയും സംബന്ധിച്ച് കഴിഞ്ഞ ഒന്നര പതിറ്റാണ്ടിലെ റബ്ബർ ബോർഡ് തന്നെ പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഈ മേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ നടന്ന പ്രധാന മാറ്റങ്ങളെ കുറിച്ച് ബോധ്യപ്പെടും. 2005-06 വർഷങ്ങളിൽ രാജ്യത്തെ റബ്ബർ ഉൽപ്പാദനം 802625 ടണ്ണും ഉപഭോഗം 801110 ടണ്ണുമായിരുന്നു. അതെ സമയം അന്ന് രാജ്യം 45285 ടൺ റബ്ബർ ഇറക്കുമതിയും 73830 ടൺ റബ്ബർ കയറ്റുമതിയും ചെയ്തിരുന്നു. അതായത് ഒന്നര പതിറ്റാണ്ട് മുൻപ് രാജ്യത്തെ റബ്ബർ ഉപഭോഗത്തിന്റെ സിംഹഭാഗവും രാജ്യത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്ന സ്ഥിതിയായിരുന്നു. എന്നാൽ 2021-2022 വർഷത്തെ കണക്കുകൾ പ്രകാരം 2005 -06 വർഷങ്ങളെ അപേക്ഷിച്ചു രാജ്യത്തെ



**റബ്ബറിന്റെ വിലയിൽ ഇടിവ് ഉണ്ടാകുമ്പോഴും റബ്ബർ പ്രധാന അസംകൃത വസ്തുവായ വാഹനങ്ങളുടെ ടയറിന്റെ വിലയിൽ കുറവൊന്നും ഉണ്ടായിട്ടില്ല. മാത്രമല്ല കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ടയർ വില ഗണ്യമായി കൂടുകയും ചെയ്തു. 40% പ്രകൃതി ദത്ത റബ്ബറും 50% പെട്രോളിയം ഉല്പന്നങ്ങളുമാണ് ടയർ നിർമ്മാണത്തിന്റെ ആവശ്യമായ സുപ്രധാന അസംസ്കൃത വസ്തുതകൾ. ഇവയ്ക്ക് രണ്ടിനും ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വില ഇടിവ് നേരിട്ട സമയത്താണ് ടയറിന്റെ വില കൂട്ടി കോർപറേറ്റുകൾ ലാഭം കൊയ്തത് എന്നോർക്കണം.**

റബ്ബർ ഉപഭോഗത്തിൽ 54 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതിലെ ഏറ്റവും സുപ്രധാനമായ കാര്യം അതെ സമയം റബ്ബറിന്റെ ആഭ്യന്തര ഉൽപ്പാദനം കൂടിയില്ല എന്ന് മാത്രമല്ല അതിൽ മൂന്നര ശതമാനം കുറവും ഉണ്ടായി. ഏറ്റവും ഞെട്ടിക്കുന്ന വസ്തുത ഇക്കാലയളവിൽ റബ്ബറിന്റെ ഇറക്കുമതി 1100% വർദ്ധിക്കുകയും കയറ്റു മതിയിൽ 95% കുറവ് ഉണ്ടാവുകയും ചെയ്തു എന്നതാണ്.

റബ്ബർ കർഷകരുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റം തുടങ്ങിയത് 2010 ൽ ആസിയൻ കരാർ നിലവിൽ വന്നതിന്റെ ഭാഗമായി ഇന്ത്യൻ വിപണി വിദേശ രാജ്യങ്ങളിൽ നിന്നുള്ള റബ്ബറുകൾക്ക് ഇറക്കുമതിക്ക് തുറന്നുകൊടുത്തത് മുതലാണ്. നിലവിൽ ആഭ്യന്തര റബ്ബർ ആവശ്യത്തിന്റെ ഏതാണ്ട് 44% ശതമാനം ഇന്ത്യോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് നമ്മുടെ രാജ്യം. ഈ ഇറക്കുമതിയാണ് ആഭ്യന്തര വിപണിയിലെ റബ്ബറിന്റെ വിലയിടിവിന്റെ സുപ്രധാന കാരണം. ആസിയൻ കരാർ പ്രാബല്യത്തിൽ വരും മുൻപ് ഒരു കിലോ റബ്ബറിന് 245 രൂപ വരെ ലഭിച്ചിരുന്നു. എന്നാൽ രാജ്യം ഏറ്റവും വലിയ പണപ്പെരുപ്പം നേരിടുന്ന ഈ സാഹചര്യത്തിൽ പോലും റബ്ബറിന് കിലോയ്ക്ക് 150 രൂപ തികച്ച് കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ഇറക്കുമതി മൂലമുള്ള വില കിട്ടാത്തത് മാത്രമല്ല കർഷകരെ ബുദ്ധിമുട്ടിക്കുന്നത്. റബ്ബർ കൃഷിക്കും സംസ്കരണത്തിനും ആവശ്യമായ ആസിഡുകൾ, ടാർ ബിറ്റുമിൻ, പ്ലാസ്റ്റിക് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം കാരണം ഉൽപ്പാദന ചിലവ് ക്രമാതീതമായി വർദ്ധിച്ചതും റബ്ബർ കൃഷി ആദായകരമല്ലാതാക്കിയിരിക്കുകയാണ്. ഫലത്തിൽ ഉൽപ്പാദന ചിലവ് റബ്ബറിന്റെ കമ്പോള വിലയേക്കാൾ കൂടുന്ന സ്ഥിതിവരെയെത്തി.

ഇതിനിടയിലാണ് 1947 ലെ റബ്ബർ ആക്റ്റ് റദ്ദ് ചെയ്തുകൊണ്ട് റബ്ബർ പ്രമോഷൻ & ഡെവലപ്മെന്റ് ബിൽ എന്ന പേരിൽ അങ്ങേയറ്റം കർഷക വിരുദ്ധമായ ഒരു ബില്ല് കേന്ദ്രസർക്കാർ ഈ വർഷം തുടക്കത്തിൽ പാർലമെന്റിൽ അവതരിപ്പിച്ചത്. ഇത് നിയമമായാൽ റബ്ബർ ബോർഡിന്റെ ശുപാർശ പരിഗണിക്കാതെ തോന്നും വിധം റബ്ബറിന്റെ വില നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിന് കഴിയും. അതുമാത്രവുമല്ല ഇന്ന് റബ്ബർ ബോർഡിനുള്ള സ്വയം ഭരണാവകാശം ഇല്ലാതാവുകയും ചെയ്യും. കർഷക സമരത്തെ തുടർന്ന് പിൻവലിച്ച മൂന്ന് കാർഷിക നിയമങ്ങൾ ഏത് വിധേനെയാണോ കർഷകരെ ദ്രോഹിക്കാൻ പര്യാപ്തമായിരുന്നത് സമാനമായ വ്യവസ്ഥകളാണ് ഈ ബില്ലിലുമുള്ളത്.

രാജ്യത്തെ റബ്ബർ ഉൽപ്പാദനത്തിന്റെ ഏതാണ്ട് 90% വും കേരളത്തിൽ നിന്നാണ്. അതു മാത്രവുമല്ല കേരളത്തിന്റെ കാർഷിക മേഖലയുടെ വരുമാനത്തിന്റെ 83% പ്ലാന്റേഷൻ മേഖലയിൽ നിന്നാണ്. അതുകൊണ്ട് തന്നെ റബ്ബർ കർഷകരുടെ ഈ പ്രതിസന്ധി കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നം കൂടിയാണ്. റബ്ബർ കർഷകർക്ക് ആശ്വാസം പകരാനുള്ള നടപടികൾ ആത്മാർത്ഥമായി തന്നെ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നുണ്ട്. അതിന്റെ ഭാഗമായാണ് 2021 22 ബഡ്ജറ്റിൽ റബ്ബറിന്റെ മിനിമം താങ്ങു വില 150 രൂപയിൽ നിന്നും 170 രൂപയാക്കി ഉയർത്തിയത്. പക്ഷേ കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾ തിരുത്താൻ കഴിയാത്തിടത്തോളം റബ്ബർ കർഷകരുടെ ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം അകലെ തന്നെയാണ്.

## കോർപ്പറേറ്റ് കമ്പനികളുടെ പകൽക്കൊള്ള

ഈ മേഖല ഗൗരവമായി ശ്രദ്ധിക്കുന്ന ഏതൊരാളെയും അമ്പരപ്പിക്കുന്ന ഒരു കാര്യം റബ്ബറിന്റെ വിലയിൽ ഇടിവ് ഉണ്ടാകുമ്പോഴും റബ്ബർ പ്രധാന അസംകൃത വസ്തുവായ വാഹനങ്ങളുടെ ടയറിന്റെ വിലയിൽ കുറവൊന്നും ഉണ്ടായില്ല എന്ന് മാത്രമല്ല കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ടയർ വില ഗണ്യമായി കൂടുകയും ചെയ്തു എന്നതാണ്. 40% പ്രകൃതി ദത്ത റബ്ബറും 50% പെട്രോളിയം ഉല്പന്നങ്ങളുമാണ് ടയർ നിർമ്മാണത്തിന്റെ ആവശ്യമായ സുപ്രധാന അസംസ്കൃത വസ്തുതകൾ. ഇവയ്ക്ക് രണ്ടിനും ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വില ഇടിവ് നേരിട്ട സമയത്താണ് ടയറിന്റെ വില കൂട്ടി കോർപറേറ്റുകൾ ലാഭം കൊയ്തത് എന്നോർക്കണം. ഏതാണ്ട് 60000 കോടി രൂപയുടെ വിപണിയുള്ള വാഹന ടയർ നിർമ്മാണത്തിന്റെ 80% വും നടത്തുന്നത് വൻകിട കോർപറേറ്റ് കമ്പനികളാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇവരുടെ വരുമാനത്തിൽ 76.5 % വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ

സൂചിപ്പിക്കുന്നത്. ഒരുഭാഗത്ത് കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം കൂടുതൽ ദുരിതത്തിലേക്ക് കൂപ്പു കുത്തുന്നു മറുഭാഗത്ത് കോർപ്പറേറ്റുകൾ കൊള്ളലാഭം കൊയ്യുന്നു. ഇതാണ് സമകാലീന ഇന്ത്യയിൽ നടക്കുന്നത്.

ഈ കോർപ്പറേറ്റ് കൊള്ള കൂടുതൽ വ്യക്തമാക്കുന്ന ഒന്നായിരുന്നു ഒത്തുകളിയിലൂടെ ടയർവില ഉയർത്തി അമിതലാഭം കൊയ്ത 6 കമ്പനികൾക്ക് 1788 കോടി രൂപ പിഴചുമത്തി കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഈ വർഷം ഫെബ്രുവരി മാസത്തിൽ പുറപ്പെടുവിച്ച വിധി. സുപ്രീം കോടതിയുടെ കൂടെ അനുമതിയോടെയാണ്, 2011 മുതൽ രാജ്യത്തെ കോമ്പറ്റീഷൻ നിയമത്തിലെ മൂന്നാം വകുപ്പ് ലംഘിച്ചു കാർടിലൈസേഷൻ നടത്തി എന്ന കുറ്റത്തിന് അപ്പോളോ ടയേഴ്സ് (425.53 കോടി), എംആർഎഫ് ലിമിറ്റഡ്(622.09 കോടി), ജെകെ ടയർ(309.95 കോടി), സീറ്റ് ലിമിറ്റഡ്(252.16കോടി), ബിർള ടയർസ്(178.33കോടി) എന്നീ അഞ്ച് കമ്പനികൾക്കെതിരെ സി.സി.ഐ പിഴ ചുമത്തിയത്. ഇതിനുപുറമേ സംഘടിതമായി ഒത്തുകളി നടത്തിയതിന്റെ പേരിൽ ഈ വൻകിട ടയർ നിർമ്മാതാക്കളുടെ സംഘടനയായ ഒട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷനും (ATMA) 8.4 ലക്ഷം രൂപ പിഴ ചുമത്തിയിരുന്നു. റബ്ബർ പ്ലാന്റേഷൻ രംഗത്തെ കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതം കഴിഞ്ഞ ഒരു പതിറ്റാണ്ടിലധികമായി അങ്ങേയറ്റം ദുസ്സഹമാക്കിയ കോർപ്പറേറ്റ് ഗൂഢാലോചന കൂടിയാണ് ഈ ഉത്തരവിലൂടെ പുറത്തുവന്നിരിക്കുന്നത്.

എണ്ണം പറഞ്ഞ 5 വൻകിട കമ്പനികൾ നടത്തിയ ഈ ഗുരുതരമായ തട്ടിപ്പ് 12 ലക്ഷത്തിലധികം വരുന്ന കേരളത്തിലെ റബർ കർഷകരോടും 6 ലക്ഷത്തിലധികം വരുന്ന ടാപ്പിംഗ് തൊഴിലാളികളോടുമുള്ള പൊറുക്കാനാവാത്ത ചതിയാണ്. സ്വാഭാവിക റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നമായ ടയറിന്റെ വിലയും കർഷകന് ലഭിക്കുന്ന റബ്ബറിന്റെ വിപണി വിലയും തമ്മിലുള്ള ഒരുതരത്തിലും പൊരുത്തപ്പെടാത്ത വലിയ അന്തരത്തിന് പിന്നിലുള്ള ഒത്തുകളിയാണ് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പുറത്ത് കൊണ്ടുവന്നത്. റബ്ബർ കർഷകരെയും തൊഴിലാളികളെയും മാത്രമല്ല, ഓട്ടോക്കും ടെമ്പോ വണ്ടിക്കും വേണ്ടി ഒരു ടയർ മാറ്റി വാങ്ങാൻ കഷ്ടപ്പെടുന്ന സാധാരണക്കാരായ ഉപഭോക്താക്കളെ കൂടിയാണ് വൻകിട കോർപ്പറേറ്റുകൾ ഇക്കണ്ട കാലമത്രയും പിഴിഞ്ഞെടുത്തത്.

### കണ്ണ് തുറക്കണം കേന്ദ്ര സർക്കാർ

ഒരു കിലോ റബ്ബർ ഉൽപാദിപ്പിക്കുമ്പോൾ 180 രൂപ ചെലവ് വരുമെന്നാണ് റബ്ബർ ബോർഡിന്റെ തന്നെ ഔദ്യോഗിക കണക്ക്. എന്നാൽ എത്ര കാലം കർഷകർക്ക് ഈ ഉത്പാദനച്ചെലവ് എങ്കിലും ലഭിച്ചിട്ടുണ്ട്?. റബ്ബറിന് വിലയില്ലെങ്കിൽ ടാപ്പിംഗ് തൊഴിലാളികൾക്ക് എങ്ങനെ ആണ് ന്യായമായ കൂലി ലഭിക്കുക?

ഒരു വശത്ത് സമ്മർദ്ദം ചെലുത്തി കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങളുടെ ഭാഗമായുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവയിൽ വലിയ കുറവ് വരുത്തുക. അങ്ങനെ മറ്റ് രാജ്യങ്ങളിൽ നിന്ന് അനിയന്ത്രിതമായി കുറഞ്ഞവിലയ്ക്ക് റബ്ബർ ഇറക്കുമതി ചെയ്ത് ആഭ്യന്തരവിപണിയിലെ റബ്ബറിന്റെ വില കുറക്കുകയും കർഷക അധ്വാനത്തെ നിലംപരിശാക്കുകയും ചെയ്യുക. അതോടൊപ്പം കാർട്ടിലൈസേഷൻ നടത്തി നേടിയ പടുകൂറ്റൻ ലാഭത്തിന്റെ വിഹിതം തങ്ങളുടെ ഉപഭോക്താക്കൾക്ക് ചില്ലികാശ് ഡിസ്കൗണ്ട് ആയി പോലും നൽകാതിരിക്കുക! എന്ത് മാതിരി ജനദ്രോഹമാണിത്?

5 കമ്പനികളിൽ നിന്നുമായി പിഴയായി ശേഖരിക്കുന്ന 1788 കോടി രൂപ ഈ നാട്ടിലെ റബ്ബർ കർഷകരുടെ വിയർപ്പിന്റെ, ടാപ്പിംഗ് തൊഴിലാളിയുടെ അധ്വാനത്തിന്റെ തലവരിയാണ്. അടിയന്തരമായി അത് റബ്ബർ കർഷകർക്കും തൊഴിലാളികൾക്കുമായി വിതരണം ചെയ്യണം. ലാറ്റിക്സിനും കോമ്പൗണ്ട് റബ്ബറിനുള്ള ഇറക്കുമതി നിരക്ക് അടിയന്തരമായി കൂട്ടണം. രാജ്യത്തെ വൻകിട ടയർ കമ്പനികളുടെ താൽപര്യം പരിഗണിച്ച് ഇറക്കുമതി നടത്തിയ ടയറിന് സേഫ് ഗാർഡ് ഡ്യൂട്ടി സംരക്ഷണ ചുങ്കം ചുമത്താൻ ഒരു മടിയും കാണിക്കാതിരുന്ന മോഡി സർക്കാർ ഇറക്കുമതി ചെയ്യുന്ന റബ്ബറിനും സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്ന് റബ്ബർ കർഷകരുടെയും തൊഴിലാളികളുടെയും കാലങ്ങളായുള്ള ആവശ്യം നാളിതുവരെ ചെവിക്കൊണ്ടിട്ടില്ല. കൂടാതെ അധികമായി ഇറക്കുമതി ചെയ്യുന്ന റബ്ബറിന് ഡബ്ബിങ് ഡ്യൂട്ടി ചുമത്താനും കേന്ദ്രം തയ്യാറാവണം. അങ്ങനെ മാത്രമേ കോർപ്പറേറ്റ് കമ്പനികൾ ലാഭ കൊതി പൂണ്ട് നടത്തുന്ന റബ്ബറിന്റെ അനിയന്ത്രിത ബഫർ സ്റ്റോക്ക് ഇറക്കുമതി നിയന്ത്രിക്കാനാവൂ. റബ്ബർ ഇറക്കുമതി രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ വഴി മാത്രമായി പരിമിതപ്പെടുത്തണം. ഒട്ടും ഗുണനിലവാരമില്ലാത്ത ക്ലബ്ബ് റബ്ബർ അനിയന്ത്രിതമായി നമ്മുടെ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യാൻ അനുവദിക്കരുത്. ഇതിനാവശ്യമായ പരിശോധന സ്ഥാപനങ്ങൾ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അടക്കമുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ തുറമുഖങ്ങളിൽ സ്ഥാപിക്കണം. ഏറ്റവും പ്രധാനമായി രാജ്യത്ത് ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബർ ന്യായവില നൽകി മുഴുവനായി സംഭരിച്ച ശേഷം മാത്രമേ ഇറക്കുമതിക്ക് അനുമതി നൽകാവൂ. ഇതു ഉറപ്പുവരുത്താൻ റബ്ബർ ബോർഡിലും മറ്റ് അനുബന്ധ കേന്ദ്രസർക്കാർ കമ്മിറ്റികളിലും റബ്ബർ കർഷകരുടെയും തൊഴിലാളികളുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തണം. റബ്ബർ ബോർഡ് കർഷകരുടെയും തൊഴിലാളികളുടെയും താൽപര്യങ്ങൾ പരിഗണിച്ച് വിപണിയിൽ ഇടപെടുന്ന നിലക്ക് പുനഃസംഘടിപ്പിക്കണം. കാർബൺ ക്രെഡിറ്റ് ഫണ്ട് അടക്കമുള്ള അന്താരാഷ്ട്ര സഹായങ്ങൾ കേവലം ഈ മേഖലയിലെ വെള്ളാനകൾ ആയ സ്ഥാപനങ്ങളെ തീറ്റിപ്പോറ്റാൻ അല്ലാതെ കർഷകർക്കും തൊഴിലാളികൾക്കുമായി കൂടി നീക്കിവെക്കണം. റബ്ബർ കർഷകരും തൊഴിലാളികളും കേന്ദ്രസർക്കാരിനോട് ഉന്നയിക്കുന്നത് തികച്ചും ന്യായമായ ആവശ്യങ്ങളാണ്. അത് ചോദിച്ചു വാങ്ങണം കർഷകരും തൊഴിലാളികളും.●

# ലോക ട്രേഡ് യൂണിയൻ രൂപീകരണം



ഫാസിസത്തിന്റെ പരാജയത്തെ തുടർന്ന് സാർവദേശീയ സ്ഥിതിഗതികളിലും മുതലാളിത്ത രാജ്യങ്ങളായ ആസ്ട്രിയ, ബ്രിട്ടൺ, ഫിൻലന്റ്, ഫ്രാൻസ്, ജപ്പാൻ, ഇറ്റലി തുടങ്ങിയ രാഷ്ട്രങ്ങളുടെ ശാക്തിക സന്തുലനതയും തൊഴിലാളിവർഗ്ഗത്തിന് അനുകൂലമായി മാറി. ഈ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തിന് നേതൃശക്തിയായി പ്രവർത്തിക്കുന്നതിനുള്ള സാധ്യത ലഭിച്ചു. തൊഴിലാളികളുടെ പ്രവർത്തന സ്വാതന്ത്ര്യവും ഐക്യവും പുരോഗമന ശക്തികളുടെ പരസ്പരാശ്രിതത്വവും വിജയത്തിനുള്ള മുഖ്യ ഉപാധികളായി മാറി.

ഒരു സുപ്രഭാതത്തിൽ പെട്ടെന്ന് ഉണ്ടായ ഒരു ചിന്തയല്ല 'വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ" രൂപവൽക്കരണം. നിരന്തരമായ ശ്രമങ്ങളുടെ പരിണിതഫലമാണ് ഈ സംഘടനാരൂപീകരണം. ഫാസിസത്തിന്റെ പരാജയത്തെ തുടർന്ന് സാർവദേശീയ സ്ഥിതിഗതികളിലും മുതലാളിത്ത രാജ്യങ്ങളായ ആസ്ട്രിയ, ബ്രിട്ടൺ, ഫിൻലന്റ്, ഫ്രാൻസ്, ജപ്പാൻ, ഇറ്റലി തുടങ്ങിയ രാഷ്ട്രങ്ങളുടെ ശാക്തിക സന്തുലനതയും തൊഴിലാളിവർഗ്ഗത്തിന് അനുകൂലമായി മാറി. ഈ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തിന് നേതൃശക്തിയായി പ്രവർത്തിക്കുന്നതിനു



എൻ.പത്മലോചനൻ

ള്ള സാധ്യത ലഭിച്ചു. തൊഴിലാളികളുടെ പ്രവർത്തന സ്വാതന്ത്ര്യവും ഐക്യവും പുരോഗമന ശക്തികളുടെ പരസ്പരാശ്രിതത്വവും വിജയത്തിനുള്ള മുഖ്യ ഉപാധികളായി മാറി.

ഫ്രഞ്ച് കോളനികളിൽ നടക്കുന്ന വിമോചന പോരാട്ടങ്ങളെ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഊർജ്ജസ്വലമായി പിന്തുണച്ചു. 1945 -ൽ സ്ഥാപിതമായ വിയറ്റ്നാം ജനാധിപത്യ റിപ്പബ്ലിക്കിന് ആവശ്യമായ സഹായങ്ങളും നൽകി. ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി, യൂഗോസ്ലാവിയായിലേയും അൽബേറിയായിലേയും ജനങ്ങൾ പരമാധികാരത്തിനും സോഷ്യലിസ്റ്റ് വികസനത്തിനും വേണ്ടി നടത്തിയ പോരാട്ടങ്ങൾക്ക് അഭിനന്ദനീയമായ സഹായം നൽകി. ബ്രിട്ടണിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിലെ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും മധ്യ കിഴക്കൻ രാജ്യങ്ങൾ ഇന്തോ ചൈനാ, ചൈന എന്നിവിടങ്ങളിലെ ബ്രിട്ടീഷ് ഇടപെടലുകളെ എതിർക്കുകയും ചെയ്തു. നെതർലന്റിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്തോനേഷ്യയിലെ സാമ്രാജ്യത്വ ഇടപെടലിനെ ശക്തിയായി എതിർത്തു. അമേരിക്കയിലെ കമ്മ്യൂണിസ്റ്റുകാർ ചൈനയിൽ അമേരിക്കൻ സാമ്രാജ്യത്വം തയ്യാറാക്കുന്ന കടന്നാക്രമണ പദ്ധതികൾക്കെതിരായി പ്രതിഷേധിച്ചു. യുദ്ധാനന്തരം നീതിപൂർവവും സമാധാനപരവുമായ ഒരു പരിഹാരം ഉണ്ടാക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും യുദ്ധകാലത്ത് ഫാസിസ്റ്റ് വിരുദ്ധ മുന്നണിയായി പ്രവർത്തിച്ച രാജ്യങ്ങളുടെ സഹകരണം ശക്തിപ്പെടുത്താൻ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്ത സോവിയറ്റ് യൂണിയനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ യൂറോപ്യൻ മുതലാളിത്ത രാജ്യങ്ങളിലെ പാർട്ടികൾ എല്ലാം തയ്യാറായി.

ലോകമെങ്ങും തൊഴിലാളികൾ പൊതുവായ ഒരു ഉണർവിന്റെ അടിസ്ഥാനത്തിൽ വ്യവസായ



സാർവദേശീയ വനിതാ പ്രസ്ഥാനം ദീർഘകാലമായി എല്ലാ രാജ്യത്തെയും തൊഴിലാളിവർഗ്ഗത്തിന്റെ ഉത്കണ്ഠ ഉണർത്തിയ ഒരു വിഷയമായിരുന്നു. 1945 നവംബറിൽ പാരീസിൽ വച്ച് സാർവ്വദേശീയ വനിതാ ജനാധിപത്യ ഫെഡറേഷൻ (ഡബ്ല്യൂ.ഐ.ഡി.എഫ്) രൂപീകരിക്കപ്പെട്ടു.

സ്ഥാപനങ്ങളിൽ ഐക്യം ഉണ്ടാക്കുകയും ശക്തി നേടുകയും ചെയ്തു. സാർവദേശീയ വനിതാ പ്രസ്ഥാനം ദീർഘകാലമായി എല്ലാ രാജ്യത്തെയും തൊഴിലാളി വർഗ്ഗത്തിന്റെ ഉത്കണ്ഠ ഉണർത്തിയ ഒരു വിഷയമായിരുന്നു. 1945 നവംബറിൽ പാരീസിൽ വച്ച് സാർവ്വദേശീയ വനിതാ ജനാധിപത്യ ഫെഡറേഷൻ (ഡബ്ല്യൂ.ഐ.ഡി.എഫ്) രൂപീകരിക്കപ്പെട്ടു.

യുവജനസംഘടന, പ്രാഥമികമായി തൊഴിലാളികളുടെയും കർഷകരുടേയും ആയിരുന്നെങ്കിലും രാഷ്ട്രീയ പ്രബുദ്ധതയിൽ പക്വത നേടുകയും യുദ്ധത്തെ തുടർന്ന് എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാവുകയും ചെയ്തു. 1945 നവംബറിൽ ലണ്ടനിൽ വച്ച് വേൾഡ് ഫെഡറേഷൻ ഓഫ് ഡമോക്രാറ്റിക് യൂത്ത് (ഡബ്ല്യൂ.എഫ്.ഡി.വൈ) രൂപം കൊണ്ടു. 1952 ആയപ്പോഴേക്ക് ഈ പ്രസ്ഥാനം 98 രാജ്യങ്ങളിൽ നിന്നായി 850 ലക്ഷം അംഗസംഖ്യയുള്ള പ്രസ്ഥാനമായി വളർന്നു.

രണ്ടാം ലോകയുദ്ധാനന്തരം രൂപം കൊണ്ട സാർവദേശീയ സംഘടനയിൽ കണ്ണഞ്ചിപ്പിക്കുന്ന വളർച്ചയുണ്ടാക്കിയ ഒരു പ്രസ്ഥാനം വേൾഡ് കൗൺസിൽ ഫോർ പീസ് (സമാധാനം) ആണ്. ശീതയുദ്ധം ആരംഭിച്ചതിനുശേഷം അതിന്റെ സാർവദേശീയ സമ്മേളനം 1949 ഏപ്രിലിൽ ഒരേ സമയം തന്നെ പാരീസിലും പ്രാഗിലും വച്ചു നടത്തി. 1952 ൽ അതിന്റെ മൂന്നാമത് കോൺഗ്രസ്സ് വിയറ്റ്നാമിൽ നടക്കുമ്പോഴാണ് അസാധാരണമായ ബഹുജന സമാധാന പ്രസ്ഥാനം 72 രാജ്യങ്ങളിൽ നിന്നായി 70 കോടി ജനങ്ങളെ പ്രതിനിധീകരിക്കുന്ന സ്ഥിതി വിശേഷത്തിൽ സാക്ഷ്യം വഹിച്ചത്.

ട്രേഡ് യൂണിയൻ ഐക്യത്തിനു വേണ്ടിയുള്ള ലോകതൊഴിലാളി വർഗ്ഗത്തിന്റെ അടിയന്തിര ആവശ്യം നിറവേറ്റുന്നതിൽ വാൾട്ടർ ഷെവ്നൽസിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് തികച്ചും അപര്യാപ്തമായിരുന്നു. ദീർഘകാലമായി അതിനെ നയിച്ചുകൊണ്ടിരുന്നത് വലതുപക്ഷ ട്രേഡ് യൂണിയൻ ബ്യൂറോക്രാറ്റുകളായിരുന്നു. അവരുടെ പ്രവർത്തനം വർഗ്ഗസഹകരണവുമായി ബന്ധിക്കപ്പെട്ടിരുന്നു.

### ലോകാടിസ്ഥാനത്തിലുള്ള ഐക്യത്തിനുവേണ്ടിയുള്ള പ്രാഥമിക പരിശ്രമങ്ങൾ

വിവിധ കോണുകളിൽ നിന്ന് ഫ്രഞ്ചുകാരിൽ നിന്ന് ഇറ്റലിക്കാരിൽ നിന്നും ലാറ്റിനമേരിക്കക്കാരിൽ നിന്നും ഒരു പുതിയ ലോക സംഘടനയ്ക്കു വേണ്ടിയുള്ള സമ്മർദ്ദം ഏറി വന്നു. ഈ സാഹചര്യത്തിൽ ബ്രിട്ടീഷ് ട്രേഡ്യൂണിയൻ കോൺഗ്രസ്സ് നേതാക്കൾ ഒരു ലോക ട്രേഡ് യൂണിയൻ സമ്മേളനം 1944

ജൂണിൽ വിളിച്ചു ചേർക്കുന്നതിനുള്ള നിർദ്ദേശം 1943 നവംബറിൽ മുന്നോട്ടു വച്ചു. സഖ്യശക്തികളുടെ യുദ്ധശ്രമങ്ങളേയും, സമാധാനത്തേയും പുനർനിർമ്മാണത്തേയും സംബന്ധിച്ച തൊഴിലാളിവർഗ്ഗ നിലപാട് രൂപീകരിക്കുന്നതിനും ലോകതൊഴിലാളി വർഗ്ഗഐക്യത്തിന്റെ പ്രശ്നം പുന:പരിശോധിക്കുന്നതിനുമാണ് സമ്മേളനം വിളിക്കണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചത്. എന്നാൽ യുദ്ധം കാരണം ഈ സമ്മേളനം നടത്താനായില്ല. ലോകഐക്യത്തിന്റെ ശക്തമായ വക്താക്കളായ സോവിയറ്റ് ട്രേഡ് യൂണിയനുകൾക്ക് ഏകപക്ഷീയ നിലപാട് സ്വീകരിക്കുന്നതിന് ബ്രിട്ടീഷുകാരെ വിമർശിച്ചു.

1944 ഡിസംബറിലാണ് ലോക ട്രേഡ് യൂണിയൻ ഐക്യത്തിനായുള്ള അടുത്ത വലിയ ശ്രമം നടന്നത്. ബ്രിട്ടീഷ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ്, സിഐഒ, സോവിയറ്റ് യൂണിയൻ എന്നിവ ലണ്ടനിൽ വച്ച് ഒരു പ്രാഥമികസമ്മേളനം നടത്തുകയും ഒരു പൊതുസമ്മേളനം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. 1945 ഫെബ്രുവരി 6ന് ലണ്ടനിൽ വച്ച് ഒരു സമ്മേളനം നടത്താനാണ് അന്തിമമായി തീരുമാനിച്ചത്. ആദ്യത്തെ ലോകസമ്മേളനത്തിലെന്നപോലെ തന്നെ ഈ ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും എഎഫ്എല്ലിനെ ക്ഷണിച്ചു. എന്നാൽ എഎഫ്എൽ പങ്കെടുക്കാൻ വീണ്ടും വിസമ്മതിച്ചു. അതിനുപകരം പകുതി മരിച്ചു കഴിഞ്ഞ ഐഎഫ്ടിയു അതിന്റേതായ ഒരു ലോകസമ്മേളനം വിളിച്ചു ചേർക്കണമെന്നും അവർ ആവശ്യപ്പെട്ടു. അതിനർത്ഥം പകുതിയോ അതിൽ കൂടുതലോ വരുന്ന ട്രേഡ് യൂണിയനുകളെ പുറത്തു നിറുത്തുക എന്നതായിരുന്നു. എഎഫ് ൽ ഉം മറ്റ് പിന്തിരിപ്പൻ ശക്തികളും തേച്ചുമിനുക്കി ജീവൻ കൊടുക്കാൻ ശ്രമിച്ചിട്ടും ഐഎഫ്ടിയു നിഷ്ക്രിയമായി തുടർന്നും. ഒടുവിൽ അവരുടെ പാപ്പരത്വം മനസ്സിലാക്കി ലണ്ടനിൽ നടക്കുന്ന പൊതുസമ്മേളനത്തിലേക്ക് പ്രതിനിധികളെ അയയ്ക്കാനും അവർ തയ്യാറായി.

## ലണ്ടൻ സമ്മേളനം

1945 ഫെബ്രുവരി 6 ന് ആരംഭിച്ച ലണ്ടൻ സമ്മേളനത്തിൽ 42 രാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന 6 കോടി തൊഴിലാളികളെ പ്രതിനിധീകരിച്ച് 204 പ്രതിനിധികൾ പങ്കെടുത്തു. ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും വലിയ തൊഴിലാളി സമ്മേളനമായിരുന്നു അത്. അതിൽ തന്നെ യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനാൽ ഏറെ പ്രാതിനിധ്യമുണ്ടായിരുന്ന ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ ഉണ്ടായിരുന്നില്ല. ഇതിൽ പ്രത്യേകമായ ഒരു വസ്തുത ഏഷ്യാ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നീ വിഭാഗങ്ങളെ പ്രതിനിധീകരിച്ച് വൻ പ്രതിനിധിസംഘങ്ങളാണ് പങ്കെടുത്തത് എന്നതാണ്. 1914 സെപ്റ്റംബറിൽ ഒന്നാം ലോകയുദ്ധത്തിന്റെ നിർണായക നാളുകളിൽ സാമ്രാജ്യത്വയുദ്ധത്തെ പിൻതുണയ്ക്കുക വഴി വഞ്ചനാപരമായ നിലപാട് സ്വീകരിച്ച സോഷ്യൽ ഡെമോക്രാറ്റുകളുടെ നിലപാട് ഭിന്നിപ്പിനിടയാക്കി.

യുദ്ധപ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ടിങ്ങിൽ നാസികൾ പിടിച്ചെടുത്ത രാജ്യങ്ങളിലെ തൊഴിലാളി യൂണിയനുകൾ വിമോചന പ്രസ്ഥാനത്തിന്റെ ഭാഗമായി ട്രേഡ് യൂണിയൻ നടത്തുന്ന രഹസ്യ പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് സമ്മേളനത്തിന്റെ സവിശേഷതയായിരുന്നു. യുദ്ധകാലത്ത് തൊഴിലാളികളുടെ ജീവിതതൊഴിൽ സ്ഥിതിഗതികൾ സംരക്ഷിക്കുന്നതിന് സമ്മേളനം പ്രത്യേക ശ്രദ്ധ നൽകി. ഫാസിസ്റ്റ് ഭരണത്തിൽ നിന്ന് വിമോചിക്കപ്പെട്ട രാജ്യങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യം , മതവിശ്വാസം, ട്രേഡ് യൂണിയൻ സംഘാടനം, സാമൂഹ്യസുരക്ഷ എന്നിവയ്ക്ക് പൂർണസ്വാതന്ത്ര്യം അനുവദിക്കണം എന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഐക്യരാഷ്ട്ര സഭയുടെ ഐക്യം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഊന്നിപ്പറഞ്ഞു. സമാധാനസന്ധി ഉണ്ടാക്കുന്നതിനും അതിൽ തൊഴിലാളി യൂണിയനുകളുടെ പങ്കാളിത്വത്തിനു മുമ്പുള്ള പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടു.

1926 ലെ പൊതുപണിമുടക്ക് പൊളിച്ച 'വീരനായകന്മാരിൽ ഒരാളായ സിട്രിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് നേതാക്കൾ ഒരു പുതിയ അന്താരാഷ്ട്ര കേന്ദ്രം രൂപീകരിക്കുന്നതിനെ എതിർത്തു. എ.എഫ്.എൽന്റെ പിന്തിരിപ്പൻ നയവുമായി സഹകരിക്കുക എന്ന ലക്ഷ്യത്തോടെ പകുതി മരിച്ച ഐഎഫ്ടിയുവിനെ പുനരുജ്ജീവിപ്പിക്കണമെന്ന നിർദ്ദേശമാണ് അവർ മുന്നോട്ട് വച്ചത്. എന്നാൽ ഈ പിന്തിരിപ്പൻ നിർദ്ദേശത്തിന് വേണ്ടത്ര പിന്തുണ ലഭിച്ചില്ല. അതിനാൽ സമ്മേളനം ഒരു ഒത്തുതീർപ്പിൽ എത്തിച്ചേർന്നു. മറ്റൊരു സമ്മേളനം വിളിച്ചു ചേർക്കുന്നതിനായി 41 അംഗകമ്മിറ്റിയെ നിയോഗിച്ചു. അതിന്റെ മുഖ്യ ലക്ഷ്യം ലോകതൊഴിലാളി വർഗ്ഗത്തിന് ഒരു പൊതുപരിപാടി എഴുതി തയ്യാറാക്കുന്നതിനു പുറമേ ലോകട്രേഡ് യൂണിയൻ ഫെഡറേഷന് ഒരു കരട് ഭരണഘടന തയ്യാറാക്കുക എന്നതുമായിരുന്നു.

ഈ കമ്മിറ്റി കൈക്കൊണ്ട ഒരു പ്രധാന നടപടി 'സാൻ ഫ്രാൻസ്കോയിൽ' നടക്കുന്ന ഐക്യരാഷ്ട്ര സഭാസമ്മേളനത്തിൽ ഔദ്യോഗിക പ്രാതിനിധ്യം ആവശ്യപ്പെട്ട ജനറൽ അസംബ്ലിയിൽ അംഗത്വം ആവശ്യപ്പെട്ടതുമായിരുന്നു. സോവിയറ്റ് ഐക്യരാഷ്ട്ര സഭാ പ്രതിനിധികൾ മുൻകൂട്ടി തന്നെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ പുതുതായി ഒരു നീക്കം നടത്തിയെങ്കിലും അത് തള്ളപ്പെട്ടിരുന്നു. ഒരു പുതിയ ലോകതൊഴിലാളി വർഗ്ഗ സംഘടന എന്ന നിർദ്ദേശം നിർജ്ജീവമായി. ബ്രിട്ടീഷ്, അമേരിക്കൻ ഗവൺമെന്റുകളുമായി ചേർന്ന് എഎഫ്എൽ നടത്തിയ വഞ്ചനയായിരുന്നു ഇതിനു കാരണമായത്. ഭീമാകാരമായ ലോകസംഘടന അങ്ങിനെ എഎഫ് എൽ നും മറ്റു നിരവധി സംഘടനകൾക്കുമൊപ്പം ഉപദേശകസ്ഥാനത്ത് മാത്രം പരിഗണിക്കപ്പെടുന്ന ഒന്നായി മാറി. •

# ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കൽ

# എൽഡിഎഫ് സർക്കാരിന്റെ തിളക്കമാർന്ന നേട്ടം



എളമരം കരീം

**പഴയ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി അടച്ചുപൂട്ടൽ ഒഴിവാക്കി "കേരള പേപ്പർ പ്രോഡക്റ്റ്സ്" എന്ന പേരിൽ പുനരുദ്ധരിച്ച നടപടി നവകേരളം ലക്ഷ്യം വെക്കുന്ന എൽഡിഎഫ് സർക്കാരിന്റെ പ്രതി ജ്ഞാബദ്ധതയുടെ പ്രതീകമാണ്. പൊതുമേഖല സംരക്ഷിക്കുക എന്ന എൽഡിഎഫിന്റെ രാഷ്ട്രീയ നയത്തിന്റെ തിളക്കമാർന്ന ഉദാഹരണമാണിത്.**

മൂന്ന് വർഷമായി അടഞ്ഞുകിടന്ന ന്യൂസ് പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് 2021 മെയ് മാസത്തിൽ വീണ്ടും തുറന്ന് "കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ്"(കെ.പി.പി.എൽ) എന്ന പേരിൽ പൂർണമായും കേരള സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ കമ്പനിയായിട്ടാണ് പ്രവർത്തിക്കുന്നത്. 2022 നവംബർ 1 ന് കേരള പിറവി ദിനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കടലാസ് ഉൽപാദനം ആരംഭിക്കുന്നതിന്റെ ഉൽഘാടനം നിർവഹിക്കപ്പെട്ടു. ചരിത്രപരമായ ഈ നടപടികൾ നേതൃത്വം നൽകിയ കേരള മുഖ്യമന്ത്രിയും, വ്യവസായ വകുപ്പ് മന്ത്രിയും അഭിനന്ദനാർഹരാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചു എന്നത് മാത്രമല്ല, പൊതുമേഖലാ സ്വകാര്യവൽകരണത്തിനെതിരെ പോരാട്ടം നടത്തിവരുന്ന ട്രേഡ് യൂണിയനുകൾക്കും, തൊഴിലാളിവർഗ്ഗത്തിനും ആവേശം നൽകുന്ന നടപടി കൂടിയാണിത്.



1970 ലാണ് "ഹിന്ദുസ്ഥാൻ പേപ്പർ കോർപറേഷൻ" രൂപീകൃതമായത്. 1971 ൽ കേരള ന്യൂസ്പ്രിന്റ് പ്രോജക്ടിന് കേന്ദ്രസർക്കാർ അനുമതി നൽകി. 1975 ജൂൺ 10 ന് കേന്ദ്രവ്യവസായ വകുപ്പ് ടി.എ.പൈ. ഈ പദ്ധതിക്ക് തറക്കല്ലിട്ടു. വെള്ളൂർ, മുളക്കുളം പഞ്ചായത്തുകളിൽ നിന്നും 780 ഏക്കർ ഭൂമി സംസ്ഥാനസർക്കാർ ഏറ്റെടുത്ത് നൽകി. സ്ഥലം വിട്ടുകൊടുത്ത കുറെപേർക്ക് കമ്പനിയിൽ ജോലി ലഭിച്ചു. 1982 ഫെബ്രുവരി 26 ന് ഈ കമ്പനിയിൽ നിന്ന് ആദ്യത്തെ റീൽ പേപ്പർ പുറത്ത് വന്നു.

ഈ സ്ഥാപനം പതുക്കെ വളർന്ന് രാജ്യത്തെ ഒന്നാം നമ്പർ പേപ്പർ കമ്പനിയായി മാറി. 90 കോടി രൂപ വരെ ലാഭം നേടിയ വർഷങ്ങളുണ്ട്. 1700 ഓളം സ്ഥിരം ജീവനക്കാർ, 1200 ഓളം കാഷ്വൽകോൺട്രാക്ട് തൊഴിലാളികൾ എന്നിവരും, പരോക്ഷമായി ജോലി ലഭിച്ചവർ ഉൾപ്പെടെ 10,000 ത്തോളം പേർക്ക് ഈ കമ്പനി ജോലി നൽകി. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനിക്ക് "മിനിരത്ന" പദവി ലഭിച്ചു.

1990-കളിലെ നവഉദാരവൽകരണ നയങ്ങളാണ് ഈ കമ്പനിയെ പ്രതിസന്ധിയിലേക്ക് നയിച്ചത്. സ്വകാര്യ കമ്പനികളോട് മത്സരിച്ച് നിലനില്ക്കാനുള്ള ആധുനികവൽകരണം കേന്ദ്രസർക്കാർ നടത്തിയില്ല. പഴയ സാങ്കേതിക വിദ്യയുമായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് നിലനിൽപിനായി പ്രയാസപ്പെട്ടു. ഉദാരവൽകരണ നയത്തിന്റെ ഭാഗമായി ന്യൂസ് പ്രിന്റിന്റെ ഇറക്കുമതി ചുങ്കം എടുത്ത് കളഞ്ഞത് ഈ കമ്പനിക്ക് തിരിച്ചടിയായി.

1990-കളിലെ നവഉദാരവൽകരണ നയങ്ങളാണ് ഈ കമ്പനിയെ പ്രതിസന്ധിയിലേക്ക് നയിച്ചത്. സ്വകാര്യ കമ്പനികളോട് മത്സരിച്ച് നിലനില്ക്കാനുള്ള ആധുനികവൽകരണം കേന്ദ്രസർക്കാർ നടത്തിയില്ല. ഉദാരവൽകരണ നയത്തിന്റെ ഭാഗമായി ന്യൂസ് പ്രിന്റിന്റെ ഇറക്കുമതി ചുങ്കം എടുത്ത് കളഞ്ഞത് ഈ കമ്പനിക്ക് തിരിച്ചടിയായി.

2002- ൽ വാജ്പെയ് സർക്കാർ എച്ച്.എൻ.എൽ. വിൽക്കുവാൻ താൽപര്യപത്രം ഇറക്കി. തൊഴിലാളികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സർക്കാരിന് വിൽപനയിൽ നിന്ന് പിന്മാറേണ്ടി വന്നു. 2016 ൽ മോഡി സർക്കാർ വീണ്ടും കമ്പനി വില്പന നടത്താനുള്ള നടപടി ആരംഭിച്ചു. ഈ നയത്തിനെതിരെ ന്യൂസ് പ്രിന്റ് തൊഴിലാളികൾ ഒറ്റക്കെട്ടായി സമരമാരംഭിച്ചു.

ന്യൂസ് പ്രിന്റ് വില്പനയെ സംസ്ഥാന എൽഡിഎഫ് സർക്കാർ ശക്തിയായി എതിർത്തു. കേരള സർക്കാരിന് ടെൻഡറിൽ പങ്കെടുക്കാമെന്നായിരുന്നു കേന്ദ്രസർക്കാർ നിലപാട്. 2017 ഏപ്രിൽ 13- ന് ന്യൂസ് പ്രിന്റ് വില്പനക്കെതിരെ കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. ഒരു സാഹചര്യത്തിലും എച്ച്.എൻ.എൽ. സ്വകാര്യമേഖലക്ക് കൈമാറാൻ അനുവദിക്കില്ല എന്ന ഉറച്ച നിലപാടായിരുന്നു കേരള സർക്കാർ കൈക്കൊണ്ടത്. പ്രധാനമന്ത്രി പങ്കെടുത്ത കൊച്ചിയിലെ ഒരു പരിപാടിയിൽ എച്ച്.എൻ.എൽ. ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു.

2019 ജൂൺ മാസത്തിൽ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപറേഷൻ ലിക്വിഡേറ്റ് ചെയ്യുന്ന പ്രക്രിയ ആരംഭിച്ചതോടെ എച്ച്.എൻ.എൽ. കൂടുതൽ പ്രതിസന്ധിയിലായി. നാഷനൽ കമ്പനി ലോ ട്രൈബ്യൂണൽ നിയമിച്ച ലിക്വിഡേറ്ററെ സമീപിച്ച് വിലപേശിയാണ് എച്ച്.എൻ.എൽ. സംസ്ഥാനസർക്കാർ ഉടമസ്ഥതയിലാക്കിയത്.

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ലഭിച്ച ശേഷം 2022 ജനുവരി 1 മുതൽ അറ്റകുറ്റ പണികൾ ആരംഭിച്ചു. മെയ് 19 ന് കമ്പനി പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഉൽഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. 2022 നവംബർ 1 ന് വാണിജ്യാടിസ്ഥാനത്തിലുള്ള പേപ്പർ ഉൽപാദനം ആരംഭിച്ചു.

വെള്ളൂർ ന്യൂസ്പ്രിന്റ് വില്പന നടത്തിയിരുന്നെങ്കിൽ ഈ ഫാക്ടറി സ്ഥിതിചെയ്യുന്ന 780 ഏക്കർ ഭൂമിയും സ്വകാര്യകുത്തകകളുടെ കയ്യിലേക്ക് മാറുമായിരുന്നു. ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ വികസനത്തിനും, മറ്റ് സംരംഭങ്ങൾ ആരംഭിക്കാനും കഴിയാവുന്ന ഭൂമി റിയൽ എസ്റ്റേറ്റ് വികസനത്തിനായി മാറാൻ സാഹചര്യമൊരുങ്ങുകയായിരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപറേറ്റുകൾക്ക് തീറെഴുതുന്ന നടപടികൾക്കെതിരെ എൽഡിഎഫ് സർക്കാർ കൈക്കൊണ്ടത് പോലുള്ള നിലപാട് രാജ്യത്തെ മറ്റൊരു സർക്കാരുകളും സ്വീകരിക്കുന്നില്ല. ബി.ജെ.പി-

കോൺഗ്രസ് പാർടികളുടെയും, മറ്റ് ബൂർഷ്വാ പാർടികളുടെയും നേതൃത്വത്തിലുള്ള സംസ്ഥാനസർക്കാരുകൾ സ്വകാര്യവൽകരണ ഉദാരവൽകരണ നയങ്ങളെ എതിർക്കാൻ സന്നദ്ധമാവുന്നില്ല. നവഉദാരവൽകരണ നയങ്ങൾക്ക് ബദലായ ജനപക്ഷ നയങ്ങൾ ഉയർത്തുന്നത് എൽഡിഎഫ് സർക്കാരാണ്. പൊതുമേഖലാ സംരക്ഷണത്തിൽ മാത്രമല്ല, മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യനീതി, ഫെഡറലിസം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാനും കേരളത്തിലെ എൽഡിഎഫ് സർക്കാർ സ്വീകരിക്കുന്ന ഉറച്ച നിലപാടുകൾ കേന്ദ്രസർക്കാരിന്റെ വിനാശകരമായ നയങ്ങൾക്കെതിരായി സമരം നടത്തിവരുന്ന ജനങ്ങൾക്കാകെ ആവേശം നല്കുന്നതാണ്.

എൽഡിഎഫ് സർക്കാർ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക, വികസിപ്പിക്കുക എന്നീ നയങ്ങളാണ് കൈക്കൊള്ളുന്നത്. കേന്ദ്ര പൊതുമേഖലാ കമ്പനിയായ ബി.എച്ച്.ഇ.എൽ, കാസർഗോഡ് സ്ഥിതിചെയ്യുന്ന സംസ്ഥാന പൊതുമേഖലാ കമ്പനിയായ 'കെൽ'മായി സംയുക്തസംരം ഉണ്ടാക്കിയിരുന്നു. പ്രസ്തുത കരാറിൽ നിന്ന് ബി.എച്ച്.ഇ.എൽ. ഏകപക്ഷീയമായി പിന്മാറി. അടച്ചുപൂട്ടലിലേക്ക് നീങ്ങുമായിരുന്ന 'കെല്ലി'നെ സംസ്ഥാന വ്യവസായവകുപ്പ് ഇടപെട്ട് സംരക്ഷിക്കുകയും, പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു.

പാലക്കാട് 'ഇൻസ്ട്രുമന്റേഷൻ' എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാനുള്ള നടപടിയെ സംസ്ഥാന സർക്കാർ എതിർക്കുകയും, പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്താൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. ഈ ഒറ്റക്കാരണത്താൽ 'ഇൻസ്ട്രുമന്റേഷൻ' എന്ന സ്ഥാപനം ഇപ്പോഴും അടച്ചുപൂട്ടപ്പെട്ടിട്ടില്ല. ഈ സ്ഥാപനം കേരളസർക്കാരിന് ഏൽപിച്ചു കൊടുക്കാൻ കേന്ദ്രം ഇതുവരെ പൂർണാനുമതി നല്കിയിട്ടില്ല.

പാലക്കാട് കഞ്ചിക്കോട്ടെ "ബി.ഇ.എം.എൽ" എന്ന കേന്ദ്രമേഖല കമ്പനിയും സ്വകാര്യവൽകരണ ഭീഷണിയിലാണ്. കേരള സർക്കാർ പാട്ടത്തിന് നൽകിയ 300 ഏക്കർ ഭൂമിയിലാണ് കമ്പനി പ്രവർത്തിക്കുന്നത്. സ്വകാര്യവൽകരണ നീക്കത്തിനെതിരെ തൊഴിലാളികൾ ഒന്നിച്ച് സമരത്തിലാണ്. 'ബെമൽ' സ്വകാര്യവൽകരണത്തെ കേരള സർക്കാരും ശക്തമായി പ്രതിരോധിക്കുന്നുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 'ഹിന്ദുസ്ഥാൻ ലൈഫ് കെയർ'; എൻ.ടി.സി. യുടെ 5 മില്ലുകൾ എന്നിവയും സ്വകാര്യവൽകരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. എൻ.ടി.സി. മില്ലുകൾ ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുകയാണ്. മൂവായിരത്തോളം തൊഴിലാളികളാണ് തൊഴിൽ രഹിതരായിരിക്കുന്നത്. 2011 ന് ശേഷം വ്യവസായ രംഗത്ത് ഒരു കേന്ദ്ര നിക്ഷേപവും കേരളത്തിൽ വന്നിട്ടില്ല.

എൽഡിഎഫ് സർക്കാരുകൾ എക്കാലത്തും പൊതുമേഖലാ സംരക്ഷണത്തിൽ പ്രതിജ്ഞാബദ്ധമാണ്. പൊതുമേഖലയെ പുനരുദ്ധരിക്കാനും, നവീകരിക്കാനുമാണ് സംസ്ഥാനസർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. അതോടൊപ്പം പരമ്പരാഗത മേഖലയിലെ തൊഴിൽ സരക്ഷിക്കാനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് വരെ നേടിയ നേട്ടങ്ങൾ കണക്കിലെടുത്ത് നവകേരള സൃഷ്ടിക്കായി സർക്കാർ ശ്രമിക്കുകയാണ്. ഈ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാനും, ഗവർണറെ ഉപയോഗിച്ച് അട്ടിമറി നടത്താനുമാണ് കേന്ദ്രസർക്കാരും, സംഘപരിവാറും ശ്രമിക്കുന്നത്. ഇതിനെതിരെ കേരള ജനത ഒറ്റക്കെട്ടായി പൊരുതുമ്പോൾ അവർക്ക് ആത്മവിശ്വാസം നൽകുന്നു എൽഡിഎഫ് സർക്കാർ നടപടികൾ.

**കേന്ദ്ര സർക്കാരിന്റെ ന്യൂസ് പ്രിന്റ് വില്പനയെ സംസ്ഥാന എൽഡിഎഫ് സർക്കാർ ശക്തിയായി എതിർത്തു. കേരള സർക്കാരിന് ടെൻഡറിൽ പങ്കെടുക്കാമെന്നായിരുന്നു കേന്ദ്ര സർക്കാർ നിലപാട്. ഒരു സാഹചര്യത്തിലും എച്ച്.എൻ.എൽ. സ്വകാര്യമേഖലക്ക് കൈമാറാൻ അനുവദിക്കില്ല എന്ന ഉറച്ച നിലപാടായിരുന്നു കേരള സർക്കാർ കൈക്കൊണ്ടത്. പ്രധാനമന്ത്രി പങ്കെടുത്ത കൊച്ചിയിലെ ഒരു പരിപാടിയിൽ എച്ച്.എൻ.എൽ. ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു.**



# ബ്രസീലും ഇടതു പക്ഷത്തേക്ക്

**യൂറോപ്പ് കൂടുതൽ വലത്തോട്ട് നീങ്ങുമ്പോൾ തീവ്രവലതുപക്ഷത്തെ ചെറുത്തു തോൽപ്പിക്കാൻ കഴിയുമെന്ന ആവേശകരമായ സന്ദേശമാണ് ബ്രസീൽ നൽകുന്നത്. വംശീയ വിദ്വേഷത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും പ്രതീകമായ ജയിർ ബോൾസനാരോയെ ഇഞ്ചോടിഞ്ച് നടന്ന പോരാട്ടത്തിൽ തോൽപ്പിച്ചാണ് ലുല വിജയിച്ചത്. അതുകൊണ്ടുതന്നെ ലുലയുടെ വിജയം ബ്രസീലിയൻ ജനാധിപത്യത്തിന്റെയും സർവോപരി മനുഷ്യത്വത്തിന്റെയും വിജയമാണ്.**

ബ്രസീൽ വർക്കേഴ്സ് പാർടി നേതാവ് ലുല ഡ സിൽവ മൂന്നാമതും ബ്രസീലിൽ പ്രസിഡന്റായി വിജയിച്ചിരിക്കുകയാണ്. ഒക്ടോബർ രണ്ടിന് നടന്ന ആദ്യവട്ടം തെരഞ്ഞെടുപ്പിൽ ജയിക്കാനാവശ്യമായ 50 ശതമാനം വോട്ട് നേടാൻ കഴിയാതിരുന്ന ലുല ഒക്ടോബർ 30ന് നടന്ന രണ്ടാം റൗണ്ടിൽ 50.9 ശതമാനം വോട്ട് നേടിയാണ് വിജയിച്ചിരിക്കുന്നത്. എതിരാളി ജയിർ ബോൾസനാരോയേക്കാൾ 1.8 ശതമാനം വോട്ട് നേടിയാണ് ലുലയുടെ മൂന്നാം വിജയം. 1985ൽ ബ്രസീലിൽ ജനാധിപത്യഭരണം സ്ഥാപിച്ചശേഷം മൂന്നാമതും പ്രസിഡന്റ് പദവിയിൽ എത്തുന്ന ആദ്യ വ്യക്തിയും എഴുപത്തേഴുകാരനായ ലുലയാണ്. ബ്രസീലിലെ പ്രധാന കമ്യൂണിസ്റ്റ് പാർടിയായ കമ്യൂണിസ്റ്റ് പാർടി ഓഫ് ബ്രസീലും ലുലയ്ക്ക് പിന്തുണ നൽകിയിരുന്നു.

നേരിയ ഭൂരിപക്ഷത്തിനാണെങ്കിലും ലുലയുടെ വിജയത്തിന് ഇന്നത്തെ ലോകരാഷ്ട്രീയത്തിൽ വളരെയധികം പ്രാധാന്യമുണ്ട്. ഫ്രാൻസിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തീവ്രവലതുപക്ഷ കക്ഷിയായ നാഷണൽ റാലിയുടെ നേതാവ് മേരി ലെ പെൻ വിജയിച്ചില്ലെങ്കിലും 40 ശതമാനം വോട്ട് നേടി . മധ്യ ഇടതുപക്ഷം ഭരിച്ചിരുന്ന സ്വീഡനിൽ നവ ഫാസിസ്റ്റ് കക്ഷിയായ സ്വീഡൻ ഡെമോക്രാറ്റുകൾ നേതൃത്വം നൽകുന്ന സഖ്യം അധികാരത്തിൽ വന്നു. ഇറ്റലിയിലും നവഫാസിസ്റ്റ് കക്ഷിയായ ബ്രദേഴ്സ് ഓഫ് ഇറ്റലി നേതാവ് ജോർജിയോ മിലോണി അധികാരത്തിൽ വന്നു. ഹംഗറിയും പോളണ്ടും ഇപ്പോൾ ഭരിക്കുന്നതും തീവ്രവലതുപക്ഷംതന്നെ.

യൂറോപ്പ് കൂടുതൽ വലത്തോട്ട് നീങ്ങുമ്പോൾ തീവ്രവലതുപക്ഷത്തെ ചെറുത്തുതോൽപ്പിക്കാൻ കഴിയുമെന്ന ആവേശകരമായ സന്ദേശമാണ് ബ്രസീൽ നൽകുന്നത്. വംശീയ വിദ്വേഷത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും പ്രതീകമായ ജയിർ ബോൾസനാരോയെ ഇഞ്ചോടിഞ്ച് നടന്ന പോരാട്ടത്തിൽ തോൽപ്പിച്ചാണ് ലുല വിജയിച്ചത്. അതുകൊണ്ടുതന്നെ ലുലയുടെ വിജയം ബ്രസീലിയൻ ജനാധിപത്യത്തിന്റെയും സർവോപരി മനുഷ്യത്വത്തിന്റെയും വിജയമാണ്.

ബ്രസീലിന്റെ വിജയത്തിന് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. ലാറ്റിനമേരിക്ക കൂടുതൽ ചുവക്കുകയും ഇടതുപക്ഷത്തിന്റെ ഒരു കോട്ടയായി മാറുകയും ചെയ്യിരിക്കുന്നുവെന്നതാണത്. 2018ൽ മെക്സിക്കോയിൽ ആൻഡ്രൂസ് മാനുവൽ ലോപസ് ഒബ്രദോർ വിജയിച്ചതിനുശേഷം ആരംഭിച്ച രണ്ടാം ഇളംചുവപ്പ് തരംഗം ഇപ്പോൾ തെക്കേ അമേരിക്കയിലെ ഏറ്റവും വലുതും സമ്പന്നവുമായ ബ്രസീലിലും എത്തിയിരിക്കുന്നു. ക്യൂബയും വെനസ്വേലയും ബൊളീവിയയും ഇടതുപക്ഷത്ത് ഉറച്ചുനിൽക്കുന്ന രാജ്യങ്ങളാണ്. അർ

ജന്റീനയും ചിലിയും കൊളംബിയയും പെറുവും നിക്കരാഗ്വയും ഹോണ്ടുറാസും ഇന്ന് ഭരിക്കുന്നത് ഇടതുപക്ഷ സ്വഭാവമുള്ള പാർടികളാണ്. സാമ്പത്തിക രാഷ്ട്രീയ നയങ്ങളിൽ ചില പോരായ്മകളും വീഴ്ചകളും ചൂണ്ടിക്കാട്ടാൻ കഴിയുമെങ്കിലും ഈ രാഷ്ട്രങ്ങളെല്ലാം ഒരു കാര്യത്തിൽ ഒറ്റക്കെട്ടാണ്. അത് അമേരിക്കൻ മേധാവിത്വത്തെ ചെറുക്കുന്ന കാര്യത്തിലാണ്. ലാറ്റിനമേരിക്കൻ ഇടതുപക്ഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും ഈ സാമ്രാജ്യത്വവിരുദ്ധതയാണ്.

അധികാരത്തിലിരിക്കുന്ന പ്രസിഡന്റിനെതിരെ ബ്രസീലിയൻ ജനത വിധിയെഴുതുന്നതിന് പല കാരണങ്ങളുണ്ട്. ബോൾസനാരോ പ്രധാനമായും നിലകൊണ്ടത് വൻകിട ബിസിനസുകാർക്കു വേണ്ടിയായിരുന്നു. പ്രത്യേകിച്ചും അഗ്രി ബിസിനസുകാർക്ക്. ഇതിന്റെ ഫലമായാണ് 'ഭൂമിയുടെ ശ്വാസകോശമെന്ന് വിളിക്കപ്പെടുന്ന' ആമസോൺ കാടുകൾ വെട്ടിത്തെളിച്ചത്. വന ഖനിജ സമ്പത്തുകളിലായിരുന്നു ഈ വൻകിട കോർപറേറ്റുകൾക്ക് കണ്ണ്. അവിടെയുള്ള തദ്ദേശീയ ജനതയെ മുഴുവൻ ആട്ടിപ്പായിക്കുകയും അവരുടെ ജീവനോപാധികൾ ഇല്ലാതാക്കുകയും ചെയ്തു. പ്രതിഷേധിച്ചവരെ കൊന്നുതള്ളി.

അതോടൊപ്പം കോവിഡിനെ നേരിടുന്നതിൽ ബോൾസനാരോ തികഞ്ഞ പരാജയമായിരുന്നു. വൈറൽ പനിമാത്രമാണെന്നു പറഞ്ഞ് വാക്സിനേഷൻ നൽകുന്നതിന് ഒരു ശ്രമവും നടത്തിയില്ല. ഫലമോ ഏഴുലക്ഷം പേർ മരിച്ചു. ലുല സർക്കാർ നടപ്പാക്കിയ ക്ഷേമപദ്ധതികളൊക്കെ നിർത്തലാക്കി. തൊഴിൽവകുപ്പ്തന്നെ ഇല്ലാതാക്കി. എല്ലാ ജനാധിപത്യ സംവിധാനങ്ങളെയും തകർത്തു. നവ ഉദാരവൽക്കരണം അതിന്റെ തീവ്രതയിൽ നടപ്പാക്കി. ഫലമോ വിലക്കയറ്റം രൂക്ഷമായി. തൊഴിലില്ലായ്മ വർധിച്ചു. ലുലയെ കള്ളക്കേസിൽ കുടുക്കി ഒന്നരവർഷം ജയിലിലടച്ചു. ലുല അധികാരമൊഴിയുമ്പോൾ വളർന്നുകൊണ്ടിരിക്കുന്ന ഒരു സമ്പദ്വ്യവസ്ഥയായിരുന്നു ബ്രസീലിന്റേത്. തൊഴിലില്ലായ്മ ഏറ്റവും കുറഞ്ഞ നിരക്കിലും. എന്നാൽ, ബോൾസനാരോ വന്നതോടെ അതൊക്കെ അട്ടിമറിക്കപ്പെട്ടു.

**2018-ൽ മെക്സിക്കോയിൽ ആൻഡ്രസ് മാനുവൽ ലോപസ് ഒബ്രദോർ വിജയിച്ചതിനുശേഷം ആരംഭിച്ച രണ്ടാം ഇളംചുവപ്പ് തരംഗം തെക്കേ അമേരിക്കയിലെ ബ്രസീലിലും എത്തി. ക്യൂബ, വെനസ്വേല, ബൊളീവിയ എന്നിവ ഇടതുപക്ഷത്ത് നിൽക്കുന്ന രാജ്യങ്ങളാണ്. അർജന്റീന, ചിലി, കൊളംബിയ, പെറു, നിക്കരാഗ്വ, ഹോണ്ടുറാസ് എന്നിവ ഇന്ന് ഭരിക്കുന്നത് ഇടതുപക്ഷ സ്വഭാവമുള്ള പാർടികളാണ്.**




ബോൾസനാരോയുടെ ഈ നയത്തിൽനിന്ന് തീർത്തും വ്യത്യസ്തമായ നയങ്ങളായിരുന്നു ലുല സ്വീകരിച്ചിരുന്നത്. നവഉദാരവൽക്കരണ നയങ്ങൾ പൂർണമായും ഉപേക്ഷിച്ചില്ലെങ്കിലും ജനങ്ങളുടെ ക്ഷേമത്തിലും അധികാരവികേന്ദ്രീകരണത്തിലും ഊന്നുന്ന ഭരണമായിരുന്നു ലുലയുടേത് (2003-10). അതിൽ ഏറ്റവും പ്രധാനം ദാരിദ്ര്യനിർമാർജനത്തിന് നടപ്പാക്കിയ ബോൾസ ഫാമിലിയ (കുടുംബ അലവൻസ്) പദ്ധതിയായിരുന്നു. അതിദരിദ്രരായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഒരു നിശ്ചിത തുക മാസംതോറും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന രീതിയായിരുന്നു ഇത്. ഇതിന് ചില നിബന്ധനകളും മുന്നോട്ടുവയ്ക്കപ്പെട്ടു. കുട്ടികളെ സ്കൂളിൽ അയച്ചിരിക്കണം. അവർക്ക് പകർച്ചവ്യാധികൾക്കെതിരായ വാക്സിൻ നൽകിയിരിക്കണം, വീട്ടിലെ ഗർഭിണികളായ സ്ത്രീകളെയും കുട്ടികളെയും വൈദ്യപരിശോധനയ്ക്ക് വിധേയരാക്കിയിരിക്കണം തുടങ്ങിയ നിബന്ധനകൾ. 120 ലക്ഷം വീട്ടിലാണ് ഈ സഹായമെത്തിച്ചത്. 2003ൽ 35 ശതമാനമായിരുന്നു ദരിദ്രരെങ്കിൽ 2012ൽ അത് 15 ശതമാനമായി കുറയ്ക്കാൻ ഇതുവഴി കഴിഞ്ഞു. അതോടൊപ്പം എല്ലാവർക്കും പാർപ്പിടം, എല്ലാ വീട്ടിലും വൈദ്യുതി, കൂടുതൽ കോളേജുകളും സർവകലാശാലകളും സ്കൂളുകളും പൊതു ആരോഗ്യമേഖലയിൽ നിക്ഷേപം തുടങ്ങി ബ്രസീലിയൻ ജനതയുടെ ജീവിതപുരോഗതി ഉറപ്പാക്കുന്ന നടപടികളാണ് ലുല കൈക്കൊണ്ടത്. ദരിദ്രകുടുംബത്തിൽ ജനിച്ച് ഔപചാരികമായ വിദ്യാഭ്യാസം നേടാനാകാതെ ചെറുപ്പത്തിൽത്തന്നെ തൊഴിലാളിയായി ജീവിതം ആരംഭിച്ച ലുലയ്ക്ക് പാവങ്ങളുടെ വേദന അറിയാമായിരുന്നു. അതാണ് അദ്ദേഹം നടപ്പാക്കിയ പദ്ധതികളിലും പ്രതിഫലിച്ചത്. ലോകത്തിലെ പത്താമത്തെ വലിയ എണ്ണക്കമ്പനിയായ പെട്രോബ്രാസിൽനിന്ന് ലഭിക്കുന്ന മിച്ചം ഉപയോഗിച്ചാണ് ഈ ജനപക്ഷ പരിപാടികൾ ലുല സർക്കാർ നടപ്പാക്കിയിരുന്നത്.

എന്നാൽ, ഈ പദ്ധതികൾ മൂന്നാമതും അധികാരത്തിൽ വരുമ്പോൾ അതേപടി നടപ്പാക്കാൻ കഴിയുമോയെന്ന് വരുംനാളുകളിൽ മാത്രമേ അറിയാൻ കഴിയൂ. തകർന്ന ഒരു സമ്പദ്വ്യവസ്ഥയാണ് ബോൾസനാരോയിൽനിന്ന് ലുല ഏറ്റുവാങ്ങുന്നത്. മാത്രമല്ല, ബോൾസനാരോയുടെ ലിബറൽ പാർടിക്കാണ് പാർലമെന്റിലെ ഇരുസഭയിലും ഭൂരിപക്ഷം. പ്രവിശ്യാ ഗവർണർമാരിലും പ്രവിശ്യാകൗൺസിലുകളിലും കൂടുതൽ സ്വാധീനം ബോൾസനാരോ പക്ഷത്തിനാണ്. അതുകൊണ്ടുതന്നെ ലുലയ്ക്ക് ഭരണം സുഗമമാകില്ല. •

# സിഐടിയു കൊല്ലം ജില്ലാ സമ്മേളനം

സിഐടിയു കൊല്ലം ജില്ലാസമ്മേളനം 2022 ഒക്ടോബർ 23, 24, 25 തീയതികളിൽ കൊല്ലത്തുവെച്ച് ചേർന്നു. പ്രതിനിധി സമ്മേളനം ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ ജെ.മേഴ്സിക്കുട്ടിയമ്മ, കെ.എൻ. ഗോപിനാഥ്, അഡ്വ.പി.സജി, നെടുവത്തൂർ സുന്ദരേശൻ എന്നിവർ പങ്കെടുത്തു. ഭാരവാഹികളടക്കം 432 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. പ്രസിഡന്റ് ബി.തുളസീധരക്കുറിപ്പ് അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി എസ്.ജയമോഹനൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രതിനിധികളിൽ 102 പേർ സ്ത്രീകളായിരുന്നു. 25ാം തീയതിയിൽ നടന്ന പൊതുസമ്മേളനം ബഹു.വ്യവസായ വകുപ്പു മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, എസ്.സുദേവൻ, എം.നൗഷാദ് എം.എൽ.എ, മേയർ പ്രസന്ന ഏണസ്റ്റ് തുടങ്ങിയവർ പങ്കെടുത്തു.

സമ്മേളനത്തോടനുബന്ധിച്ച് "സിഐടിയു സ്നേഹവീട്" പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് അഞ്ച് വീടുകൾ നിർമ്മിച്ചു നൽകാൻ സമ്മേളനം തീരുമാനിച്ചു. 110 പേരടങ്ങുന്ന ജില്ലാക്കമ്മിറ്റിയും 37 ഭാരവാഹികളെയും സമ്മേളനം തെരഞ്ഞെടുത്തു.



ഭാരവാഹികൾ : ബി.തുളസീധരക്കുറിപ്പ് (പ്രസിഡന്റ്), എസ്.ജയമോഹനൻ (സെക്രട്ടറി), എ.എം. ഇക്ബാൽ (ട്രഷറർ), കെ.രാജഗോപാൽ, ഇ.ഷാനവാസ്ഖാൻ, എ.സഫറുള്ള, വി.രവീന്ദ്രൻ നായർ, പി.ഗോപാലകൃഷ്ണൻ, എം.ശിവശങ്കരപ്പിള്ള, പി.കെ.ബാലചന്ദ്രൻ,എസ്.ബിജു, സി.മുകേഷ്, ബിന്ദു, സുജാത, ഡി. സുരേഷ്കുമാർ, എം.എസ്.മുരളി, എം.വൈ.ആന്റണി, ജി.മുരളീധരൻ, എം.എ.രാജഗോപാൽ, എച്ച്.ബെയ്സിലാൽ (വൈസ് പ്രസിഡന്റുമാർ), അഡ്വ.പി.സജി, മുരളി മടന്തൻകോട്, എക്സ്.ഏണസ്റ്റ്, ടി.മനോഹരൻ, എ.അനിരുദ്ധൻ, പി.ആർ.വസന്തൻ, ടി.ആർ.ശങ്കരപ്പിള്ള, എസ്. എൽ.സജികുമാർ, ബി.സുജീന്ദ്രൻ, കെ.ബാബു പണിക്കർ, ജൂലിയറ്റ് നൽസൺ, ഉഷാകുമാരി, ജി.ആനന്ദൻ, എസ്.ഹരിലാൽ, കെ.ജി.ബിന്ദു, ഷാഹിമോൾ, കെ.സേതുമാധവൻ (ജോയിന്റ് സെക്രട്ടറിമാർ)



ബി. തുളസിധരക്കുറുപ്പ് (പ്രസിഡന്റ്)



എസ്. ജയമോഹനൻ (സെക്രട്ടറി)



എ.എം. ഇക്ബാൽ (ട്രഷറർ)

# സിഐടിയു കോട്ടയം ജില്ലാ സമ്മേളനം



സിഐടിയു കോട്ടയം ജില്ലാ സമ്മേളനം 2022 ഒക്ടോബർ 1, 2 തീയതികളിൽ സ:വി.ആർ.ഭാസ്കരൻ നഗറിൽ(ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗൺ ഹാൾ) ചേർന്നു. സ:കോടിയേരി ബാലകൃഷ്ണൻ അന്തരിച്ചതിനെ തുടർന്ന് അജണ്ടകൾ പൂർത്തീകരിക്കാതെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത് 2ാം തീയതി ഉച്ചക്ക്

മുമ്പായി സമ്മേളനം അവസാനിച്ചു. സമ്മേളന നഗറിൽ ജില്ലാ പ്രസിഡന്റ് അഡ്വ:റെജി സഖറിയ പതാക ഉയർത്തി. സ്വാഗത സംഘം ചെയർമാൻ സ:കെ.സി.ജോസഫ് സ്വാഗതം ആശംസിച്ചു. സ:കെ.ബി.രമ രക്തസാക്ഷി പ്രമേയവും, സ:കെ.കെ.ഗഗണശൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സിഐടിയു ദേശീയ സെക്രട്ടറി സ:കെ.ചന്ദ്രൻപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ സഖാക്കൾ ടി.പി. രാമകൃഷ്ണൻ, കെ.ജെ.തോമസ്, കെ.പി.മേരി, പി.ജെ.അജയകുമാർ, എം.ശശികുമാർ, സുനിതാ കുര്യൻ എന്നിവർ പങ്കെടുത്തു.382 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. അതിൽ 112 പേർ വനിതകളായിരുന്നു. കൂടാതെ 13 സൗഹാർദ്ദ പ്രതിനിധികളും ഉണ്ടായിരുന്നു.

25 ഭാരവാഹികളടക്കം 90 അംഗ ജില്ലാ കമ്മിറ്റിയെയും, 269 അംഗ ജനറൽ കൗൺസിലിനെയും ഏകകണ്ഠമായി തെരഞ്ഞെടുത്തു. സമ്മേളനത്തിന് മുന്നോടിയായി നടന്ന വനിതാ തൊഴിലാളി സംഗമം ബഹു:മന്ത്രി പ്രൊഫ:ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു.

ഖാദി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സ:സോണി കോമത്ത് മുഖ്യ പ്രഭാഷണം നടത്തി. ഒക്ടോബർ 1ന് സ:സുനിൽ.പി.ഇളയിടം 'ഭരണഘടനയും ദേശീയതയും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

യൂണിയനുകൾ ചേർത്ത ദേശാഭിമാനി ദിനപത്രത്തിന്റെ വാർഷിക വരിസംഖ്യയും, ജില്ലയിൽ നിന്നും നല്കേണ്ട ദേശീയ സമ്മേളന ഫണ്ടും സ:ടി.പി.രാമകൃഷ്ണൻ ഏറ്റുവാങ്ങി.

ഭാരവാഹികൾ: അഡ്വ:റെജിസഖറിയ (ജില്ലാ പ്രസിഡന്റ്), അഡ്വ:കെ. അനിൽകുമാർ, സി.ജെ.ജോസഫ്, ലാലിച്ചൻ ജോർജ്, കെ.സി.ജോസഫ്, കെ.കെ.രമേശൻ, കെ.ബി.രമ, ഡി. സേതുലക്ഷ്മി, കെ.രാജേഷ്, കെ.എൻ. വേണുഗോപാൽ, ടി.എസ്.നിസ്സാർ, ഏ.കെ.ആലിച്ചൻ (വൈസ് പ്രസിഡന്റുമാർ), സ:ടി.ആർ.രഘുനാഥൻ (സെക്രട്ടറി), ജോയി ജോർജ്, കെ.കെ. ഹരിക്കുട്ടൻ, ഷാർലി മാത്യു, കെ.ജെ. അനിൽകുമാർ, അഡ്വ:ഷീജാ അനിൽ, ടി.എസ്.രജ്ഞു, സുനിതാ ശ്രീകുമാർ, അഡ്വ:വി.ജയപ്രകാശ്, കെ.ആർ. അജയ്, കെ.ആർ.മജ്ഞുമോൾ, അഡ്വ:ഡി.ബൈജു (ജോയിന്റ് സെക്രട്ടറിമാർ), വി.കെ. സുരേഷ് കുമാർ (ട്രഷറർ)



അഡ്വ. റെജി. സക്കറിയ
(പ്രസിഡന്റ്)



അഡ്വ. കെ. അനിൽകുമാർ
(സെക്രട്ടറി)



വി.കെ.സുരേഷ്കുമാർ
(ട്രഷറർ)

# സിഐടിയു ആലപ്പുഴ ജില്ലാ സമ്മേളനം

സിഐടിയു 16ാം ജില്ലാ സമ്മേളനം ഒക്ടോബർ 1, 2 തീയതികളിൽ നടത്താനാണ് നിശ്ചയിച്ചിരുന്നത്. ഒന്നാം തീയതി സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ സഖാക്കൾ കെ.എൻ. ഗോപിനാഥ്, സി.എസ്.സുജാത, സി.ബി.ചന്ദ്രബാബു, പി.പി.ചിത്തരഞ്ജൻ, സുനിത കുര്യൻ എന്നിവർ പങ്കെടുത്തു. ഒന്നാം ദിവസത്തെ സമ്മേളന നടപടികൾ പൂർത്തിയായശേഷം സ:കോടിയേരി ബാലകൃഷ്ണന്റെ വിയോഗത്തെ തുടർന്ന് രണ്ടാം ദിവസത്തെ സമ്മേളനവും പൊതുസമ്മേളനവും പ്രകടനവും ഒക്ടോബർ 11 നാണ് നടന്നത്. പൊതുസമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ:എളമരം കരീം ഉദ്ഘാടനം ചെയ്തു. ആയിരക്കണക്കിന് തൊഴിലാളികൾ അവരവരുടെ




യൂണിയനുകളുടെ ബാനറുകളുടെ പിന്നിൽ സമ്മേളന സ്ഥലത്തിലേക്ക് റാലിയായി എത്തിച്ചേർന്നു.

409 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. 59 സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. കയർ വ്യവസായത്തെ സംരക്ഷിക്കുക. മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുകയും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുകയും ചെയ്യ കേന്ദ്രനയങ്ങൾ തിരുത്തുക, എൽഐസിയുടെ ഓഹരിവിൽപ്പനയിൽ നിന്നും സർക്കാർ പിന്മാറുക എൽഐസിയെ പൊതുമേഖലയിൽ സംരക്ഷിക്കുക, സഹകരണമേഖലയെ തകർക്കുന്നതിനുള്ള കേന്ദ്രസർക്കാർ നയങ്ങളെ ചെറുക്കുക, പാവപ്പെട്ടവർക്കും കർഷകർക്കും വൈദ്യുതി അപ്രാപ്യമാക്കുന്ന വൈദ്യുത നിയമഭേദഗതി ബിൽ 2022 പിൻവലിക്കുക, ആലപ്പുഴയുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക്

പരിഹാരം കാണുക. കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുക. വിനോദസഞ്ചാര വ്യവസായത്തെ കൂടുതൽ വികസിപ്പിക്കുക എന്നീ പ്രമേയങ്ങൾ സമ്മേളനം ഐക്യക ണ്ഠേന അംഗീകരിച്ചു.

ജില്ലാസമ്മേളനത്തോടനുബന്ധി ച്ച് 7 താലൂക്കുകളിലും സെമിനാറുകൾ സംഘടിപ്പിച്ചു. 30 അംഗഭാരവാഹി കളടക്കം 100 അംഗ കമ്മിറ്റിയേയും തെരഞ്ഞെടുത്തു.

ഭാരവാഹികൾ : എച്ച്.സലാം (പ്ര സിഡന്റ്), പി.ഗാനകുമാർ (ജനറൽ സെക്രട്ടറി), എ.മഹേന്ദ്രൻ (ട്രഷറർ), കെ.പ്രസാദ്, ടി.കെ.ദേവകുമാർ, എം.സുരേന്ദ്രൻ, പി.ഹരിദാസൻനാ യർ, സുരേശ്വരിഘോഷ്, വി.എസ്. മണി, സി.കെ.സുരേന്ദ്രൻ, സി.വി. ജോയി, കെ.എച്ച്.ലേഖ, എം.എം. അനസ് അലി, കെ.ആർ.ഭഗീര ഥൻ, എം.കെ.മനോജ്, വി.ബി. അശോകൻ, പി.എസ്.ഷാജി (വൈസ് പ്രസിഡന്റുമാർ), കെ.കെ. അശോകൻ, ബി.അബിൻഷാ, ജി. രാജമ്മ, എൻ.ആർ.ബാബുരാജ്, ജി.ശ്രീനിവാസൻ, കെ.കെ.ചന്ദ്രൻ, കൃഷ്ണലത, ഗീതാഭായി, എസ്.അനി രുദ്ധൻ, പി.പി.പവനൻ, സി.ഷാംജി, കെ.പി.പ്രദീപ്, പി.റ്റി.പ്രദീപൻ (സെ ക്രട്ടറിമാർ)


എച്ച്. സലാം
(പ്രസിഡന്റ്)


പി. ഗാനകുമാർ
(സെക്രട്ടറി)


എ. മഹേന്ദ്രൻ
(ട്രഷറർ)

# സിഐടിയു എറണാകുളം ജില്ലാ സമ്മേളനം



സിഐടിയു ജില്ലാസമ്മേളനം 2022 ഒക്ടോബർ 19, 20 തീയതിക ളിലായി ഏലൂരിൽ

പി.എം.അലി നഗറിൽ വെച്ച് ചേർന്നു. സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാര വാഹികൾ സഖാക്കൾ കെ.ചന്ദ്രൻ പിള്ള, കെ.പി.സഹദേവൻ, എസ്. ശർമ്മ, കെ.എൻ.ഗോപിനാഥ്, യു.പി.ജോസഫ്, ദീപ.കെ.രാജൻ എന്നിവർ സമ്മേളനത്തിലുടനീളം പങ്കെടുത്തു.

സിഐടിയു സംസ്ഥാന കമ്മി റ്റി തീരുമാനത്തിനു വിധേയമായി ജില്ലയിലെ യൂണിയനുകളിൽ നിന്നും സമ്മേളനത്തിൽ 398 പ്ര തിനിധികൾ പങ്കെടുത്തു. പങ്കെടു ത്തവരിൽ 99 പേർ സ്ത്രീകളും, 312 പേർ തൊഴിലാളികളുമായിരുന്നു. വിവിധ സെക്ടറുകളെ 30 ഗ്രൂപ്പുക ളായി തിരിച്ച് നടന്ന ഗ്രൂപ്പ് ചർച്ചയ്ക്കു ശേഷം 6 മണിക്കൂർ നീണ്ടു നിന്ന പൊതുചർച്ചയിൽ 53 പേർ പങ്കെ ടുത്തു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രമേയമുൾപ്പെടെ 23 പ്രമേയങ്ങൾ സമ്മേളനം പാസാക്കി. 8 സ്ത്രീകൾ ഉൾപ്പെടെ 30 ഭാരവാഹികളെയും, 26 സ്ത്രീകൾ ഉൾപ്പെടെ 100 അംഗ ജില്ലാക്കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ആയിരക്കണക്കി ന് തൊഴിലാളികൾ അണിനിരന്ന പ്രകടനം ഏലൂരിൽ സംഘടിപ്പി ച്ചു. സ:ഇ.ബാലാനന്ദൻ നഗറിൽ ചേർന്ന പൊതുസമ്മേളനം സ:എ ളമരം കരീം എം.പി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ ഭാഗമായി 5 സെമിനാറുകളും കലാമത്സരങ്ങ ളും ജില്ലയിൽ സംഘടിപ്പിച്ചു.

ഭാരവാഹികൾ : ജോൺ ഫെർ ണാണ്ടസ് (പ്രസിഡന്റ്), പി.ആർ.മുര ളീധരൻ (സെക്രട്ടറി), സി.കെ.പരീത് (ട്രഷറർ), സി എൻ മോഹനൻ, സി എം ദിനേശമണി, എ പി ലൗലി, ബി ഹരികുമാർ, സി.ഡി.നന്ദകുമാർ, കെ .എ.അലി അക്ബർ, എം അനിൽ കുമാർ, എം.ബി സ്യമന്തഭദ്രൻ, നിഷ.കെ.ജയൻ, പി.ജെ.വർഗീസ്, പി.എസ്.മോഹനൻ, ടി.ആർ. ബോസ്, ടി.വി.സൂസൺ (വൈസ് പ്രസിഡന്റുമാർ), എ.ജി ഉദയകുമാർ, എ.എക്സ് ആന്റണി ഷീലൻ, കെ എം അഷറഫ്, കെ.എസ്.അരുൺ കുമാർ, കെ.വി.മനോജ്, ലിസി വർഗീസ്, എം.ജി.അജി, എം.പി. ഉദയൻ, മിനി മനോഹരൻ, പി.കെ. അനിൽകുമാർ, പി.എം.മുജീബ് റഹ്മാൻ, സനം.പി.തോപ്പിൽ, സോണി കോമത്ത്, വി.വിനീത (ജോയിന്റ് സെക്രട്ടറിമാർ).


ജോൺ ഫെർണാണ്ടസ്
(പ്രസിഡന്റ്)


പി.ആർ. മുരളീധരൻ
(സെക്രട്ടറി)


സി.കെ. പരീത്
(ട്രഷറർ)

# സിഐടിയു തൃശ്ശൂർ ജില്ലാ സമ്മേളനം

2022 ഒക്ടോബർ 29,30,31 തിയ്യതികളിൽ കൊടുങ്ങല്ലൂരിൽ വെച്ച് നടന്നു. സി.ഐ.ടി.യു സംസ്ഥാന പ്രസിഡണ്ട് ആനത്തലവട്ടം ആനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന നേതാക്കളായ പി.നന്ദകുമാർ എം.എൽ.എ, കെ.എൻ.ഗോപിനാഥ്, എം.കെ.കണ്ണൻ, വി.സി.കാർത്യായനി, സി.ബി.ചന്ദ്രബാബു, കെ.കെ.പ്രസന്നകുമാരി, ധന്യ അബീദ് എന്നിവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. 31 ന് കൊടുങ്ങല്ലൂരിലെ നഗര കേന്ദ്രത്തിൽ ഉജ്ജ്വലമായ പ്രകടനത്തിന് ശേഷം നടന്ന പൊതുസമ്മേളനം സഹകരണ എക്സൈസ് വകുപ്പ് മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്തു.

ചാവക്കാട്, കുന്നംകുളം, ചാലക്കുടി, തൃശ്ശൂർ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി നടന്ന സെമിനാറുകളിൽ ബഹു.ദേവസ്വം വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ്, ഉന്നത വിദ്യഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദു, സ.ചിത്തരഞ്ജൻ, മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ്. എന്നിവർ പങ്കെടുത്തു. തൊഴിലും തൊഴിലാളികളും എന്ന വിഷയത്തെ അധികരിച്ച് ഒരാഴ്ച നീണ്ടുനിന്ന ഓൺലൈൻ പ്രഭാഷണവും സംഘടിപ്പിച്ചിരുന്നു.



ഭാരവാഹികൾ : കെ.കെ.രാമചന്ദ്രൻ എം.എൽ.എ (ജില്ലാ പ്രസിഡന്റ്), യു.പി.ജോസഫ് (ജനറൽ സെക്രട്ടറി), ലത ചന്ദ്രൻ (ട്രഷറർ), കെ.എഫ്.ഡേവീസ്, എ.സിയാവുദ്ദീൻ, കെ.വി.ഹരിദാസ്, കോനിക്കര പ്രഭാകരൻ, ഷീല അലക്സ്, കെ.വി.ഷീബ, ജാൻസി ജേക്കബ്, ഉല്ലാസ് കളക്കാട്ട്, സി.സുമേഷ്, അഡ്വ.കെ.ജി.സന്തോഷ് കുമാർ, ഐ.കെ.വിഷ്ണുദാസ്, പി.എം.സോമൻ, പി.ആർ.പ്രസാദൻ (വൈസ് പ്രസിഡന്റുമാർ), പി.കെ.ഷാജൻ, സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ, കെ.പി.പോൾ, പി.കെ.ശിവരാമൻ, ആർ.വി.ഇക്ബാൽ, പി.കെ.പുഷ്പാകരൻ, എൻ.കെ.അക്ബർ എം.എൽ.എ, മീര നിമേഷ്, ശശികല ശ്രീവത്സൻ, എ.എസ്.സിദ്ധാർത്ഥൻ, സുലജ പത്മനാഭൻ, കെ.ആർ.രവി, ടി.സുധാകരൻ, ഷൈല ജയിംസ് (സെക്രട്ടറിമാർ)



കെ.കെ.രാമചന്ദ്രൻ (പ്രസിഡന്റ്)



യു.പി.ജോസഫ് (സെക്രട്ടറി)



ലതാചന്ദ്രൻ (ട്രഷറർ)

# സിഐടിയു പാലക്കാട് ജില്ലാസമ്മേളനം




2022 ഒക്ടോബർ 22,23,24 തീയതികളിലായി സിഐടിയു 15ാം പാലക്കാട് ജില്ലാ സമ്മേളനം മണ്ണാർക്കാട് വെച്ച് ചേർന്നു.

ഒക്ടോബർ 22ന് രാവിലെ 9.30ന് പ്രസിഡണ്ട് സഖാവ് പി.കെ.ശശി പതാക ഉയർത്തി. സഖാവ് ആനത്തലവട്ടം ആനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. 5 മണിക്കൂർ നീണ്ടുനിന്ന പൊതു ചർച്ചയിൽ 48 പേർ പങ്കെടുത്തു. സഖാക്കൾ എ.കെ.ബാലൻ, കെ.എൻ.ഗോപിനാഥ്, എം.കെ.കണ്ണൻ, യു.പി.ജോസഫ്,

വി.സി.കാർത്ത്യായനി തുടങ്ങിയവർ സമ്മേളനത്തിൽ മുഴുവൻ സമയം പങ്കെടുത്തു. 171 യൂണിയനുകളെ പ്രതിനിധീകരിച്ച് 347 പേർ സമ്മേളനത്തിൽ പങ്കെടുത്തു. പ്രതിനിധികളിൽ 74 പേർ വനിതകളും 280 പേർ തൊഴിലാളികളുമായിരുന്നു. സമ്മേളനം 317 അംഗ ജില്ലാ കൗൺസിലിനേയും 100 അംഗ ജില്ലാ കമ്മിറ്റിയേയും 30 ഭാരവാഹികളേയും തെരഞ്ഞെടുത്തു.

ജില്ലാ സമ്മേളനത്തിന് സമാപനം കുറിച്ച് ഒക്ടോബർ 24ന് വൈകിട്ട് സഖാവ് ശിവദാസമേനോൻ നഗറിൽ നടന്ന റാലി പാലക്കാടിന്റെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന ജനമുന്നേറ്റമായി. മൂന്നു നാൾ നീണ്ട സമ്മേളനത്തിന്റെ ഭാഗമായി അരലക്ഷം പേരുടെ റാലിയാണ് നിശ്ചയിച്ചതെങ്കിലും അതിലും വലിയ ജനസഞ്ചയത്തിന് മണ്ണാർക്കാട് എംഇഎസ് കല്ലടി കോളേജ് മൈതാനം സാക്ഷ്യം വഹിച്ചു.

ആവേശം വാനോളം ഉയർന്ന അന്തരീക്ഷത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ റാലി ഉദ്ഘാടനം ചെയ്യു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റേ കരുത്ത് വിളിച്ചോതുന്ന സമ്മേളനമായിരുന്നെന്ന് സഖാവ് പിണറായി അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് പി കെ ശശി അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് എ കെ ബാലൻ, മുതിർന്ന സിപിഐഎം നേതാവ് പാലോളി മുഹമ്മദ്കുട്ടി, സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറിമാരായ യു പി ജോസഫ്, എം കെ കണ്ണൻ, വി സി കാർത്യായനി എന്നിവർ പങ്കെടുത്തു. സിഐടിയു ജില്ലാ സെക്രട്ടറി എം ഹംസ സ്വാഗതവും ജോയിന്റ് സെക്രട്ടറി പി മനോമോഹനൻ നന്ദിയും പറഞ്ഞു.


പി.കെ. ശശി (പ്രസിഡന്റ്)


എം. ഹംസ (സെക്രട്ടറി)


ടി.കെ. നൗഷാദ് (ട്രഷറർ)

ഭാരവാഹികൾ : പി.കെ.ശശി (പ്രസിഡന്റ്), എം.ഹംസ (സെക്രട്ടറി), ടി.കെ.നൗഷാദ് (ട്രഷറർ), എ. പ്രഭാകരൻ, എം.എസ്.സ്കറിയ, കെ.ബാബു, ടി.എം.ജമീല, വി.എ. മുരുകൻ, കെ.എൻ.നാരായണൻ, ആർ.ജി.പിള്ള, എൽ.ഇന്ദിര, വി. സരള, കെ.പ്രേംകുമാർ, ഇ.എൻ. സുരേഷ് ബാബു, ടി.എം.ശശി, പി .എ.ഗോകുൽദാസ് (വൈസ് പ്രസിഡന്റുമാർ), ടി.കെ.അച്ചുതൻ, എസ്. ബി.രാജു, സി.കെ.ചാമുണ്ണി, എൻ.ഉണ്ണികൃഷ്ണൻ, പി.എൻ.മോഹനൻ, കെ .ഹരിദാസൻ, എം.പത്മിതി ടീച്ചർ, വി.വി.വിജയൻ, പി.മനോമോഹനൻ, കെ.ഭാസ്കരൻ, എസ്.കൃഷ്ണദാസ്, എൻ.പി.വിനയകുമാർ, കെ.സുരേഷ്, സി.അംബിക (ജോയിന്റ് സെക്രട്ടറിമാർ)

# സിഐടിയു മലപ്പുറം ജില്ലാസമ്മേളനം




സിഐടിയു പതിനഞ്ചാമത് മലപ്പുറം ജില്ലാ സമ്മേളനം ഒക്ടോബർ 22 23 തീയതികളിൽ വിപുലമായ പരിപാടികളോടെ അങ്ങാടിപ്പുറത്ത് നടന്നു . സഖാവ് ഷംസു പുന്നക്കൽ നഗറിൽ (സഹാറ കൺവെൻഷൻ സെന്റർ ) നടന്ന പ്രതിനിധി സമ്മേളനം സിഐടിയു ദേശീയ സെക്രട്ടറി കെ കെ ദിവാകരൻ ഉദ്ഘാടനം ചെയ്യു. ജില്ലാ പ്രസിഡണ്ട് വി ശശികുമാർ അധ്യക്ഷനായി. സ്വാഗതസംഘം ചെയർമാൻ പികെ അബ്ദുല്ല നവാസ് സ്വാഗതം പറഞ്ഞു. ജില്ലയിൽ ദീർഘകാലം സിഐടിയു പ്രസ്ഥാനത്തെ നയിച്ച പഴയകാല പോരാളികളായ പത്ത് നേതാക്കളെ സമ്മേളനം അഭിമാന പൂർവം ആദരിച്ചു. സമ്മേളനം തിരഞ്ഞെടുത്ത വിവിധ സബ് കമ്മിറ്റികൾ സമ്മേളന പരിപാടികൾ നിയന്ത്രിച്ചു . ദേശീയ സെക്രട്ടറി പി. നന്ദകുമാർ എംഎൽഎ . സംസ്ഥാന ഭാരവാഹികളായ കെപി സഹദേവൻ, കൂട്ടായി ബഷീർ, പി പി പ്രേമ , ധന്യ ആബിദ് എന്നിവർ സമ്മേളനത്തിൽ ഉടനീളം പങ്കെടുത്തു. ജില്ലാ ജനറൽ സെക്രട്ടറി വി പി സക്കറിയ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ രാമദാസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു .വിവിധ യൂണിയനുകളിൽ നിന്നായി 35 സഖാക്കൾ പൊതു ചർച്ചയിൽ പങ്കെടുത്തു.

രാജ്യത്ത് ഫെഡറലിസം തകർക്കരുത്, ഗവർണറുടെ സ്വേച്ഛാധിപത്യ നടപടികൾ അവസാനിപ്പിക്കുക, സഹകരണ മേഖല സംരക്ഷിക്കുക, ഔഷധ മേഖലയിലെ കേന്ദ്രസർക്കാർ സഹായത്തോടെയുള്ള കൊള്ള അവസാനിപ്പിക്കുക. കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ പോരാടുക തൊഴിലിടങ്ങളിൽ ഹിന്ദി ഭാഷ നിർബന്ധമാക്കാനുള്ള നീക്കത്തിനെതിരെ പ്രതികരിക്കുക. എൽഐസി ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കുക തുടങ്ങിയ വിവിധ പ്രമേയങ്ങൾ

സമ്മേളനം അംഗീകരിച്ചു.

സമ്മേളനം 290 അംഗ കൗൺസിലിനെയും 80 അംഗ ജില്ലാകമ്മിറ്റിയേയും 25 ഭാരവാഹികളെയും തെരഞ്ഞെടുത്തു.

സമ്മേളനത്തിന് സമാപനം കുറിച്ചുകൊണ്ട് ഗംഭീര തൊഴിലാളി പ്രകടനവും പൊതുസമ്മേളനം നടന്നു. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ അർത്ഥാന്തരങ്ങൾ എന്ന വിഷയത്തിൽ 2000 പേർ പങ്കെടുത്തുകൊണ്ട് അങ്ങാടിപ്പുറത്ത് നടന്ന സെമിനാർ സുനിൽ പി ഇളയിടമാണ് ഉദ്ഘാടനം ചെയ്തത്.

ഭാരവാഹികൾ : വി ശശികുമാർ (പ്രസിഡന്റ്), വി.പി.സക്കറിയ (ജനറൽ സെക്രട്ടറി), ഇ.എൻ.ജിതേന്ദ്രൻ(ട്രഷറർ), ജോർജ്.കെ.ആന്റണി, കെ.രാമദാസ്, വി.പി.അനിൽ, വി.പി. സോമസുന്ദരൻ, എ.കെ.വേലായുധൻ, എം.മോഹൻദാസ്, പി.എം. വഹീദ, കെ.പി.വിജയ, എ.ആർ. വേലു, പി.രാധാകൃഷ്ണൻ, വി.പി.മുഹമ്മദ് കുട്ടി (വൈസ് പ്രസിഡണ്ടുമാർ), പി.പത്മജ, അഡ്വ: കെ.ഫിറോസ് ബാബു, ടി.കബീർ, എം.ബാപ്പുട്ടി, എം.എം.മുസ്തഫ, എം.പി.സലിം, ഷൈലജ മണികണ്ഠൻ, പി.ടി. രജിത, അഡ്വ:എം.ബി.ഫൈസൽ, എം.വിശ്വനാഥൻ, അഡ്വ:യു.സൈനുദ്ദീൻ (സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.


വി. ശശികുമാർ (പ്രസിഡന്റ്)


വി.പി. സക്കറിയ (സെക്രട്ടറി)


ഇ.എൻ. ജിതേന്ദ്രൻ (ട്രഷറർ)

# സിഐടിയു കണ്ണൂർ ജില്ലാ സമ്മേളനം




സിഐടിയു കണ്ണൂർ ജില്ലാ സമ്മേളനം ഒക്ടോബർ 15,16 തീയതികളിൽ ശ്രീകണ്ഠപുരം സഖാവ് മണിയമ്പാറ കുഞ്ഞമ്പു നഗറിൽ (കമ്മ്യൂണിറ്റി ഹാൾ) നടന്നു. 294 ജില്ലാ, ഏരിയ യൂണിയൻ പ്രതിനിധികളും, 64 സംസ്ഥാന യൂണിയൻ പ്രതിനിധികളും, 21 ജില്ലാ ഭാരവാഹികളും അടക്കം 379 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.മനോഹരൻ രക്തസാക്ഷി പ്രമേയവും ടി.പി. ശ്രീധരൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി കെ.മനോഹരൻ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിന് ശേഷം നടന്ന പൊതുചർച്ചയിൽ 52 സഖാക്കളാണ് വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്. സംസ്ഥാന കമ്മിറ്റിയെ പ്രതിനിധീകരിച്ച് കെ.പി. സഹദേവൻ, കെ.എൻ.ഗോപിനാഥ്, നെടുവത്തൂർ സുന്ദരേശൻ, പി.പി. പ്രേമ, ടി.കെ.രാജൻ, ഒ.സി.ബിന്ദു എന്നിവർ സമ്മേളനത്തിൽ ഉണ്ടായിരുന്നു.

പ്രസിഡന്റായി സി കൃഷ്ണനെയും ജനറൽ സെക്രട്ടറിയായി കെ.മനോഹരനെയും ട്രഷററായി അരക്കൻ ബാലനെയും സമ്മേളനം തിരഞ്ഞെടുത്തു. 90 അംഗ ജില്ലാ കമ്മിറ്റിയുടെയും 282, അംഗ ജില്ലാ ജനറൽ കൗൺസിലിന്റെയും പാനൽ സമ്മേളനം എതിരില്ലാതെ അംഗീകരിച്ചു.

സമ്മേളനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ശ്രീകണ്ഠപുരം ബസ് സ്റ്റാന്റിൽ നടന്ന പൊതുസമ്മേളനം തൊഴിലാളി ,ബഹുജന പങ്കാളിത്തം കൊണ്ട് അത്യന്തം ആവേശകരമായിരുന്നു. പൊതുസമ്മേളനം സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

ഭാരവാഹികൾ : സി.കൃഷ്ണൻ (പ്രസിഡന്റ്), കെ.മനോഹരൻ (ജനറൽ സെക്രട്ടറി), അരക്കൻ ബാലൻ (ഖജാൻജി), എം.കെ. മോഹനൻ, എൻ.വി.ചന്ദ്രബാബു, വൈ.വൈ.മത്തായി, ടി.കൃഷ്ണൻ, കെ.ജയരാജൻ, ഒ.കാർത്യായനി, എൻ.അനിത, കെ.ബഷീർ, എസ്. ടി.ജെയ്സൺ, ടി.ശശി, കെ.കരുണാകരൻ, വി.കെ.ബാബുരാജ് (വൈസ് പ്രസിഡന്റുമാർ), കെ.അശോകൻ, പി.വി.കുഞ്ഞപ്പൻ, ടി.പി. ശ്രീധരൻ, എം.സുരേന്ദ്രൻ, കെ.പി. രാജൻ, കെ.കെ.നാരായണൻ, രജനി മോഹൻ, മേരി ജോബ്, ഇ.സുർജിത്ത് കുമാർ, എം.സി.ഹരിദാസൻ, കെ.ധനഞ്ജയൻ (സെക്രട്ടറിമാർ)


സി.കൃഷ്ണൻ (പ്രസിഡന്റ്)


കെ. മനോഹരൻ (സെക്രട്ടറി)


അരക്കൻ ബാലൻ (ട്രഷറർ)

# സിഐടിയു കാസർഗോഡ് ജില്ലാസമ്മേളനം



സിഐടിയു 11ാമത് ജില്ലാ സമ്മേളനം 2022 സെപ്തംബർ 16, 17 തീയ്യതികളിൽ ചെറുവത്തൂർ പൂമാല ഓഡിറ്റോറിയത്തിൽ (സ:പി.രാഘവൻ, സ: കെ.ബാലകൃഷ്ണൻ നഗർ) വെച്ച് നടന്നു. സമ്മേളനത്തിൽ തിരഞ്ഞെടുത്ത 316 പ്രതിനിധികളിൽ 313 പേർ പങ്കെടുത്തു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ:എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. സംസ്ഥാന നേതാക്കളായ സഖാക്കൾ പി.പി.ചിത്തരഞ്ജൻ എംഎൽഎ, കെ.എസ്.സുനിൽകുമാർ, വി.ശശികുമാർ, പി.സജി എന്നിവർ പങ്കെടുത്തു.

സമ്മേളനത്തോട് അനുബന്ധിച്ച് സെപ്തംബർ 5 ന് ജില്ലയിൽ തൊഴിൽ കേന്ദ്രങ്ങളിലും പൊതു കേന്ദ്രങ്ങളിലും പതാക ദിനം ആചരിച്ചു, സെപ്തംബർ 12 ന് ചീമേനിയിൽ നവ ഉദാരവൽക്കരണ നയങ്ങളും പ്രത്യാഘാതങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന ഭാരവാഹികളായ സ: കെ.എൻ.ഗോപിനാഥ് ഉദ്ഘാടനവും സ: ടി.കെ.രാജൻ മുഖ്യപ്രഭാഷണവും നടത്തി.

പുതുതായി രൂപീകരിച്ച 19 അംഗ ജില്ലാ ഭാരവാഹികളിൽ 5 പേർ വനിതാ സഖാക്കളാണ്. 65 അംഗ ജില്ലാ കമ്മിറ്റിയിൽ 12 വനിതാ സഖാക്കളും ഉൾപ്പെടും. ജില്ലാ സമ്മേളനത്തിന്റെ സമാപന പൊതുസമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി സ: എളമരം കരീം എം.പി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ സ: ടി.കെ.രാജൻ, പി.സജി എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ : സ:പി.മണിമോഹനൻ (പ്രസിഡന്റ്), സ:സാബു അബ്രഹാം (ജനറൽ സെക്രട്ടറി), സ:യു.തമ്പാൻ നായർ (ട്രഷറർ), ബേബി ഷെട്ടി, കാറ്റാടി കുമാരൻ, കെ.വി.കുഞ്ഞികൃഷ്ണൻ, എൻ.ടി. ലക്ഷ്മി, പി.ശാന്തകുമാരി, ടി.നാരായണൻ, ബി.ബാലകൃഷ്ണൻ, തെരുവത്ത് നാരായണൻ (വൈസ് പ്രസിഡന്റുമാർ), കെ.വി.ജനാർദ്ദനൻ, പി.കമലാക്ഷൻ, കെ.രവീന്ദ്രൻ, വി.വി. രമേശൻ, എം.ലക്ഷ്മി, ഗിരികൃഷ്ണൻ, പി.എ.റഹ്മാൻ, ബി.ശോഭ (സെക്രട്ടറിമാർ) എന്നിവരെയും ജില്ലാ സമ്മേളനം തിരഞ്ഞെടുത്തു



പി. മണിമോഹനൻ (പ്രസിഡന്റ്)



സാബു എബ്രഹാം (സെക്രട്ടറി)



യു. തമ്പാൻ നായർ (ട്രഷറർ)

# സിഐടിയു ഇടുക്കി ജില്ലാ സമ്മേളനം




14ാമത് സിഐടിയു ഇടുക്കി ജില്ലാ സമ്മേളനം 2022 ഒക്ടോബർ 28,29,30 തീയതികളിൽ തൊടുപുഴയിൽ വച്ചു നടന്നു. ഒക്ടോബർ 29 ന് രാവിലെ 9 മണിക്ക് പ്രതിനിധികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ജില്ലാ പ്രസിഡന്റ് പി.എസ്. രാജൻ അദ്ധ്യക്ഷത വഹിച്ചു. പ്രതിനിധി സമ്മേളനം സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. ദേശീയ സെക്രട്ടറി സ:കെ.കെ.ദിവാകരൻ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ സ:കെ.കെ.ജയചന്ദ്രൻ, സെ.കെ.പി.മേരി, സംസ്ഥാന സെക്രട്ടറി, സ:കെ.എസ്. സുനിൽകുമാർ എന്നിവർ സമ്മേളനത്തിൽ ആദ്യവസാനം പങ്കെടുത്തു. ജില്ലാ സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും ട്രഷറർ വരവു ചിലവു കണക്കും അവതരിപ്പിച്ചു.

പ്രവർത്തനറിപ്പോർട്ടിന്മേൽ പ്രതിനിധികൾ 5 മണിക്കൂർ ചർച്ച നടത്തി. 42 സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു. പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ചർച്ചക്ക് ജില്ലാ സെക്രട്ടറിയും, തൊഴിൽ മേഖലയുമായി

ബന്ധപ്പെട്ട് ഉയർത്തിയ പ്രശ്നങ്ങൾക്ക് സ:കെ.കെ.ജയചന്ദ്രനും, രാഷ്ട്രീയ കാര്യങ്ങൾക്ക് സ.ജെ.മേഴ്സിക്കുട്ടിയമ്മയും മറുപടി പറഞ്ഞു. തുടർന്ന് സമ്മേളനം പ്രവർത്തനറിപ്പോർട്ടും കണക്കും ഏകകണ്ഠമായി അംഗീകരിച്ചു. വിവിധ യൂണിയനുകൾ ചേർത്ത 2802 സിഐടിയു സന്ദേശത്തിന്റെ വരിസംഖ്യയും ലിസ്റ്റും സ:കെ.കെ.ദിവാകരൻ ഏറ്റുവാങ്ങി. സ:കെ.കെ.ദിവാകരനും, സ:കെ.എസ്.സുനിൽകുമാറും സമ്മേളനത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു. തുടർന്ന് പുതിയ 80 അംഗ ജില്ലാകമ്മിറ്റിയെയും 25 അംഗ ജില്ലാഭാരവാഹികളെയും 283 അംഗ ജില്ലാ ജനറൽ കൗൺസിലും തെരഞ്ഞെടുത്തു. ജില്ലാ ഭാരവാഹികൾ 6 പേർ വനിതകളാണ്. ജില്ലാ കമ്മിറ്റിയിൽ 16 വനിതകളും, ജില്ലാ ജനറൽ കൗൺസിൽ 50 വനിതകളും ഉണ്ട്.

സംസ്ഥാനസമ്മേളന പ്രതിനിധികളായി 5 വനിതകൾ അടക്കം 21 പേരെ തെരഞ്ഞെടുത്തു. പ്രതിനിധിസമ്മേളനത്തിൽ 62 ഡിസി അംഗങ്ങൾ ഉൾപ്പെടെ 294 പ്രതിനിധികളും 13 നിരീക്ഷകരും ഉൾപ്പെടെ 307 പേർ പങ്കെടുത്തു. 21 പ്രമേയങ്ങൾ പ്രമേയക്കമ്മിറ്റിക്കുവേണ്ടി അവതരിപ്പിച്ചു. വൈകുന്നേരം 4 മണിക്ക് പൊതുപ്രകടനം തൊടുപുഴ പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപത്ത് നിന്ന് ആരംഭിച്ചു.



ആർ.തിലകൻ (പ്രസിഡന്റ്)



കെ.എസ്. മോഹനൻ (സെക്രട്ടറി)



കെ.വി. ശശി (ട്രഷറർ)

സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സ:ജെ.മേഴ്സിക്കുട്ടിയമ്മ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. സ:എം.എം.മണി എം.എൽ.എ പ്രസംഗിച്ചു. സഖാക്കൾ കെ.കെ.ജയചന്ദ്രൻ, കെ.പി.മേരി, കെ.എസ്.സുനിൽകുമാർ, ജില്ലാഭാരവാഹികളും പങ്കെടുത്തു. സമ്മേളനാനന്തരം കലാപരിപാടികൾ ഉണ്ടായിരുന്നു.

ഭാരവാഹികൾ : പുതിയ ജില്ലാ പ്രസിഡന്റായി സ:ആർ.തിലകനെയും ജനറൽ സെക്രട്ടറിയായി സ:കെ.എസ്.മോഹനനെയും, ട്രഷറർ സ:കെ.വി.ശശിയെയും സമ്മേളനം തെരഞ്ഞെടുത്തു. വി.എൻ.മോഹനൻ, ജി.വിജയാനന്ദ്, ടി.ആർ.സോമൻ, കെ.എം.ബാബു, കെ.എൻ.ശിവൻ, ആർ.ജ്യോതികുമാർ, എം.കെ.തുളസി, സിന്ധു വിനോദ്, പി.രാജാറാം, വി.ഒ.ഷാജി, എം.തങ്കദ്വര (വൈസ് പ്രസിഡന്റുമാർ), പി.എസ്.രാജൻ, ടി.എസ്.ബിസി, ജയന്തി ചെല്ലൻ, വി.ജി.അജിത, വി.എ.കുഞ്ഞുമോൻ, നിഷാന്ത്.വി.ചന്ദ്രൻ, ടി.എം.ജോൺ, അനിതാ റജി, എം.ലക്ഷ്മണൻ, സി.ആർ.മുരളി, സന്ധ്യ സുബാഷ് (ജോയിന്റ് സെക്രട്ടറിമാർ)

## നിർമിതി കേന്ദ്ര എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം

നിർമിതികേന്ദ്ര എംപ്ലോയീസ് ഓർഗനൈസേഷൻ (സിഐടിയു) സംസ്ഥാന സമ്മേളനം തൃശ്ശൂർ പിഡബ്ല്യുഡി റസ്റ്റ് ഹൗസ് ഓഡിറ്റോറിയത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാന വൈസ് പ്രസിഡന്റ് ഗീത.ആർ.നായർ അദ്ധ്യക്ഷയായി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എം.കെ.കണ്ണൻ, യു.പി.ജോസഫ്, കേന്ദ്ര വർക്കിംഗ് കമ്മിറ്റിയംഗം പി.കെ.ഷാജൻ, എം.എം.ബാലകൃഷ്ണൻ, എം.ആർ.രാജൻ, ടി.സുധാകരൻ എന്നിവർ സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി.പ്രവീൺ കുമാർ സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു.

ഭാരവാഹികൾ : ജി.സ്റ്റീഫൻ എം.എൽ.എ (പ്രസിഡന്റ്), പി.പ്രവീൺ കുമാർ (ജനറൽ സെക്രട്ടറി), പി.ബെന്നി (ട്രഷറർ), വി.സജിത്, എസ്.ഷാന, എസ്.ഹരികൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ), ടി.ജി.ശ്രീജിത്, എ.ഉസ്മാൻ, വി.കെ.മഞ്ജുഷ (സെക്രട്ടറിമാർ)

## പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം

തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആയിരത്തോളം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കണമെന്ന് പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. അയ്യൻകാളി ഹാളിൽ സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ജെ.മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.എസ്.സുനിൽ കുമാർ അധ്യക്ഷനായി. പ്രവർത്തന റിപ്പോർട്ട് കെ.പി.വിജേഷും കണക്ക് ഹരീഷ് മുകുന്ദും അവതരിപ്പിച്ചു. ജില്ലാസെക്രട്ടറി എസ്.ആർ.വരുൺ, സംസ്ഥാനവൈസ്പ്രസിഡന്റ്, സി.എസ്.ശ്രീകല എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ : കെ.എസ്.സുനിൽകുമാർ (പ്രസിഡന്റ്), കെ.പി.വിജേഷ് (സെക്രട്ടറി), ഹരീഷ് മുകുന്ദ് (ട്രഷറർ), കെ.എസ്.ശ്രീജിത്ത്, അരുൺ വിജയൻ, എം.ഷഫീഖ് റഹ്മാൻ, ഷിത ജയദാസ്, പി.വി.സുനിൽകുമാർ, കെ.പ്രമോദ്, പി.കെ.മുഹമ്മദ്, ചിഞ്ചു ഖേശർ (വൈസ് പ്രസിഡന്റുമാർ), ഉല്ലാസ് ബാബു, സി.എസ്.ശ്രീകല, എസ്.ആർ.വരുൺ, അജിത്ത്, എം.മാർവിൻ, ക്രിസ്റ്റോ ജോർജ്, ഇ.എം.മഹേഷ് (ജോയിന്റ് സെക്രട്ടറിമാർ)

# കേരള കയർ വർക്കേഴ്സ് 14-ാം സംസ്ഥാന സമ്മേളനം

കേരള കയർ വർക്കേഴ്സ് സെന്റർ 14ാം സംസ്ഥാന സമ്മേളനം ഒക്ടോബർ 17, 18, 19 തീയതികളിൽ ചേർത്തല സ: സുശീല ഗോപാലൻ നഗറിൽ വച്ച് നടന്നു. സമ്മേളനം കയർ വർക്കേഴ്സ് സെന്റർ രൂപീകൃതമായി 50 വർഷങ്ങൾ പൂർത്തീകരിച്ചു കൊണ്ടു നടന്നതിനാൽ സുവർണ്ണ ജൂബിലി സമ്മേളനമായി പ്രൗഢഗംഭീരമായി നടത്താനായി.

ഒക്ടോബർ 10 ന് മുഹമ്മയിൽ നടന്ന കയർ വ്യവസായ സെമിനാർ സിഐടിയു ജനറൽ സെക്രട്ടറി എളമരം കരീം എം.പി ഉദ്ഘാടനം ചെയ്തു. 17 ന് ചേർത്തല ദേവീക്ഷേത്ര മൈതാനിയിൽ (സ:കെ.വി.തങ്കപ്പൻ നഗറിൽ) ആയിരക്കണക്കിന് കയർതൊഴിലാളികൾ പങ്കെടുത്ത കയർ തൊഴിലാളികളുടെ റാലിക്കു ശേഷം ചേർന്ന സമ്മേളനം ബഹു: മുഖ്യമന്ത്രി സ:പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വമ്പിച്ച ജനാവലിയാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സ:ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വ്യവസായ കയർ വകുപ്പ് മന്ത്രി സ:പി. രാജീവ്, എ.എം.ആരിഫ് എം.പി., ആർ.നാസർ, പി.പി.ചിത്തരഞ്ജൻ എം.എൽ.എ, എച്ച്.സലാം എം.എൽ.എ, തുടങ്ങിയവർ പങ്കെടുത്തു.

ഒക്ടോബർ 18, 19 തീയതികളിൽ ചേർന്ന പ്രതിനിധി സമ്മേളനം സ: സുശീല ഗോപാലൻ നഗറിൽ നടന്നു. 18 ന് രാവിലെ 10 ന് കയർ സെന്റർ




പ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സ:ടി.പി.രാമകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ.കെ.ഗണേശൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

82332 അംഗങ്ങളെ പ്രതിനിധീകരിച്ച് 324 പേർ പങ്കെടുത്തു. ഇതിൽ 129 സ്ത്രീകളും 152 തൊഴിലാളികളുമായിരുന്നു. പൊതുചർച്ചയിൽ 30 സഖാക്കൾ പങ്കെടുത്തു.

ആദ്യദിവസം പ്രതിനിധികളുടെ ചർച്ചകൾക്കുശേഷം ഡോ.തോമസ് ഐസക് കയർ വ്യവസായം 'ഇന്നലെ ഇന്ന് നാളെ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. തുടർന്ന് സ:ആനത്തലവട്ടം ആനന്ദന്റെ തീക്ഷ്ണമായ സമരജീവിതം വ്യക്തമാക്കുന്ന ഡോക്യുമെന്ററി സമ്മേളനഹാളിൽ പ്രദർശിപ്പിച്ചു.

സമ്മേളനം സംസ്ഥാന ഭാരവാഹികളെയും സംസ്ഥാന കമ്മിറ്റിയെയും ജനറൽ കൗൺസിലും ഏകകണ്ഠമായി തിരഞ്ഞെടുത്തു. കയർ സെന്റർ പ്രസിഡന്റായി സ:ആനത്തലവട്ടം ആനന്ദനേയും എക്സ്.എം.എൽ.എ, ജനറൽ സെക്രട്ടറിയായി സ:കെ.കെ. ഗണേശനെയും, ഖജാൻജിയായി സ:കെ.കരുണാകരനെയും തെരഞ്ഞെടുത്തു.

ആർ.നാസർ, ടി.കെ.ദേവകുമാർ, എസ്.എൽ.സജികുമാർ, ഡി.ചന്ദ്രികാമ്മ, സി.അരുന്ധതി, എം.ശോഭന, കെ.ബി.രമ, എൻ.ആർ. ബാബുരാജ്, എം.എം.ഇബ്രാഹിം, സുരേശ്വരിഘോഷ് (വൈസ് പ്രസിഡന്റുമാർ), വി.എസ്.മണി, അഡ്വ. കെ.പ്രസാദ്, കെ.പി.കുറുപ്പ്, ടി.ആർ. സുഭാഷ്, അഞ്ചുതെങ്ങു സുരേന്ദ്രൻ, കെ.രത്നവല്ലി, ഡി.സുരേഷ്കുമാർ, ബി.അബിൻഷാ, ആർ.സുലേഖ, മങ്ങന്തറദേവൻ (സെക്രട്ടറിമാർ)

# വൈദ്യുതി തൊഴിലാളികളുടെ വൈദ്യുതി മേഖല സംരക്ഷണ ചങ്ങല

വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 പിൻവലിക്കുക, സബ്സിഡി ക്രോസ്സ് സബ്സിഡി സംരക്ഷിക്കുക, വൈദ്യുതി വിതരണ മേഖലയിൽ ഇടപെടാനും നിയമങ്ങൾ നിർമ്മിക്കാനുമുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരം ഇല്ലാതാക്കുന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നാഷണൽ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് കേരള ഘടകം പട്ടം വൈദ്യുതിഭവൻ മുതൽ രാജ്ഭവൻ വരെ വൈദ്യുതി മേഖലാ സംരക്ഷണ ചങ്ങല സൃഷ്ടിച്ചു. രാജ് ഭവന് മുന്നിൽ സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറിയും ഇ.ഇ.എഫ്.ഐ ദേശീയ പ്രസിഡന്റുമായ ശ്രീ.എളമരം കരീം എം.പി ആദ്യ കണ്ണിയായി. പട്ടം വൈദ്യുതിഭവന് മുന്നിൽ കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു) സംസ്ഥാന ട്രഷററും മനുഷ്യചങ്ങലയുടെ സ്വാഗത സംഘം ജനറൽ കൺവീനറുമായ ശ്രീ.സജു എ.എച്ച് അവസാന കണ്ണിയായി . നാല് കിലോമീറ്റർ ദൂരത്തിൽ സംഘടിപ്പിച്ച മനുഷ്യച്ചങ്ങലയിൽ ഏഴായിരത്തി അഞ്ഞൂറിലേറെ പേർ പങ്കെടുത്ത് മനുഷ്യ ചങ്ങല മനുഷ്യ മതിലായി മാറി. തുടർന്ന് രാജ്ഭവന്റെ മുന്നിൽ നടന്ന പൊതുയോഗം സ.എളമരം കരീം എം.പി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സി.പി.ഐ സംസ്ഥാന സെക്രട്ടറിയും കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) സംസ്ഥാന പ്രസിഡന്റുമായ ശ്രീ.കാനം രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഐ.എൻ.ടി.യു സി സംസ്ഥാന പ്രസിഡന്റ് ശ്രീ.ആർ ചന്ദ്രശേഖരൻ മുഖ്യപ്രഭാഷണം നടത്തി.